# മലയാളരാജ്യം
## ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII | As. 2 | No. 310

29th May 1950

സിനിമാപംക്തി

# കാമിനികൗശൽ

കഴിഞ്ഞ അഞ്ചുവർഷംകൊണ്ടു ഹിന്ദീ ചലച്ചിത്രവിഹായസ്സിൽ ഉദിച്ചുയർന്നു പ്രഭാപ്രസരം പൊഴിച്ചുകൊണ്ടിരിക്കുന്ന ഒരു ഉജ്ജ്വലതാരമാണു് കാമിനികൗശൽ. അനവദ്യമായ ആകാരസുഷമ, ശ്രവണമധുരമായ വാചാലത, പ്രശംസനീയമായ അഭിനയപാടവം എന്നിവയാൽ സിനിമാപ്രേമികളെ അതീവ ആകർഷിക്കുന്നതിനു ഈ അഭിനേത്രിക്കു ഇതിനകം സാധിച്ചിട്ടുണ്ടു്. ഹിന്ദീസിനിമാലോകത്തു ഒരു നൂതനവ്യതിയാനം സൃഷ്ടിച്ചിട്ടുള്ള കാമിനികൗശൽ ഇന്ത്യൻ സിനിമാതാരങ്ങളുടെ ഇടയിൽ അസൂയാർഹമായ ഒരു പദവിയിൽ എത്തിച്ചേർന്നിട്ടുണ്ടു്. ഈ യുവനടിയുടെ ഓരോ ചിത്രവും അധികമധികം പൊതുജനസമ്മതി നേടിക്കൊണ്ടിരിക്കുന്നു.

“ഷാഹിദ്” എന്ന ചിത്രം ദർശിച്ചിട്ടുള്ളവർ കാമിനികൗശലിനെ ഒരിക്കലും വിസ്മരിക്കുമെന്നു തോന്നുന്നില്ല. അത്രയ്ക്കു ഹൃദയസ്പൃക്കായവിധത്തിലാണു് അവർ ആ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നതു്.

൧൯൨൭-ൽ ഫെബ്രുവരി ൨൪-ാംനു കാമിനികൗശൽ ലാഹോറിൽ ജാതയായി. ബാല്യത്തിൽതന്നെ കാമിനി സംഗീതം നൃത്തം തുടങ്ങിയ കലകളിൽ അഭിരുചി പ്രദർശിപ്പിച്ചിരുന്നു. ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടു അവർ കലാശാലാഭ്യസനം ആരംഭിച്ചു. രണ്ടുകൊല്ലക്കാലം കാളേജുവിദ്യാഭ്യാസം നിർവ്വഹിച്ചതിനുശേഷം അവർ കലാപരമായ ജീവിതത്തിലേക്കു കാലൂന്നി. കാളേജിലെ അദ്ധ്യയനകാലത്തും കാമിനി നാടകാഭിനയങ്ങളിൽ തന്റെ കലാവാസനയെ പ്രകടിപ്പിച്ചിരുന്നു. റേഡിയോനാടകങ്ങളിലും അവർ കൂടെക്കൂടെ പങ്കെടുക്കാറുണ്ടായിരുന്നു. ആൾഇൻഡ്യാ റേഡിയോയുടെ ലാഹോർകേന്ദ്രത്തിലും കാമിനി കുറച്ചുകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

ചേതൻആനന്ദ് ഡയറക്റ്റുചെയ്ത നീചനഗർ എന്ന ചിത്രത്തിലാണു് കാമിനി ആദ്യമായി അഭിനയിച്ചതു്. നീചനഗറിനു കലാലോകത്തു് അഭൂതപൂർവ്വമായ സ്വീകരണവും ലഭിച്ചു. അഖിലലോകചലച്ചിത്രപ്രദർശനത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ട ചിത്രങ്ങളിൽ ഒന്നു് നീചനഗറായിരുന്നു. നീചനഗറിലെ അഭിനയത്തോടുകൂടി കാമിനിയുടെ പ്രശസ്തിയും വർദ്ധിച്ചു. ഫിലിംസ്ഥാൻകമ്പനിയുടെ “ദോഭായി” എന്ന ചിത്രത്തിലാണു് കാമിനി അടുത്തതായി പ്രത്യക്ഷപ്പെട്ടതു്. അടുത്ത ചിത്രമായ ഷഹീദിലാണു് കാമിനി ഏറ്റവും വികാരോത്തേജകവും ഭാവോജ്ജ്വലവും സ്തോഭകരവുമായി അഭിനയിച്ചതു്. പ്രസ്തുത ചിത്രം ദർശിച്ച മീര എന്ന ചലച്ചിത്രവിമർശക അഭിപ്രായപ്പെട്ടതു് ഭാരതത്തിലെ സിനിമാനടികളിൽ പ്രഥമസ്ഥാനം കാമിനികൗശലിനു നൽകേണ്ടതാണെന്നാണു്. പക്ഷെ അതു ഒരു അഭിപ്രായമായിട്ടുമാത്രം സ്വീകരിച്ചാൽമതിയെന്നു തോന്നുന്നു.

“നമൂനാ” “റാഖി” “ആഗ്” “നന്ദ്രാനാ” “പഗ്ഡി” “ജയിൽയാത്ര” “നാദിയാകേ പാർ” “സിദ്ദി” തുടങ്ങിയ ചിത്രങ്ങളിലെല്ലാം കാമിനികൗശൽ ഏറ്റവും ഭംഗിയായി അഭിനയിച്ചിട്ടുണ്ടു്. “പാരസ്” “ആർസൂ” “ശായർ” “ശബ്നം” എന്നിവയാണു് കാമിനി അഭിനയിച്ചിട്ടുള്ള ഏറ്റവും പുതിയ ചിത്രങ്ങൾ. രണ്ടുമൂന്നു മാസക്കാലമായി കാമിനികൗശൽ സിനിമാഅഭിനയത്തിൽനിന്നു വിരമിച്ചിരിക്കുകയായിരുന്നു. താമസിയാതെ അവർ ബോംബെയിൽ എത്തി ഇന്ത്യൻനാഷനൽപിക്ച്ചേഴ്സിന്റെ “റിവർ” “ശാമിയാനാ” തുടങ്ങിയ ചിത്രങ്ങളിൽ ഉടനെ അഭിനയം ആരംഭിക്കുന്നതാണു്.

കലാപ്രേമികളും അഭ്യസ്തവിദ്യകളുമായ യുവതികൾ ധാരാളമായി സിനിമാ അഭിനയത്തിൽ പ്രവേശിച്ചു് കലാപോഷണത്തിനു ശ്രമിക്കണമെന്നാണു് അവരുടെ അഭിപ്രായം. വിവരമില്ലാത്തവരുടേയും സാന്മാർഗ്ഗികമായി അധഃപതിച്ചവരുടേയും വിഹാരരംഗമല്ല സിനിമാക്ഷേത്രമെന്നും കുലീനകളും സംസ്കാരസമ്പന്നകളുമായ യുവതികളുടെ പ്രവേശനത്തോടുകൂടി സിനിമാഅന്തരീക്ഷത്തിനു പരിശുദ്ധത ലഭിക്കുമെന്നും കാമിനി വിശ്വസിക്കുന്നു. തന്നെ ചലച്ചിത്രത്തിൽ അഭിനയിക്കുന്നതിനു് വിസമ്മതിക്കുകയില്ലെന്നു ഉറപ്പുകൊടുത്തതിനുശേഷമാണു് അവർ മി: സൂദിനെത്തന്നെ വിവാഹംകഴിച്ചതു്. മി: സൂദ് കാമിനിയുടെ സഹോദരിയുടെ ഭർത്താവായിരുന്നു. ഒരു കാർഅപകടത്തിൽ സഹോദരി മൃതിയടയുകയും രണ്ടു പിഞ്ചുപൈതങ്ങളെ വളർത്തേണ്ട ചുമതല അവരിൽ വന്നുചേരുകയുംചെയ്തു. ഈ പരിതഃസ്ഥിതിയിൽ കാമിനി മി: സൂദിനെ വിവാഹം ചെയ്യുന്നതിനു് നിർബന്ധിതയായി ഭവിക്കുകയുംചെയ്തു.

കാമിനികൗശലിന്റെ യഥാർത്ഥനാമധേയം ഉമാ കശ്യപ് എന്നാണെന്നുള്ളതു അധികംആളുകളും അറിഞ്ഞിരിക്കുകയില്ല. സംഗീതം, നൃത്തം എന്നീ കലകളിൽ കാമിനിക്കു വലിയ ഭ്രമമാണു്. ആംഗ്ലേയനൃത്യങ്ങളെക്കാൾ ഭാരതനാട്യമാണു അവർ കൂടുതൽ ഇഷ്ടപ്പെടുന്നതു്. ഏറ്റവും സ്വഭാവമഹിമയുള്ള ഒരു താരമായി അവർ കാണുന്നതു് ദിലീപ്കുമാറിനെയാണു്. അവരുടെ ഏറ്റവും വലിയ സ്നേഹിതനും ദിലീപ്കുമാർതന്നെയാണു്. ആകർഷകമായ കണ്ണുകളും നിഷ്കളങ്കത സ്ഫുരിക്കുന്ന മുഖഭാവത്തോടുംകൂടിയ കാമിനികൗശലിനു് എല്ലാത്തിനെപ്പറ്റിയും ശരിയായ സ്വന്തം ചില അഭിപ്രായങ്ങളുണ്ടു്. അവരുടെ പ്രവൃത്തിയെപ്പറ്റി, ആത്മകഥയെപ്പറ്റി, സ്വകാര്യജീവിതത്തെപ്പറ്റി, ഭക്ഷണം പാകംചെയ്യുന്നതിലും ഉന്നതപ്പണിചെയ്യുന്നതിലും അവർ വളരെയധികം ആനന്ദിക്കുന്നു. വെളുത്ത വസ്ത്രങ്ങളും രത്നാഭരണങ്ങളും ധരിക്കുവാനാണു് അവർക്കിഷ്ടം. ഇപ്പോൾ ഇരുപത്തിമൂന്നുവയസ്സു് പ്രായമുള്ള കോമളാംഗിയും സൗശീലയും സംസ്കാരസമ്പന്നയും അഭിനയകുശലയുമായ കാമിനികൗശലിനു് സിനിമാ അഭിനയത്തിൽ സുന്ദരവും സുശോഭനവുമായ ഒരു ഭാവിയുണ്ടെന്നു ന്യായമായി പ്രതീക്ഷിക്കാം!

—:*:—

## ടെക്ക്നിക്കളർ ചിത്രങ്ങൾ

സിനിമാനിർമ്മാണത്തിൽ ദിനംദിനം പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുകയാണെല്ലോ. സിനിമാഫിലിമിൽ ബഹുവർണ്ണചിത്രങ്ങൾ നടപ്പിൽ വരുത്തിയിട്ടു് വളരെയധികം നാളുകളായിട്ടില്ല. വർണ്ണചിത്രങ്ങൾ നിർമ്മിക്കുന്നതിനു് സാധാരണ ചിത്രങ്ങളെക്കാൾ ചിലവും സമയവും ആവശ്യമുണ്ടു്. സാധാരണ സിനിമാനിർമ്മാണശാലകളിലുള്ള ഉപകരണങ്ങളെക്കൊണ്ടു് ടെക്ക്നിക്കളർചിത്രങ്ങൾ നിർമ്മിക്കുന്നതിനു സാദ്ധ്യമല്ല. ഒരു ടെക്ക്നിക്കളർ ചിത്രം നിർമ്മിക്കണമെങ്കിൽ ഒരു സെറ്റിംഗിൽ ഒരേസമയത്തു് മൂന്നു് ക്യാമറകൾ പ്രവർത്തിക്കേണ്ട ആവശ്യമുണ്ടു്. ഒരു ക്യാമറായിൽ എടുത്തതായ നെഗറ്റീവ് മഞ്ഞനിറത്തിനുവേണ്ടിയുള്ളതും, രണ്ടാമത്തേതു് ചുമപ്പുനിറത്തിനുവേണ്ടിയുള്ളതും മൂന്നാമത്തേതു് നീലനിറത്തിനുവേണ്ടിയുള്ളതുമായിരിക്കും. ഇപ്രകാരമെടുത്ത നെഗറ്റീവ് ഓരോന്നോരോന്നായി പ്രിന്റുചെയ്യുന്നു. ഒരു നിറം മറ്റൊരുനിറത്തോടുകൂടി യോജിക്കുമ്പോൾ മൂന്നാമതൊരുനിറമുണ്ടാകുന്നു. ഇപ്രകാരം ബഹുവിധവർണ്ണങ്ങൾ നിർമ്മിക്കപ്പെടുകയും ചെയ്യുന്നു.

ഡാക്ടർ ഹെർബർട്ട് കാൽമസിന്റെയും അദ്ദേഹത്തിന്റെ പത്നി നഥാലികാൽമസിന്റെയും നിരന്തരപരിശ്രമഫലമായിട്ടാണു് ടെക്കനിക്കളർചിത്രനിർമ്മാണം അതിന്റെ ഇന്നത്തെ നിലയിൽ എത്തിച്ചേർന്നിട്ടുള്ളതു്. ഇഞ്ചിനീയറിംഗ് സംബന്ധിച്ചും കലയുടെ വിശദാംശങ്ങളെക്കുറിച്ചും ആ ദമ്പതികൾക്കു് ആശയൈകരൂപ്യമുണ്ടായിരുന്നു. അവരുടെ അഞ്ചുവർഷത്തെ പ്രവർത്തനഫലമായി ചലച്ചിത്രങ്ങൾ ബഹുവിധവർണ്ണങ്ങളിൽ നിർമ്മിച്ചെടുക്കുവാൻ കഴിയുമെന്നു കണ്ടുപിടിച്ചു. ൧൯൧൭-ൽ കാൽമസ് ഒരു യന്ത്രം നിർമ്മിക്കുകയും അതിനു് ടെക്കനിക്കളർ എന്നു നാമകരണം ചെയ്യുകയുംചെയ്തു. എന്നാൽ പ്രസ്തുത യന്ത്രം പ്രതീക്ഷാനുസരണം വിജയംവരിച്ചില്ല. ഒടുവിൽ മൂന്നുവർഷങ്ങൾകൂടി ഗവേഷണങ്ങളും നിരീക്ഷണങ്ങളും നടത്തി കാൽമസും കോംസ്റ്റോക്കും, വെസ്റ്റ്കോട്ടും കൂടെ ഒരു പുതിയ ക്യാമറായന്ത്രം നിർമ്മിക്കുകയും അതിൽ വിജയംവരിക്കുകയും ചെയ്തു. “ദി ടോൾ ആഫ് ദി സി” എന്നതായിരുന്നു ഈ ക്യാമറാകൊണ്ടു് ആദ്യമായി നിർമ്മിച്ച വർണ്ണചിത്രം. പ്രസ്തുത ചിത്രത്തിന്റെ നിർമ്മാണത്തിനുശേഷം ഡാ: കാൽമസും സഹപ്രവർത്തകരും കൂടി വർണ്ണചിത്രനിർമ്മാണത്തിനു് ഉപര്യുപരി പരീക്ഷണങ്ങൾ നടത്തി ടെക്കനിക്കളർ നിർമ്മാണം പരിപൂർണ്ണ വിജയത്തിൽ എത്തിച്ചേർക്കുകയും ചെയ്തു. ആരംഭഘട്ടത്തിൽ വർണ്ണചിത്രങ്ങളുടെ നിർമ്മാണത്തിനുവേണ്ട കലാപരമായ ഉപദേശങ്ങൾ നൽകിയതു് മിസിസ്സ് കാൽമസായിരുന്നു. ടെക്കനിക്കളർ വിജയംമൂലം സിദ്ധിച്ച യശസ്സിന്റെ ഒരു തുല്യാവകാശിയായി ഡാ: കാൽമസ്, മിസിസ്സ് കാൽമസിനെയും പരിഗണിക്കുകയുണ്ടായി.

വർണ്ണചിത്രനിർമ്മാണത്തെക്കുറിച്ചുള്ള ഗവേഷണങ്ങൾ ഇംഗ്ലണ്ടിൽ മാത്രമല്ല അമേരിക്ക, റഷ്യ തുടങ്ങിയ രാജ്യങ്ങളിലും ധാരാളമായി നടന്നുകൊണ്ടിരിക്കുകയാണു്. ഇംഗ്ലണ്ടിൽ ഇപ്പോഴും ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ആർതർലോക്കൻ ഈയിടെ അഭിപ്രായപ്പെട്ടതു അധികം പണച്ചിലവുകൂടാതെയും വലിയ കഷ്ടതകൾ അനുഭവിക്കാതെയും നിഷ്പ്രയാസം വർണ്ണചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ഗവേഷണം അടുത്തുതന്നെ പൂർത്തിയാകുമെന്നാണു്. ബെൽജിയത്തിലെ കേവർട്ട് ചിത്രനിർമ്മാതാക്കളും വളരെ എളുപ്പത്തിലും ധാരാളം ധനവ്യയം കൂടാതെയും വർണ്ണചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചു് ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്. പക്ഷെ അവരും വർണ്ണചിത്രങ്ങൾ നിർമ്മിക്കുന്ന രഹസ്യം അധികമായി വെളിക്കുവിടുന്നില്ല. ഈ രഹസ്യം പെട്ടന്നു പ്രസിദ്ധമാക്കിയാൽ തങ്ങൾക്കു ലഭിക്കാവുന്ന വലിയ ലാഭം നഷ്ടമായിപ്പോകുമെന്നാണു് അവരുടെ ഭീതി. ഈ കാരണംകൊണ്ടാണു് ഇന്ത്യയിൽ ഇതുവരെ വർണ്ണചിത്രങ്ങൾ നിർമ്മിക്കുവാൻ സാദ്ധ്യമാകാതിരുന്നതു്.

ഇന്ത്യയിലെ ചിത്രനിർമ്മാണകരും വർണ്ണചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടു. രണ്ടുമൂന്നു പ്രമുഖചലച്ചിത്രനിർമ്മാതാക്കൾ ഈയിടെ അമേരിക്ക, ഇംഗ്ലണ്ടു മുതലായ സ്ഥലങ്ങൾ സന്ദർശിക്കുകയും ഇതിലേക്കു് ആവശ്യമുള്ളയന്ത്രസാമഗ്രികൾ വിലയ്ക്കുവാങ്ങിക്കൊണ്ടുവരികയും ചെയ്തിട്ടുണ്ടു്. കളർചിത്രനിർമ്മാണത്തിനു് ആവശ്യമായ “ഗേവർട്ട് പ്രോസസ്സും” “ഡൂഫേ പ്രോസസും” ലഭിക്കുന്നതിനു് ഇന്ത്യയ്ക്കുണ്ടായിരുന്ന വിഷമതകളും ഇപ്പോൾ നീങ്ങിക്കിട്ടിയിട്ടുണ്ടു്. പ്രസ്തുത രണ്ടു സാധനങ്ങളുടേയും സോൾ ഏജൻസി രണ്ടു പ്രസിദ്ധ ഇന്ത്യൻ വ്യവസായികൾക്കു ലഭിച്ചിരിക്കുന്നു. ഡൂഫേപ്രോസസ് ഉപകരണങ്ങൾ ഗോവിന്ദറാം ബ്രദേഴ്സ് എന്ന കമ്പനിക്കും (ബോംബെ) ഗേവർട്ട് പ്രോസസ് ഉപകരണങ്ങൾ പട്ടേലിൻഡ്യായ്ക്കും ആണു് ലഭിച്ചിരിക്കുന്നതു് ഇതിൽ ഗേവർട്ട് കളർ ഫിലിം ലാബർട്ടറി ബോംബെയിൽ ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാണു്. ഏതായാലും ഇന്ത്യയിലും ടെക്കനിക്കളർ ചിത്രങ്ങൾ സമീപഭാവിയിൽ തന്നെ സുലഭമായി നിർമ്മിക്കപ്പെടുമെന്നതിനു് സന്ദേഹമില്ല.

—o—

## ഫിലിംവാർത്തകൾ

—o—

“ശശിധരൻ” എന്ന മലയാളചലച്ചിത്രത്തിന്റെ നിർമ്മാതാക്കളായ കൈലാസ്പിക്ചേഴ്സ്കാർ “ചേച്ചി” എന്നൊരു മലയാള സാമൂഹ്യചിത്രംകൂടി നിർമ്മിക്കുവാൻ ഇടയുണ്ടെന്നു കേൾക്കുന്നു.

* * *

പ്രസിദ്ധ പുരോഗമനസാഹിത്യകാരനായ ശ്രീ. ബഷീറിന്റെ “ബാല്യകാലസഖി” എന്ന മലയാളം നോവൽ ചലച്ചിത്രമാക്കുവാനുള്ള സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നു. ശ്രീ. ഹരീന്ദ്രനാഥ ചതോപാദ്ധ്യായയായിരിക്കും ചിത്രം ഡയറക്ട്ചെയ്യുന്നതു്. പ്രസിദ്ധ ഗായകകവിയായ ശ്രീ: പി. ഭാസ്കരനാണു ഗാനങ്ങൾ രചിക്കുന്നതു്. മദ്രാസിലെ വാഹിനി സ്റ്റുഡിയോവിലോ ജമിനി സ്റ്റുഡിയോവിലോ ഈ ചിത്രം നിർമ്മിക്കുന്നതായിരിക്കും.

* * *

തെൻഇന്ത്യയിലെ പ്രസിദ്ധ ചിത്രനിർമ്മാതാക്കളായ ജൂപ്പിറ്റർ പിക്ചേഴ്സ്കാർ മദ്രാസിലുള്ള പ്രഗതി സ്റ്റുഡിയോ ലേലത്തിൽ വാങ്ങുകയും അവരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരിക്കുന്നു. “മനോഹരാ” എന്ന ജൂപ്പിറ്റർ ചിത്രം ഈ സ്റ്റുഡിയോവിലാണു നിർമ്മാണം ആരംഭിച്ചിരിക്കുന്നതു്.

* * *

ജമിനി സ്റ്റുഡിയോക്കാർ നിർമ്മിച്ചിട്ടുള്ള “ചന്ദ്രലേഖ” എന്ന തമിഴ്ചിത്രം ഇറേനിയൻ ഭാഷയിൽക്കൂടി തയ്യാർചെയ്യുവാൻ ഡയറക്ടർ മി: വാസൻ തീരുമാനിച്ചിരിക്കുന്നു.

* * *

അടുത്തകാലത്തു ന്യൂഡെൽഹിയിൽവെച്ചു നടന്ന നെഹ്റു ലിയാക്കത്ത് സന്ദർശനം ഇന്ത്യാഗവമ്മെന്റിന്റെ ഫിലിംവകുപ്പുകാർ ഫിലിംചെയ്തു പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നു.

* * *

ഇന്ത്യാഗവമ്മെന്റിന്റെ ഫിലിം ഡിവിഷനിൽനിന്നും ൨൬-പ്രാമാണിക ചിത്രങ്ങളും ൩൪ ന്യൂസ്റീലുകളും നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ടു്. ൧൯൪൭-൧൯൪൮ എന്നീ വർഷങ്ങളിൽ പ്രസ്തുത ചിത്രങ്ങൾ മുഖേന ൧൭ ലക്ഷം രൂപാ ഗവമ്മെന്റിനു ആദായം ലഭിക്കുമെന്നു കണക്കാക്കിയിരിക്കുന്നു.

* * *

ലളിതാപത്മിനി സഹോദരിമാരെ അഭിനയരംഗങ്ങളിലേക്കു സ്വീകരിക്കാമോ എന്ന പ്രശ്നം പല മുതലാളിമാരുടെ മുൻപിലും ഉദിച്ചുയരുന്നുണ്ടു്. പക്ഷിരാജാ ഫിലിംസ് അവരുടെ “ഏഴൈപെടും പാട്” എന്ന ചിത്രത്തിലും മി: എൻ. എസ്. കെ. തന്റെ പുതിയ ചിത്രത്തിലും പത്മിനിയെ തിരഞ്ഞെടുത്തിട്ടുണ്ടു്.

* * *

പ്രൊഫസർ ചുനിലാലിന്റെ പുത്രനായ പ്രകാശ് എന്ന പ്രസിദ്ധക്യാമറാ വിദഗ്ദ്ധൻ ടെക്കനിക്കളർചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം സമ്പാദിക്കുന്നതിനായി ലണ്ടനിലേക്കു പുറപ്പെട്ടിരിക്കുന്നു.

* * *

ഹൈഡ്രജൻബോംബിന്റെ സ്വഭാവവിശേഷങ്ങളെ പ്രദർശിപ്പിക്കുന്ന ഒരു ചിത്രം ഹോളിവുഡ്ഡിൽ അടുത്തുതന്നെ നിർമ്മിക്കുന്നതാണു്.

* * *

പ്രസിദ്ധമായ നഡ്കർണ്ണി കൊലക്കേസ്സിലെ പ്രതിയായ കിഷോറി എന്ന സിനിമാനടിക്കു് ഏഴുവർഷത്തെ കഠിനതടവുശിക്ഷ വിധിച്ചിരുന്നതിന്മേൽ അപ്പീൽഹർജി ബോധിപ്പിച്ചുവെങ്കിലും കോടതി അതു് തള്ളിക്കളഞ്ഞിരിക്കുന്നു.

* * *

ഗീതാബാലി എന്ന സിനിമാനടിയുടെപേരിൽ അവരുടെ ഡ്രൈവർ ഒരു കേസ്സ് ഫയൽചെയ്തിരിക്കുന്നു. കാരണംകൂടാതെ ഡ്രൈവറെ ജോലിയിൽനിന്നും പിരിച്ചുവിട്ടതിനെത്തുടർന്നാണു കേസ്സ് ഉത്ഭവിച്ചിരിക്കുന്നതു്.

* * *

പ്രസിദ്ധതെലുങ്കുനടനായ നാഗേന്ദ്രറാവു നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന “നം തായ്” എന്ന ചിത്രം ജമിനി സ്റ്റുഡിയോവിലായിരിക്കും തയ്യാർചെയ്യുന്നതു് ചിത്രത്തിൽ നായികയുടെ ഭാഗം അഭിനയിക്കുന്നതിനു് സൂര്യപ്രഭയെ തിരഞ്ഞെടുത്തിരിക്കുന്നു.

* * *

സി. എസ്സ്; ആർ. കെ. ശിവറാവു എന്നിവരഭിനയിക്കുന്ന “അഗ്നിപരീക്ഷ” എന്ന തെലുങ്കുചിത്രത്തിന്റെ മുഹൂർത്തം ന്യൂട്ടോൺ സ്റ്റുഡിയോവിൽ ബഹു മന്ത്രി ശ്രീ: ഗോപാലറെഡ്ഡി ഉൽഘാടനംചെയ്തിരിക്കുന്നു.

* * *

കർദാർ പ്രൊഡക്ഷൻസിന്റെ “ജാദൂ” എന്ന ഹിന്ദിച്ചിത്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു, കർദാറും നൌഷദുമാണു ഡയറക്ടർമാർ. സുരേഷ്, നളിനിജയവന്ത് മുതലായവർ ചിത്രത്തിൽ അഭിനയിക്കുന്നു.

* * *

ശോഭനാചലാപിക്ചേഴ്സ് തയാർചെയ്യുന്നതും സുബ്ബറാവു ഡയറക്ടുചെയ്യുന്നതുമായ “ഗ്രാമീണവനിത” എന്ന തെലുങ്കുചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. അഞ്ജലീദേവി, നാഗേശ്വരറാവു, രാമറാവു, ഹേമലത എന്നിവരാണു ചിത്രത്തിൽ അഭിനയിക്കുന്നതു്.

* * *

൧൯൪൯-ൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഇംഗ്ലീഷ് ചിത്രങ്ങളിൽ ഏറ്റവും ഉന്നതമായിട്ടുള്ളതു് കൊളംബിയാഫിലിംസിന്റെ “ആൾദി കിങ്ങ്സ് മെൻ” എന്ന ചിത്രമാണെന്നു് മോഷൻപിക്ചർ അക്കേഡമിക്കാർ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുതചിത്രത്തിൽ അഭിനയിച്ചിട്ടുള്ള നടീനടന്മാർക്കു വിലയേറിയ സമ്മാനങ്ങൾനൽകുന്നതിനും തീരുമാനിച്ചിരിക്കുന്നു.

* * *

“കോഴ്സിക്കൻബ്രദേഴ്സ്” എന്ന പ്രസിദ്ധ ഇംഗ്ലീഷ് കഥ ഹിന്ദിയിൽ ചിത്രണംചെയ്യുവാൻ കർദാർപ്രൊഡക്ഷൻസും, സതേൺ സ്റ്റുഡിയോ പ്രവർത്തകരും ആലോചിക്കുന്നുണ്ടു്.

—:o:—

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | സിനിമാപംക്തി | 2 |
| 2. | ചിത്രങ്ങൾ | 3 |
| 3. | ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി കെ. രാമവാര്യർ | 4 |
| 4. | ബാലപംക്തി | 4 |
| 5. | പ്രൊഫസർ ബാറാന്നിക്കോവിന്റെ റഷ്യൻരാമായണം — കെ. കെ. തങ്കപ്പൻനായർ, പരിമല | 5 |
| 6. | ഗേഥേയുടെ സന്ദേശം — നീലമ്പേരൂർ രാമകൃഷ്ണൻനായർ | 6 |
| 7 | ഈശ്വരഭക്തി — ആഗമാനന്ദസ്വാമികൾ | 7 |
| 8. | ചിത്രങ്ങൾ | 8, 9 |
| 9. | ഭക്ഷണത്തിൽ പഴങ്ങളുടെ സ്ഥാനം — പി. സി. എം. രാജം ബി. എ. എൽ.ടി. | 10 |
| 10. | സംഭാവനയ്ക്കുവേണ്ടി — എം. എൻ. ഗോവിന്ദൻനായർ | 11 |
| 11. | ശാസ്ത്രപംക്തി—വൈദ്യുതി — വി. വി. രവീന്ദ്രൻ ഡി. എസ്‌സി | 11 |
| 12. | കർഷകപംക്തി — (നിലങ്ങളിൽ ഓരുമാററുവാൻ) | 12 |
| 13. | കാർട്ടൂൺ | 13 |
| 14. | വിനോദപംക്തി | 13 |
| 15. | പ്രതിഫലം (കവിത) — തകഴി ഈ. ആർ. പിള്ള | 14 |
| 16. | അഴിമുഖത്തു് (കവിത) — വെള്ളൂർ പി.കെ. നാരായണൻനമ്പ്യാർ | ,, |
| 17. | സംസ്കാരത്തെപ്പററി — എം. ആർ. ത്രിവിക്രമൻനായർ | ,, |
| 18. | നവലോകം (കവിത) — കെ. പി, ബി. പാട്ട്യം | ,, |
| 19. | ഗ്രന്ഥവിചാരം | 15 |
| 20. | പോസ്റ്റാഫീസിൽ (ചെറുകഥ) — ആന്റൺചെക്കോവ് | ,, |
| 21. | പല്ലവരാജവംശവും ദക്ഷിണേന്ത്യൻ ശില്പകലയും — മിസ്സിസ് ചെല്ലം പി. നായർ | 16 |


മുഖചിത്രം—കുട്ടികൾക്കു പ്രത്യേകം ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്നതിൽ സോവിയറ്റ് റഷ്യയിൽ വളരെ ശ്രദ്ധിക്കുന്നുണ്ടു്. രണ്ടു കുട്ടികൾ ഉറസ്സായ ഒരു സ്ഥലത്തിരുന്നു് പാൽകട്ടി, പഴങ്ങളുടെ ചാറ് തുടങ്ങിയ വിശേഷപ്പെട്ട ആഹാരങ്ങൾ കഴിക്കുന്നു

USSR in Construction.

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ ഇടവം ൧൬-ാംനു- തിങ്കളാഴ്ച 29th May 1950. | ലക്കം ൩൧




മണ്ഡലം സെക്രട്ടറിയായിരുന്ന ശ്രീ. എസ്. നാരായണപിള്ള



മണ്ഡലം പ്രവർത്തകസമിതി അംഗവും ഭക്ഷരവം ആയ ശ്രീ. എം. കെ. രാഘവൻപിള്ള



മണ്ഡലം പ്രവർത്തകസമിതി അംഗമായ ശ്രീ. കളത്തിൽ വേലായുധൻനായർ



മണ്ഡലം പ്രവർത്തകസമിതി അംഗമായ ശ്രീ. തഴവാ കേശവൻ



മണ്ഡലത്തിന്റെ ഒരു സജീവ പ്രവർത്തകയായ മിസ്സിസ് കൃഷ്ണമാനന്ദജി



ഹിന്ദുമഹാമണ്ഡലസമ്മേളനം സംബന്ധിച്ചുണ്ടായിരുന്ന വാളണ്ടിയേഴ്സ് മെസ്സ്കമ്മിററി. കമ്മിററിയിൽ ശ്രീ. കോട്ടൂർ രാമൻപിള്ള തുടങ്ങിയവരെ കാണാം. താഴെ—മണ്ഡലം സ്റ്റാഫും വാളണ്ടിയറന്മാരും.



# ഈ ആഴ്ചയിലെ നക്ഷത്രഫലം

15-10-125-മുതൽ 21-10-125
29-5-1950 ,, 4-6-1950

തകഴി, കെ. രാമവാര്യർ

അശ്വതി—പരുഷമായ പെരുമാററവും പ്രവൃത്തിയുംമൂലം പലരും വെറുക്കും, ശരീരത്തിന് ക്ലേശാധിക്യമുണ്ടാകുന്ന യാത്രകൾ നടത്തും, അനാസ്ഥകളിൽ ചാടും, പ്രയത്നത്തിനു തക്ക പ്രതിഫലം ലഭിക്കയില്ല, ധനപരമായ അവശതകൾമൂലം വിഷമിക്കും, ഗൃഹസുഖത്തിനു കുറവു തട്ടും.

ഭരണി—അനർഹമായ ആശയഗതികളാൽ ചിന്താഗ്രസ്തനായിത്തീരും, പരിചിതരാലും ആശ്രിതരാലും നഷ്ടത്തിനും ക്ലേശത്തിനുമിടയാകും, വ്യയാധിക്യവും വ്യാകുലതയും വീട്ടിൽ വന്നുകൊണ്ടിരിക്കും.

കാർത്തിക—സുഖത്തിനും വിനോദത്തിനുമായി പണം ചെലവഴിക്കും, സ്ത്രീകളുടെ സ്നേഹസമ്പൂർണ്ണമായ സൂക്ഷ്മത വിഷമതകളെ തെല്ലൊന്നു പരിഹരിച്ചുകൊണ്ടിരിക്കും, പ്രവർത്തനങ്ങൾ പ്രയോജനകരവും ലാഭപ്രദവുമായിരിക്കും.

രോഹിണി—പ്രതീക്ഷപോലെ പ്രവർത്തനങ്ങൾ പുരോഗമിക്കയില്ല, അനർത്ഥങ്ങളും അസുഖവും ജനിക്കും, അകാരണമായി ശത്രുക്കൾ വളരും, വ്യാപാരങ്ങൾ മന്ദഗതിയെ പ്രാപിക്കും.

മകയിരം—ഭാവികാര്യപ്രവർത്തനങ്ങളിൽ ബന്ധുസഹായസഹകരണം ലഭിക്കും, വിജയവും ഉന്മേഷവും നിമിത്തം കർമ്മോന്മുഖനാകും, എല്ലാ കാര്യങ്ങളും ഒരുവിധം ഭംഗിയിൽ നിർവ്വഹിക്കും.

തിരുവാതിര—സ്വജനങ്ങളുമായുള്ള അഭിപ്രായഭിന്നതകളും അധികൃതവിദ്വേഷവും നിമിത്തം മനഃസ്സുഖം കുറയും, തൊഴിൽ കുഴപ്പവും പണച്ചുമതലയും വർദ്ധിക്കും, കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ വെമ്പൽപൂണ്ടെങ്കിലും ഈശ്വരാനുഗ്രഹം കാണും.

പുണർതം—സ്വജനവിരോധവും നിന്ദയും മനഃക്ലേശവും വ്യവഹാരാദികളാൽ താൽപര്യവും ഉണ്ടായിരിക്കും, പണക്കുഴപ്പത്താൽ കാര്യവിഘ്നമുണ്ടാകും, എന്നാൽ ചിരപ്രതീക്ഷിതമായിരുന്ന ചില കാര്യങ്ങൾ നിർവ്വഹിക്കും, വാതം കോപിക്കും.

പൂയം—വ്യവസായങ്ങൾ പുഷ്ടിപ്പെടുത്തുന്നതിൽ സദാ ജാഗരൂകനായിരിക്കും, അതിലേക്ക പല സാഹസപ്രവൃത്തികളും ചെയ്യും, പണം തകിടംമറിച്ചുകൊണ്ടിരിക്കും, പുതിയ സുഹൃത്തുക്കൾ ഉണ്ടാകും, അവിചാരിതവേർപാടുകൾ ഉണ്ടാകും.

ആയില്യം—സ്വപ്രയത്നം തൃപ്തികരമായ അനുഭവവും പ്രയോജനവും ഉണ്ടാക്കും, സഹായികൾ ആയിരുന്നവരുടെ എതിർപ്പുകൾ കാണും, സഹപ്രവർത്തകരിൽനിന്നും ചതിവോ അപമാനമോ സംഭവിക്കും.

മകം—വർദ്ധിച്ച പ്രതീക്ഷകൾക്കിടവരും, പത്രപാരായണത്തിലും, ലേഖനത്തിലും മററും അതിരററ ഉത്സുകനായിരിക്കും. കൂട്ടുകാരുമായി ഉന്മേഷവാനായി സമയം കഴിച്ചുകൂട്ടും, ഭാര്യാക്ലേശം ഉണ്ടാകും, സ്ഥാനചലനമോ, പരിവർത്തനമോ സംഭവിക്കും.

പൂരം—ദേഹസുഖം അശേഷം ഉണ്ടായിരിക്കുകയില്ല, ഗൃഹകലഹം വർദ്ധിച്ചിരിക്കും, അനവധി അപവാദങ്ങൾ അലട്ടും, സ്നേഹിതന്മാരുടെ വിരോധത്തിനിടയുണ്ട്. തൊഴിൽ നടന്നുകൊണ്ടു പോകും.

ഉത്രം—സ്വയം ഉന്നമനത്തിനുവേണ്ടി വളരെ പരിശ്രമിക്കും. വ്യാപാരാദികളിൽ പങ്കുകാരുള്ളും അവർക്കുവേണ്ടി പ്രവർത്തിക്കുകയും വിജയം കൈവരിക്കുകയുംചെയ്യും. അന്യകാര്യങ്ങളിൽ തലയിടാതെയിരിക്കുകയാണുത്തമം.

അത്തം—ഗാർഹികമായ വിഷമതകൾ അലട്ടിക്കൊണ്ടിരിക്കും. അപ്രതീക്ഷിതങ്ങളായി അനിഷ്ടസംഭവങ്ങൾ ഉണ്ടായേക്കാൻ ഇടയുണ്ട്. കൂട്ടുകെട്ടു ചീത്തയായിത്തീരാതിരിക്കാൻ ശ്രദ്ധിക്കണം, അലസതകൊണ്ടു വിജയം സംഭവിക്കുകയില്ല, അജീർണ്ണത പിടിപെടും.

ചിത്തിര—ഭാരമുള്ള ചുമതലകൾ ഏറെറടുക്കുവാൻ ഉത്സുകനായിരിക്കും. സഹപ്രവർത്തകരുടെ അഭിപ്രായാനുസരണം എന്തും പ്രവർത്തിക്കുവാൻ മടിക്കുകയില്ല. വാഹനങ്ങളിൽനിന്നും ക്ഷതത്തിനോ, രക്തസമ്മർദ്ദത്തിനോ ഇടയുണ്ട്. ഭാര്യാസുഖം കുറഞ്ഞിരിക്കും.

ചോതി—സന്താനങ്ങളിൽനിന്നും ദുഃഖമുണ്ടാകും. ശത്രുക്കളുടെ പ്രാബല്യം വർദ്ധിക്കും. അനാവശ്യമായ ചെലവുകൾ വർദ്ധിച്ചിരിക്കും. പൊതുവേ അതൃപ്തികരവും, അനിഷ്ടകരവുമാണ്.

വിശാഖം—നീർവീഴ്ചയോ പനിയോ ഉണ്ടാകാതെയിരിക്കുകയില്ല. സാമുദായികമായ പ്രവർത്തനങ്ങളിൽ ഇടപെടും. എങ്കിലും നിരാശപ്പെട്ടിടവരും. കൃഷികാര്യങ്ങളിൽ സദാ മനസ്സു ചഞ്ചലമായിരിക്കും. ശാരീരികമായ അസുഖംകൊണ്ടു വലിയ വിഷമങ്ങൾ ഉണ്ടാകയില്ല.

അനിഴം—കളത്രപീഡയോ വിരഹമോ ഉണ്ടാകും. ഇടപെടുന്ന കാര്യത്തിൽ അസമാധാനം വളരുകയും, ക്ലേശിക്കേണ്ടിവരികയുംചെയ്യും. ലാഭേച്ഛ നിഷ്ഫലമാകും. ആശ്രിതന്മാരുമായി ഭിന്നാഭിപ്രായങ്ങൾ നിലനില്ക്കും. കലഹം ഉയരും.

തൃക്കേട്ട—ദന്തരോഗം, ഉദരപീഡ എന്നിവയുണ്ടാകും. വ്യാവസായികകാര്യങ്ങൾ ഒരുവിധം പുരോഗമിക്കും. സന്താനക്ലേശം അകാരണമായി കലഹങ്ങൾ ഉണ്ടാക്കും. അമിതമായി പണം വ്യയംചെയ്യും. ദുഷിച്ച കൂട്ടുകെട്ടിൽപെടും. അപവാദം അധികരിക്കുകയാൽ വലിയ വൈഷമ്യങ്ങൾ ഉണ്ടാകും.

മൂലം—അഗതികളുടെ അഭ്യുദയത്തിനായി പ്രവർത്തിക്കും. ആശ്രിതന്മാരിൽനിന്നു വലിയ ഫലം ലഭിക്കും. പരിവർത്തനപരമായ പ്രവൃത്തികളിൽ വ്യാപൃതനായിരിക്കും. ദുഃസ്വപ്നഭയമോ വിഷഭയമോ ഉണ്ടാകും. പശ്ചാത്താപവും നിരാശയും ജനിക്കും.

പൂരാടം—പ്രബലവ്യക്തികളുടെ വിദ്വേഷത്തിടവരും. വ്യാപാരക്കുഴപ്പവും അനന്തരക്കളാൽ അനിഷ്ടഫലങ്ങളും സംഭവിക്കും. ചതിവുകളിൽ ചാടാതെ സൂക്ഷിക്കണം. ഉഷ്ണാധിക്യത്താൽ ശരീരസുഖം കുറയും.

ഉത്രാടം—കാര്യങ്ങളുടെ കുഴപ്പങ്ങൾനിമിത്തം ചുമതലയ്ക്കും സ്ഥാനത്തിനും ന്യൂനതവരാതിരിപ്പാനുള്ള മാർഗ്ഗങ്ങളിൽ മനസ്സു പുകഞ്ഞുകൊണ്ടിരിക്കും. സുഹൃത്തുക്കളിൽനിന്നും സമാധാനം ലഭിക്കും. സ്വന്തം ആവശ്യങ്ങൾക്കു വിളംബരം. സങ്കടകരമായ ചില വർത്തമാനങ്ങൾ കേൾക്കും.

തിരുവോണം—ലാഭകരമായ തൊഴിലുകളിൽ ഇടപെടും. അസംസ്കൃതസാധനങ്ങളുടെ ക്രയവിക്രയങ്ങൾ തല്ക്കാലമുണ്ടായ വിടവുകളടയ്ക്കും. മംഗളകരവും ഉപകാരപ്രദവുമായ സംഗതികൾ നടത്തും. ചെറിയയാത്രകൾ ചിലതെല്ലാം വേണ്ടതായിവരും. സന്താനങ്ങളുടെ പുരോഗതിയെപ്പററി ചിന്തിച്ചുകൊണ്ടിരിക്കും.

അവിട്ടം—അസമയസഞ്ചാരം, അകാലഭക്ഷണം, അധികരിച്ച ചെലവ്, അപഥ്യാചരണം, ധിക്കാരപൂർവ്വമായ പ്രവൃത്തി, സജ്ജനസഹവാസം ഇവനിമിത്തമുണ്ടാകുന്ന വിഷമതകൾ, പണത്തിന്റെ ഞെരുക്കംനിമിത്തമുള്ള കാര്യവിഘ്നം ഇവ ഫലം.

ചതയം—കളത്രാതൃപ്തി, സന്താനാരിഷ്ടത ഇവ ചിത്തശല്യങ്ങളായിപ്പരിണമിക്കും. അനിവാരിതാവശ്യങ്ങൾക്കുതന്നെയും പണം മതിയാകാതെവരും. ചില്ലറ ആദായമാർഗ്ഗങ്ങൾ സ്വപ്രവൃത്തിയിൽനിന്നും ലഭിക്കും. യാത്രകൾ ദുഷ്പ്രയോജനമായ വ്യയത്തെക്കാണിക്കും.

പൂരുരുട്ടാതി—കഴുത്തിനുമുകൾഭാഗത്തു ചില അസ്വാസ്ഥ്യങ്ങളുണ്ടാകും. സംശയാസ്പദമായ പ്രവൃത്തികൾകൊണ്ടു തെററിദ്ധാരണയും ദുഷ്കീർത്തിയും ഇടനൽകും. ബുദ്ധിശൂന്യമായ പ്രവൃത്തികൾ മനസ്താപത്തിനിടനൽകും. കാര്യങ്ങൾ കൗശലപൂർവം വഹിക്കും.

ഉത്തൃട്ടാതി—ജനമൈത്രിയും കർമ്മപുഷ്ടിയും എല്ലാകാര്യങ്ങളിലും ശ്രദ്ധയും മധുരസംഭാഷണങ്ങളിൽ ഏർപ്പെടുകയുംചെയ്യും. വ്യവസായപുരോഗതിയും ആദായഗുണവും സിദ്ധിക്കും. സ്വജനങ്ങൾ ശത്രുഭാവം നടിക്കും.

രേവതി—രക്തവാതങ്ങൾ കോപിക്കും. വരവിനേക്കാൾ കവിഞ്ഞ വ്യയം വരും. അഭിപ്രായങ്ങളിൽ എതിർപ്പുണ്ടായിരുന്നാലും കാര്യങ്ങൾ ഭംഗിയിൽ നിറവേററും. ആദായങ്ങൾ പ്രവൃത്തികൊണ്ടു ലഭിക്കും. പക്ഷേ പ്രതീക്ഷയ്ക്കും പ്രശസ്തിക്കും തക്ക പുഷ്ടി കാണുകയില്ല.

—ഠ—

ബാലപംക്തി

## ചിത്രകാരനായ "ഗിയറോറാ"

ഗോപി, തേവള്ളി.

ഏകദേശം ൭൦൦ വർഷങ്ങൾക്കുമുമ്പ് ഇററലിയിൽ "ഗിയറോറാ" എന്ന പേരോടുകൂടി ഒരു ആട്ടിടയൻ വസിച്ചിരുന്നു. പ്രാതമാകുമ്പോൾ ഗ്രാമത്തിലുള്ള ആടുകളെ മുഴുക്കെ അടിച്ചു് കാട്ടിൽ കൊണ്ടുചെന്നു മേയ്ക്കുക, സന്ധ്യയാകുമ്പോൾ അവയെ എല്ലാം വഴിതെററാതെ തിരിച്ചു ഗ്രാമത്തിൽ കൊണ്ടുചെന്നെത്തിക്കുക, ഇതായിരുന്നു അവന്റെ നിത്യവുമുള്ള ജോലി. പത്തുപന്ത്രണ്ടുവയസ്സിനുമുമ്പുതന്നെ അവൻ ഒരു ചെറിയ ആട്ടിടയനായിക്കഴിഞ്ഞിരുന്നു.

ആടുകളെ മേച്ചുകൊണ്ടു വനത്തിൽച്ചെന്നാൽ സമയംപോക്കുന്നതിന് അവൻ ഒരു വഴി കണ്ടുപിടിച്ചു. ദിവസവും, ഓരോകഷണം കൂർത്ത പാറക്കല്ലെടുത്തു്, വനത്തിലുള്ള മിനുസമുള്ള പാറപ്പുറങ്ങളിലെല്ലാം, അവന്റെ ഭാവനയിൽത്തോന്നുന്ന ഓരോ ചിത്രങ്ങൾ കൊത്തുകയായിരുന്നു, അവന്റെ ജോലി. അങ്ങനെ കുറച്ചുദിവസത്തിനകം, ആ കാട്ടിലെ പാറപ്പുറങ്ങൾ എല്ലാം പലതരം മനോഹരചിത്രങ്ങൾകൊണ്ടു നിറഞ്ഞു.

ഒരുദിവസം അതുവഴി പോയ ഒരു പ്രസിദ്ധചിത്രകാരൻ ഈ ചിത്രങ്ങളെല്ലാം കാണാനിടയായി. ഈ സമയം ഗിയറോറാ ഒരു പാറപ്പുറത്തിരുന്നു്, അവന്റെ നിത്യവുമുള്ള ജോലിയിൽ വ്യാപൃതനായിരിക്കയായിരുന്നു. അന്ന് അവൻ സശ്രദ്ധം, ഒരു പാറപ്പുറത്തു് ഒരു ആട്ടിന്റെ പടം കൊത്തുകയായിരുന്നു. ചിത്രകാരൻ ഇവയെല്ലാംകണ്ടു് അത്ഭുതപ്പെട്ടു. എന്തെന്നാൽ അവന്റെ കലാവാസനയെ പോഷിപ്പിക്കുന്നതിന് ഒരു ചെറുവ്യക്തിപോലും ഇല്ലാതിരുന്നിട്ടും ഇത്രമാത്രം ശരിയായും, ഭംഗിയായും, ആ പടങ്ങൾ വരച്ചിരുന്നതു്, അവനെസംബന്ധിച്ചിടത്തോളം ഒരു വലിയ കാര്യമായിരുന്നു. അവൻ ഭാവിയിൽ ഒരു കലാകാരനായിത്തീരുമെന്ന് അദ്ദേഹത്തിനു മനസ്സിലായി. അദ്ദേഹം അവന്റെ വീടുംമററും ചോദിച്ചുമനസ്സിലാക്കി. 'ഗിയറോറാ'യുടെ അച്ഛന്റെ അടുത്തുചെന്നു്, അവനെ തന്റെകൂടെ അയയ്ക്കണമെന്നും, ചിത്രകലാസംബന്ധമായി താൻതന്നെ പഠിപ്പിച്ചുകൊള്ളാമെന്നുംമററും അദ്ദേഹം പറഞ്ഞു. പുത്രനെ വിട്ടുപിരിയുന്നതിനു പിതാവിന് അശേഷം ആഗ്രഹമുണ്ടായിരുന്നില്ല. എങ്കിലും അതു തന്റെ മകന്റെ ഭാവിയെ സാരമായി സ്പർശിക്കുന്ന കാര്യമായതിനാൽ അവസാനം അനുവാദം നൽകി.

പത്തുപന്ത്രണ്ടു വർഷത്തിനകം 'ഗിയറോറാ' ആ പ്രസിദ്ധ ചിത്രകാരനായിത്തീർന്നിരുന്നു. അദ്ദേഹത്തിന്റെ പേരു ലോകത്തിന്റെ നാനാഭാഗത്തും മുഴങ്ങി. പ്രകൃതിദേവിപോലും ആ പേരിൽ അഭിമാനം പൂണ്ടു. ചിത്രങ്ങൾ വരയ്ക്കുന്നതു കൂടാതെ, മാർബിളിൽ പലതരം മനോഹരരൂപങ്ങൾ ഉണ്ടാക്കുന്നതിലും അദ്ദേഹം പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ കലാപരമായ കഴിവുകളുടെ ചിഹ്നങ്ങൾ, ഇന്നും ഇററലിയിലുള്ള ചില പള്ളികളിൽ നമുക്കു കാണാൻ കഴിയും.

അക്കാലത്തു റോമിലെ പള്ളികളിൽ ചിത്രങ്ങൾ വരയ്ക്കുന്നതിനു കുറച്ചു പ്രസിദ്ധന്മാരായ ചിത്രകാരന്മാരെ ആവശ്യം ഉണ്ടായിരുന്നു. അതനുസരിച്ചു റോമിലെ പോപ്പ് ഒരു നല്ല ചിത്രം വരച്ചുകാട്ടുകവാൻ, 'ഗിയറോറാ'യോടു് ആവശ്യപ്പെട്ടു. ഗിയറോറാ, ഒരു കടലാസ്സും, ഒരു ബ്രഷിൽ കുറച്ചു ചുവന്ന പെയിന്റും കയ്യിലെടുത്തു. പിന്നീട്, തന്റെ വലത്തുകയ്യ് പുറകിൽ ഇറുക്കി മുകളിൽ പിടിച്ചുകൊണ്ടു വളഞ്ഞുനിന്ന് ഒന്നു കറങ്ങി. കടലാസ്സിൽ ഒരു ശരിയായ വൃത്തം വരയ്ക്കപ്പെട്ടു. ഗിയറോറാ ഈ കടലാസ് ദൂതൻവശം ഏല്പിച്ചു. പോപ്പിനെ ഇതുമാത്രം കാണിച്ചാൽ മതിയോ എന്നു, ദൂതൻ സാശ്ചര്യം ചോദിച്ചു. ഇതുതന്നെ ധാരാളം മതിയെന്നും, അദ്ദേഹം ഇതിന്റെ അർത്ഥം മനസ്സിലാക്കിക്കൊള്ളുമെന്നും പറഞ്ഞു ദൂതനെ മടക്കി അയച്ചു. ദൂതൻ വിവരങ്ങൾ എല്ലാം ചെന്നു പോപ്പിനോടു പറഞ്ഞു. 'ഗിയറോറാ'യുടെ കൂട്ടുള്ള വലിയ ചിത്രകാരന്മാർക്കു മാത്രമേ, ഇപ്രകാരം ഉള്ള ശരിയായ വൃത്തം വരയ്ക്കുവാൻ കഴിയൂ എന്നു പോപ്പിനു മനസ്സിലായി. ഉടൻതന്നെ ഗിയറോറായെ വിളിച്ചുവരുത്തി, ചിത്രങ്ങൾ വരയ്ക്കുന്നതിന് ഏർപ്പാടുചെയ്തു.

ഇതാണു ദരിദ്രനായി ജനിച്ചു അവസാനം ലോകവിശ്രുതനായിത്തീർന്ന 'ഗിയറോറാ'യുടെ കഥ. അദ്ദേഹം മരിച്ചുപോയെങ്കിലും, അദ്ദേഹത്തിന്റെ ചിത്രങ്ങൾ ലോകചരിത്രത്തിൽനിന്നും ഒരിക്കലും മാഞ്ഞുപോകയില്ല. ആ ചിത്രങ്ങൾ ലോകത്തിനു എക്കാലവും ഒരു പുളകമേകിക്കൊണ്ടിരിക്കും.

**List of 1st Prize Winners names for C. No 26.**- (1) D. Nanjaiah, C/o. Doniah, Siddyanpura, Kollegal Post, Coimbatore Dt (2) Pariomal, S/o., Basarmal, H No. 1560. Chatai Mohalla Ganj, Ajmer. (3) L. A. C. Bhagwan Singh, Balyana P. O., Rohtak, East Punjab (4) M. C Majhi, D No. 4 New East plant Bastee, Burma Mines P. O Singhbhum, Jamshedpur. (5) Kamaladevi, C/o. Ram Beharilal, Post man, P. O. Atara, Dt. Banda. (6) K. Rajendran, 13|29 Kadalaikarar Sreet. Virudhunagar. (7) V. B. Shindogi, B. P. M. Vattey, Via Gokul, Dt. Belgaum. (8) N. Govindan, 117/10, Kilasivanathapatti Street, Srivilliputhur. (9) A. R. Hajee Abdul Jabbar & Sons, Melgoan.

**രൂ: 25,000 നേടുക.**

ഗവ: രജി: നമ്പർ 249. പ്രശ്നം നമ്പർ 28.

മുദ്രവച്ച ശരിയുത്തരം പ്രീമിയർബാങ്ക് ഓഫ് ഇൻഡ്യ ലിമിററഡിൽ സൂക്ഷിച്ചിരിക്കുന്നതും അവരുടെ അനുമതിയോടുകൂടി അതു പ്രസിദ്ധപ്പെടുത്തുന്നതുമാണ്.
ഒന്നാംസമ്മാനം ശരിയുത്തരം രൂ: 12,000/- രണ്ടാംസമ്മാനം— ആദ്യരണ്ടുവരി ശരിയായതിന്—രൂ: 7,000/- മൂന്നാംസമ്മാനം—ഒരുവരി ശരിയായതിന്—രൂ: 3,000/- നാലാംസമ്മാനം—ആദ്യത്തെ മൂന്നക്കം ശരിയായതിന്—രൂ: 2,000/- അഞ്ചാംസമ്മാനം—ആദ്യത്തെ രണ്ടക്കം ശരിയായതിന്—രൂ: 1,000/-
അവസാനതീയതി: 13-6-'50. ഉത്തരം പ്രസിദ്ധപ്പെടുത്തുന്നതു്: 27-6-'50.
പ്രവേശനഫീസ്:- ഒരുത്തരത്തിന്: രൂ: 1-0-0 *
6-ഉത്തരങ്ങൾക്ക്: രൂ: 5-0-0

RAINBOW COMPETITIONS
KEY S. NO. 26 *37 TO 52-178

| | | | |
|---|---|---|---|
| 45 | 52 | 40 | 41 |
| 43 | 38 | 50 | 47 |
| 42 | 39 | 51 | 46 |
| 48 | 49 | 37 | 44 |

We hereby certify that the above is the solution in original deposited with us by Rainbow Competitions No. 26 on 14-3-50 in a sealed cover which was opened in our presence to-day and that a copy of the above solution has been lodged with the Bank.
For The Premier Bank of India Ltd
V. Ramanadan
16.5.50.
Madras

186

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

പൂരിപ്പിക്കേണ്ട വിധം:—39-മുതൽ 54-വരെയുള്ള അക്കങ്ങൾ ഉപയോഗിച്ച് നേരെയും കുറുകേയും കോണോടുകോണും കൂട്ടിയാൽ ആകെത്തുക 186 കിട്ടത്തക്കവണ്ണം പൂരിപ്പിക്കുക. ഒരക്കം ഒരുപ്രാവശ്യംമാത്രമേ ഉപയോഗിക്കാവൂ. ഓരോ ഉത്തരത്തിനടിയിലും പേരും മേൽവിലാസവും ഇംഗ്ലീഷിൽ വൃത്തിയായി എഴുതിയിരിക്കണം. ഇൻഡ്യൻ പോസ്റ്റൽ ആർഡറായോ മണിയാർഡറായോ തുക അയയ്ക്കണം. മണിയാർഡർക്കൂപ്പണിൽ പേരും മേൽവിലാസവും എഴുതിയിരിക്കേണ്ടതും, മണിയാർഡർരസീതു് ഉത്തരത്തോടൊപ്പം അയയ്ക്കേണ്ടതുമാണ്. പിരിവനുസരിച്ചു സമ്മാനത്തുക ഭേദപ്പെടുത്തുന്നതായിരിക്കും. മാനേജരുടെ തീരുമാനം അവസാനവും നിയമാനുസൃതവുമായിരിക്കും. ഉത്തരം "റെയിൻബോ" എന്ന പ്രതിപക്ഷപത്രികയിൽ പ്രസിദ്ധപ്പെടുത്തും. ൪-അണസ്റ്റാമ്പയച്ചാൽ തപാൽവഴി അയയ്ക്കുന്നതായിരിക്കും.

ഉത്തരങ്ങൾ അയയ്ക്കേണ്ടും മേൽവിലാസം:-

**THE RAINBOW COMPETITIONS, NO. 28.**
**306 (A) Mint Street, MADRAS 1.**

# *പ്രൊഫസർ ബറാന്നിക്കോവിന്റെ റഷ്യൻരാമായണം

കെ. കെ. തങ്കപ്പൻനായർ, പരിമല

പ്രൊഫസർ ബറാന്നിക്കോവിന്റെ രാമായണവിവർത്തനം സോവിയററ് സംസ്കാരത്തിന്റെ മഹത്തായ വിജയമാണ്. തുളസീദാസരാമായണത്തിന്റെ ഏററവും പൂർണ്ണവും വിശ്വസനീയവുമായ പരിഭാഷയാണിത്. തുളസീദാസന്റെ ഈ അനശ്വരമായ ഗ്രന്ഥത്തെ റഷ്യാക്കാരുടെ ചിരപരിചയത്തിനു സൗകര്യവും സന്ദർഭവും ഉണ്ടാക്കിക്കൊടുത്ത പ്രൊഫസർ ബറാന്നിക്കോവും, സോവിയററ് സയൻസ് അക്കാഡമിയും തീർച്ചയായും നമ്മുടെ അകമഴിഞ്ഞ അഭിനന്ദനം അർഹിക്കുന്നുണ്ട്. സോഷ്യലിസം സാധിതപ്രായമാക്കിത്തീർത്ത വിജ്ഞാനസാംസ്കാരികവളർച്ചയുടെ അവിതർക്കിതമായ തെളിവാണ് ബറാന്നിക്കോവിന്റെ ഈ വിവർത്തനം. കട്ടനീലനിറത്തിൽ കമനീയമായി ബയൻറ ചെയ്യപ്പെട്ട് സചിത്രലിപികളിൽ രാമായണത്തിന്റേയും തുളസീദാസന്റേയും പേരുകൾ കലാപരമായി അച്ചടിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ പുറംചട്ടപോലെ തന്നെ അകവും സ്വച്ഛവും മനോഹരവുമാണ്.

സോവിയററ് യൂണിയനെതിരായി എന്തു ഭയങ്കരമായ നുണപ്രചരണങ്ങളാണ് മുതലാളിത്തരാജ്യങ്ങളിലെ മുതലാളിപത്രങ്ങൾ അനുനിമിഷം തട്ടിവിട്ടുകൊണ്ടിരിക്കുന്നത്. മഹത്തായ സോഷ്യലിസ്റ്റ് സംസ്കാരത്തിന്റെമേൽ ചെളിവാരിയെറിഞ്ഞു അതിനെ നശിപ്പിക്കുവാൻ എന്തെന്തു ഗൂഢാലോചനകളാണ് അണിയറയ്ക്കുള്ളിൽ നടന്നുകൊണ്ടിരിക്കുന്നത്. അമേരിക്കയുടേയും അവരുടെ ദാസന്മാരായ കാമൺവെൽത്തു രാജ്യങ്ങളുടേയും ആയുധശാലകൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളും ഒരു മൂന്നാംലോകമഹായുദ്ധത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ സോവിയററ് യൂണിയനിലെ മ

രാമായണവിവർത്തനത്തിനുതന്നെ തെരഞ്ഞെടുക്കപ്പെട്ട സമയത്തെപ്പററി സ്മരിക്കുമ്പോളാണ് നമുക്കു കൂടുതൽ കൂടുതൽ വിസ്മയം ഉളവാകുന്നതു്. ഹിററ്ലറിന്റെ നാസിപ്പടയാളികൾ ലെനിൻഗ്രാഡിനെ ശരവർഷംപോലെ ബാംബുചെയ്യപ്പെട്ടുകൊണ്ടിരുന്നപ്പോൾ അക്കൂട്ടത്തിൽ സോവിയററ സയൻസ് അക്കാഡമിയും ആ നശീകരണവസ്തുക്കൾക്ക് ഇരയായിക്കൊണ്ടിരുന്നപ്പോൾ — ആണ് പ്രൊഫസർ ബറാന്നിക്കോവ് ഈ ജോലി കയ്യേൽക്കപ്പെട്ടതും പൂർത്തിയാക്കപ്പെട്ടതും — ആ മൂർച്ഛയേറിയപരിതഃസ്ഥിതിയിൽപോലും മനുഷ്യന്റെ സാംസ്കാരികോന്നതയിൽ സദാ ജാഗരൂകരായിരുന്ന സോവിയററ യൂണിയനും ബോൾഷേവിക്ക് പാർട്ടിയും.

ഹത്തായ ജനത സോഷ്യലിസം വിജയിപ്പിക്കുവാൻവേണ്ടി എന്തെന്തു ത്യാഗങ്ങളാണ് അനുഷ്ഠിക്കുന്നതു്. 'ജനാധിപത്യത്തിന്റെ' ആയുധശാലകൾ ആററംബോംബുകൊണ്ടും സൂപ്പർഹൈഡ്രജൻബോംബുകൊണ്ടും നിറയ്ക്കപ്പെട്ടിട്ടും തൃപ്തിവരാഞ്ഞിട്ട് കൂടുതൽ നശീകരണങ്ങളായ ആയുധങ്ങൾ കണ്ടുപിടിക്കുവാനുള്ള ശ്രമത്തിൽ ബദ്ധശ്രദ്ധരായിരിക്കുമ്പോൾ ലോകസോഷ്യലിസത്തിന്റെ നെട്ടാകോട്ടയായ സോവിയററ്യൂണിയൻ ആററംശക്തി ഉപയോഗിച്ചു മഹാപർവ്വതങ്ങൾ ഇടിച്ചുനിരത്തിയും മരുഭൂമികൾ വിളസ്ഥലങ്ങളാക്കിയും ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള തീവ്രയത്നത്തിൽ വ്യാപൃതരായി അങ്ങനെ കഴിയുകയാണ്.

രാമായണവിവർത്തനത്തിനുതന്നെ തെരഞ്ഞെടുക്കപ്പെട്ട സമയത്തെപ്പററി സ്മരിക്കുമ്പോഴാണ് നമുക്കു കൂടുതൽകൂടുതൽ വിസ്മയം ഉളവാകുന്നതു്. ഹിററ്ലറിന്റെ നാസിപ്പടയാളികൾ ലെനിൻഗ്രാഡിനെ ശരവർഷംപോലെ ബാംബുചെയ്യപ്പെട്ടുകൊണ്ടിരുന്നപ്പോൾ — അക്കൂട്ടത്തിൽ സോവിയററ്സയൻസ് അക്കാഡമിയും ആ നശീകരണവസ്തുക്കൾക്കിരയായിക്കൊണ്ടിരുന്നപ്പോൾ— ആണ് പ്രൊഫസർ ബറാന്നിക്കോവ് ഈ ജോലി കയ്യേല്ക്കപ്പെട്ടതും പൂർത്തിയാക്കപ്പെട്ടതും. ആ മൂർച്ഛയേറിയ പരിതഃസ്ഥിതിയിൽപ്പോലും മനുഷ്യന്റെ സാംസ്കാരികോന്നതിയിൽ സദാ ജാഗരൂകരായിരുന്ന സോവിയററ്യൂണിയനും ബോൾഷേവിക്കുപാർട്ടിയും പ്രൊഫസർ ബറാന്നിക്കോവിനു തന്റെ ജോലി നിർബാധം തുടർന്നുകൊണ്ടുപോകുവാനുള്ള എല്ലാസൗകര്യങ്ങളും ചെയ്തുകൊടുത്തുകൊണ്ട്

* ഡാ: രാംബിലാസ് ശർമ്മയുടെ ലേഖനത്തെ പരാമർശിച്ച്.

അദ്ദേഹത്തെ കസാക്ക്സ്ഥാനിലേയ്ക്കു മാററിപ്പാർപ്പിച്ചു. അവിടത്തെ ബോൾഷെവിക്കുപാർട്ടിയുടെ സെൻട്രൽകമ്മിററിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൻകീഴിൽ അദ്ദേഹം തന്റെ ജോലി ചെയ്തുതീർത്തു. തുളസീദാസരാമായണവിവർത്തനവും ഫാസിസത്തിനെതിരായുള്ള സമരത്തി

മുഖവുരയുടെ ഒന്നാംപേജിൽ തന്നെ അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു. "സാമാന്യജനങ്ങളുടെ ഭാഷയെ സംരക്ഷിച്ചുപോരുന്നതിൽ തുളസീദാസൻ പ്രകടമാക്കിയ ജനാധിപത്യപ്രേമം അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ അടിമുടി വ്യാപിച്ചുകിടക്കുന്നു. ആധുനികഭാഷകൾ സംസ്കൃതത്തിനെതിരായി ഉയർന്നുവരികയും കവിതാഭാഷയായി ആധിപത്യം ഉറപ്പിക്കുകയും ചെയ്ത കാലത്താണ് തുളസീദാസൻ ജീവിച്ചിരുന്നതു്. മഹാരാഷ്ട്രത്തിലേയും അന്യദിക്കുകളിലേയും ഋഷികവിപുംഗവന്മാരെപ്പോലെ ഗ്രാമ്യഭാഷയെ പോഷിപ്പിക്കുവാനും ജനതയുടെ ജനാധിപത്യാഭിലാഷങ്ങളെ പ്രകടിപ്പിക്കുവാനും തുളസീദാസൻ യത്നിച്ചുകൊണ്ടിരുന്നപ്പോൾ ജനകീയഭാഷയായി സംസ്കൃതത്തെ അംഗീകരിക്കുവാനുംവേണ്ടി ആർത്തുവിളിച്ചിരുന്ന യാഥാസ്ഥിതികരായ ഇന്ത്യൻവിമർശകന്മാർക്ക് ഈ ചരിത്രവസ്തുതയുടെ പ്രാധാന്യത്തെ മനസ്സിലാക്കാൻ കെല്പുണ്ടായിരുന്നില്ല — തുളസീദാസന്റെ അഭിപ്രായം കാവ്യം സാമൂഹ്യനന്മയെ സഹായിക്കുന്നതായിരിക്കണം." "ഗംഗാനദിയേപ്പോലെ എല്ലാവർക്കും പ്രയോജനപ്പെടുമ്പോഴേ കാവ്യവും കീർത്തിയും സമ്പത്തും നന്നായിരിക്കൂ."

ന്റെ സുപ്രധാനമായ ഒരു ഭാഗമായി അവർ കണക്കാക്കി. തീർച്ചയായും അതായിരിക്കണം ഈ പ്രത്യേകപരിതഃസ്ഥിതിയിൽപ്പോലും ഈ വിവർത്തനത്തിനുവേണ്ടി അത്രയും അധികം പണവും സമയവും ചെലവഴിക്കുവാൻ പ്രേരകമായിട്ടുള്ളതു്. ഒരു രാജ്യത്തിന്റെ സാംസ്കാരികപാരമ്പര്യത്തെ നിലനിർത്താനും, തങ്ങളുടെ സ്വന്തംരാജ്യത്തിന്റെമാത്രമല്ല, അന്യരാജ്യങ്ങളുടെപോലും പാരമ്പര്യത്തെ മനസ്സിലാക്കാനും കാത്തുരക്ഷിക്കാനും തൊഴിലാളിവർഗ്ഗത്തിനും മാർക്സിസത്തിനുംമാത്രമേ കഴിയുകയുള്ളുവെന്നു് ഈ വിവർത്തനം വെളിപ്പെടുത്തുന്നുണ്ട്.

മററ അനേകം മഹാകവികളുടേതുമെന്നപോലെ തുളസീദാസന്റെ കൃതിയും വിവർത്തനംചെയ്യുക എന്നതു് വളരെ വിഷമമേറിയ ഒരു ജോലിയാണ്. തുളസീദാസന്റെ ഭാഷാഘടനയ്ക്കു് അടിസ്ഥാനമായിട്ടുള്ള ദേശ്യഭാഷ അനുകരിക്കുവാൻ വളരെ പ്രയാസനിറഞ്ഞതാണ്. തുളസീദാസന്റെ ഓരോ വാക്കുകളിലും ഉടനീളം സംഗീതത്തിന്റെ സാന്ദ്രമന്ദ്രധ്വനി ഓളംവെട്ടിക്കൊണ്ടേയിരിക്കുന്നു. ഇതെല്ലാം ശരിയായി മനസ്സിലാക്കുവാൻ കഴിയുന്ന ഒരുവനുമാത്രമേ താൻ ഏർപ്പെട്ടിരിക്കുന്ന സാഹസികകൃത്യത്തിന്റെ സ്വഭാവത്തെപ്പററി മനസ്സിലാക്കുവാൻ കഴിയുകയുള്ളു. പ്രൊഫസർ ബാറാന്നിക്കോവ് മുഖവുരയിൽ പറയുന്നതുപോലെ അദ്ദേഹത്തിനു താൻ ഏർപ്പെട്ടിരിക്കുന്ന ജോലിയെപ്പററി തികച്ചും ബോധമുണ്ടായിരുന്നു. അതുകൊണ്ടുമാത്രമാണ് അദ്ദേഹത്തിന്റെ ശ്രമം അതീവ ഫലവത്താകുവാൻ കാരണമായിട്ടുള്ളതു്. മൂലഗ്രന്ഥത്തിൽനിന്നു യാതൊരു മാററവും വരുത്താതെ — തന്റെ വായനക്കാർക്കു കൂടുതൽ പരിചിതമായ പ്രതിരൂപങ്ങളെ പകരംവയ്ക്കുവാനുള്ള ഒരു ശ്രമംപോലും നടത്താതെ — പ്രൊഫസർ ബാറാന്നിക്കോവ് തർജ്ജമയിൽ ദീക്ഷിച്ചുപോന്നിട്ടുള്ള വിശ്വാസ്യതയും കവിതാസൗന്ദര്യവും ഏതൊരാളെയും ആശ്ചര്യഭരിതനാക്കാതെ ഇരിക്കുകയില്ല. ഉദാഹരണത്തിനായി അദ്ദേഹം മുഖവുരയിൽ പറഞ്ഞിരിക്കുന്ന ചില വാചകങ്ങളെ നമുക്കു സ്മരിക്കാം. "ഒരു വിവർത്തകനെന്ന നിലയിൽ ഞാൻ ഇന്ത്യൻസങ്കല്പങ്ങളോട് ഏകദേശം സാദൃശ്യമുള്ള യൂറോപ്യൻസാദൃശ്യങ്ങളെപ്പോലും പകരംവയ്ക്കുന്നതു് അനുവദനീയമല്ലെന്നുകരുതി" പശുവിന്റെ പ്രതിരൂപം ഇന്ത്യൻവായനക്കാ

ർക്കുണ്ടാകുന്നതിൽനിന്നു് തികച്ചും വ്യത്യസ്ഥമായ ഒരു പ്രതീതിയാണ് റഷ്യാക്കാരനിലുളവാക്കുന്നതു്. അതിനെപ്പററി അദ്ദേഹം ഇങ്ങനെ പറയുന്നു "റഷ്യൻസാഹിത്യത്തിൽ പശു ഏററവും ഭംഗികുറഞ്ഞ ഒരു ജന്തുവാണ്. ഏതെങ്കിലും ഒരു പെൺകുട്ടിയേയോ സുന്ദരിയേയോ, യാ ഒരു പശുവിനോട്ട് താരതമ്യപ്പെടുത്തുക എന്നു പറഞ്ഞാൽ ഏററവും സംശയാസ്പദമായ ഒരു മേന്മ അവൾക്കു് കല്പിക്കുക എന്നാണർത്ഥം." ഇതുപോലെതന്നെ ഉഡുരാജമുഖി തുടങ്ങിയ പദങ്ങളെപ്പററി നല്ല ഒരു വിവരണംതന്നെ റഷ്യൻവായനക്കാർക്കു കൊടുക്കേണ്ടിവരും. ചന്ദ്രൻ, താമര, അരയന്നം മുതലായ സിംബലുകൾ ഉൾക്കൊള്ളുന്ന അർത്ഥങ്ങളേയും മററും പരാമർശിച്ചുള്ള നല്ല വിവരണങ്ങൾ അദ്ദേഹം അടിക്കുറിപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. രാമൻ ഉദ്യാനത്തിൽവച്ചു് സീതയെ കാണുന്നതിനെ ചിത്രീകരിച്ചിട്ടുള്ള ഈ വരികൾതന്നെ നമുക്കു് എടുക്കാം.

കങ്കണകിങ്കിണിനൂപുരധ്വനി സുനി
കഹതലഷൻസൻരാമഹൃദയഗുനി
മാനഹുമദനദുന്ദുഭിദീന്ഹി
മനസാവിസ്വവിജയകഹകീന്ഹി

ഈ വരികളിലെല്ലാം ഉടനീളം ഓളംവെട്ടുന്ന സംഗീതമാധുര്യത്തിനു് അണുവും കോട്ടംതട്ടാതെ ഈ പദങ്ങളെല്ലാം അതുപോലെതന്നെ നിലനിർത്തിക്കൊണ്ടു പ്രൊഫസർ ബറാന്നിക്കോവ് ഈ പ്രശ്നത്തിനു് സമൈഷ്യം പരിഹാരം കണ്ടിരിക്കുന്നു. മദനൻ, ദുന്ദുഭി തുടങ്ങിയവയുടെ പ്രതിരൂപങ്ങളെ വിവർത്തനത്തിൽ അതേപടിതന്നെ നിലനിർത്തിയിട്ടുണ്ട്. ഇത്തരം വാക്കുകളുടെ അർത്ഥവും അദ്ദേഹം അടിക്കുറിപ്പുകളിൽ വിശദീകരിച്ചിട്ടുണ്ട്.

പ്രൊഫസർ ബാറാന്നിക്കോവ് രാമായണത്തിനെഴുതിയിട്ടുള്ള ആമുഖം റഷ്യൻവായനക്കാർക്ക് തുളസീദാസനെക്കുറിച്ചും, മദ്ധ്യകാലേന്ത്യയിലെ മഹാകാവ്യങ്ങളെക്കുറിച്ചും സാമാന്യമായ പരിജ്ഞാനം സിദ്ധിക്കുവാൻ പ്രയോജനപ്പെട്ടും, അന്ന് ഇന്ത്യയിൽ അലങ്കാരത്തിനുണ്ടായിരുന്ന സ്ഥാനത്തെപ്പററി അദ്ദേഹം സവിസ്തരം പ്രതിപാദിക്കുന്നു. നായികാനായകന്മാരുടെ ആപാദചൂഡവർണ്ണനയെപ്പററി റഷ്യൻവായനക്കാരനു് അദ്ദേഹം നല്ല പരിജ്ഞാനം നൽകുന്നുണ്ട്. തുളസീദാസശൈലിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശങ്ങൾ തികച്ചും അമൂല്യങ്ങളാണ്. തുളസീദാസനെക്കുറിച്ചു ഇന്ത്യൻപണ്ഡിതന്മാർക്കുപോലും വിഷയീഭവിക്കാത്തവിധത്തിലുള്ള ആസ്വാദനമാണ് ബറാന്നിക്കോവിന്റെ മുഖവുര.

മുഖവുരയുടെ ഒന്നാംപേജിൽത്തന്നെ അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു. "സാമാന്യജനങ്ങളുടെ ഭാഷയെ സംരക്ഷിച്ചുപോരുന്നതിൽ തുളസീദാസൻ പ്രകടമാക്കിയ ജനാധിപത്യപ്രേമം അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ അടിമുടി വ്യാപിച്ചുകിടക്കുന്നു. ആധുനികഭാഷകൾ സംസ്കൃതത്തിനെതിരായി ഉയർന്നുവരികയും കവിതാഭാഷയായി ആധിപത്യം ഉറപ്പിക്കുകയും ചെയ്ത കാലത്താണ് തുളസീദാസൻ ജീവിച്ചിരുന്നതു്. മഹാരാഷ്ട്രത്തിലെയും അന്യദിക്കുകളിലെയും ഋഷികവിപുംഗവന്മാരെപ്പോലെ ഗ്രാമ്യഭാഷയെ പോഷിപ്പിക്കുവാനും ജനതയുടെ ജനാധിപത്യാഭിലാഷങ്ങളെ പ്രകടിപ്പിക്കുവാനും തുളസീദാസൻ യത്നിച്ചുകൊണ്ടിരുന്നപ്പോൾ ജനകീയഭാഷയായി സംസ്കൃതത്തെ അംഗീകരിക്കുവാനുംവേണ്ടി ആർത്തുവിളിച്ചിരുന്ന യാഥാസ്ഥിതികരായ ഇന്ത്യൻവിമർശകന്മാർക്കു ഈ ചരിത്രവസ്തുതയുടെ പ്രാധാന്യത്തെ മനസ്സിലാക്കാൻ കെല്പുണ്ടായിരുന്നില്ല. തുളസീദാസന്റെ അഭിപ്രായം കാവ്യം സാമൂഹ്യനന്മയെ സഹായിക്കുന്നതായിരിക്കണം." ഇതിനുവേണ്ടി അദ്ദേഹം രാമായണത്തിൽനിന്നുതന്നെ പല പ്രശസ്തവാക്യങ്ങളെ ഉദ്ധരിക്കുന്നു. പത്താമത്തെ പേജിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "ഗംഗാനദിയെപ്പോലെ എല്ലാവർക്കും പ്രയോജനപ്പെടുമ്പോഴേ കാവ്യവും കീർത്തിയും സമ്പത്തും നന്നായിരിക്കൂ." തുളസീദാസിന്റെ പുരോഗമനാത്മകമായ പങ്കിനെപ്പററി ഇത്രയും ഭംഗിയായി രചിച്ചിട്ടുള്ള ഒരു ലേഖനവും ഇല്ലെന്നുതന്നെ പറയാം. അവതാരികയോടൊപ്പംതന്നെ അദ്ദേഹം എഴുതിയിട്ടുള്ള അടിക്കുറിപ്പുകളും ചരിത്രപരമായും സാഹിത്യപരമായും വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ഇത്രയും അധികം വിവരണക്കുറിപ്പുകൾ ചേർത്തിട്ടുള്ള ഒരു രാമായണപ്പതിപ്പ് ഇന്ത്യൻഭാഷകളിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. പ്രൊഫസർ ബാറാന്നിക്കോവ് തന്റെ പ്രവർത്തനത്തിന്റെ ഫലമായി വിശ്വസാ

ഇത്രയും അധികം വിവരണക്കുറിപ്പുകൾ ചേർത്തിട്ടുള്ള ഒരു രാമായണപ്പതിപ്പ് ഇന്ത്യൻഭാഷകളിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. പ്രൊഫസ്സർ ബറാന്നിക്കോവ് തന്റെ പ്രവർത്തനത്തിന്റെ ഫലമായി വിശ്വസാഹിത്യത്തിനുതന്നെ ഒരു വമ്പിച്ച നേട്ടം കൈവരുത്തിയിരിക്കുന്നു. ബറാന്നിക്കോവ് ഒരു വിവർത്തകന്റെ നിലയിൽനിന്നും എത്രയോ ദൂരം അകലത്തിൽ ഒരു മഹാകവിയായിത്തന്നെ ഉയർന്നിരിക്കുന്നു

ഹിത്യത്തിനുതന്നെ ഒരു വമ്പിച്ച നേട്ടം കൈവരുത്തിയിരിക്കുന്നു. ബറാന്നിക്കോവ് ഒരു വിവർത്തകന്റെ നിലയിൽനിന്നും എത്രയോദൂരം അകലത്തിൽ ഒരു മഹാകവിയായിത്തന്നെ ഉയർന്നിരിക്കുന്നു!

"കലാപരമായ സൗന്ദര്യത്തിലൊന്നും ശ്രദ്ധിക്കാതെ ഒരു ശാസ്ത്രീയവൃത്തി എന്ന നിലയ്ക്കാണു രാമായണവിവർത്തനം ഞാൻ കയ്യേററതു." എന്നാൽ തുളസീദാസിന്റെ കവിതകൊണ്ടു് ആർദ്രഹൃദയനായിപ്പോവുന്ന ഒരാൾക്കു് ഒരു ശാസ്ത്രീയ വിവർത്തനത്തിൽ കലാസൗന്ദര്യത്തെ ഒഴിവാക്കാൻ നിവൃത്തിയില്ല. രാമായണവിവർത്തനത്തെപ്പററി പ്രൊഫസർ ബാറാന്നിക്കോവ് ഇങ്ങനെ എഴുതുന്നു. "രാമായണത്തിന്റെ ആദ്യ അന്ത്യ കാണ്ഡങ്ങളാണ് വിശേഷിച്ചും വിഷമം നിറഞ്ഞതായി എനിക്കു തോന്നിയതു്. എന്നാൽ അയോദ്ധ്യാകാണ്ഡം കൂടുതൽ ഭാവാത്മകമായും നാടകീയമായും അഗാധമായും വർണ്ണവികാരശബളമായും എനിക്കു് അനുഭവപ്പെട്ടു." തുളസീദാസിനെക്കുറിച്ചും രാമായണത്തെക്കുറിച്ചും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ വളരെ വിലയേറിയതാണ്. "രാമായണം ഇന്ത്യയിൽ ഏററവും അധികം പ്രചാരമുള്ള ഗ്രന്ഥമാണെന്നും തുളസീദാസൻ മദ്ധ്യകാലേന്ത്യയിലെ ഏററവും മുന്തിയ കവിയാണെന്നും, ഇന്ത്യൻ സാഹിത്യമണ്ഡലത്തിലെ ഏററവും വലിയ മഹാകവിയാണെന്നും, മദ്ധ്യകാലേന്ത്യയിൽ അനേകം ജാതിമതങ്ങളായി ചേരിതിരിഞ്ഞ ഇന്ത്യൻ സമുദായത്തെ ഏകീകരിക്കണമെന്ന് അദ്ദേഹത്തിനഭിപ്രായമുണ്ടായിരുന്നുവെന്നും പതിനാറാം നൂററാണ്ടിൽ എഴുതിയ ഈ ഗ്രന്ഥത്തിനു ജനങ്ങളുടെ ദൃഷ്ടിയിൽ പ്രാധാന്യം കുറയുകയില്ല ഏറുകയാണു ചെയ്യുന്നതു്—എന്നും വെളിപ്പെടുത്തിയിരിക്കുന്നു. ജനങ്ങളുടെ ദാരിദ്ര്യകാലത്തും സ്വാതന്ത്ര്യസമരകാലത്തും അതു വിശേഷിച്ചും ഏറുകയാണുചെയ്യുന്നതു്."

വരിക്കുവരിയായിട്ടാണ് അദ്ദേഹം ഓരോ ശ്ലോകവും തർജ്ജമ ചെയ്തിട്ടുള്ളതു്. ഒരു വരി

മായാമണ്ഡലം

എൻ. ബാപ്പുറാവു ബി. എ. ബി. എൽ.

വിജനപ്രദേശത്തെ ഒരു മാളികയിൽ ബന്ധനത്തിൽപ്പെട്ടുഴലുന്ന നായികയെ വിമുക്തയാക്കുവാൻ, വിനോദസഞ്ചാരത്തിനിടയിൽ നായകൻ ചെയ്യുന്ന ശ്രമങ്ങളും, ഉത്തരോത്തരം വന്നണയുന്ന മായാവരണങ്ങൾനീങ്ങി, ഒടുവിൽ മായാമണ്ഡലത്തിന്റെ യാഥാർത്ഥ്യം വെളിപ്പെടുന്നതും മററുമായ അത്ഭുതകഥാഭാഗങ്ങൾ. വില രൂ. ൨ ണ. ൪

മാനേജർ ശ്രീരാമവിലാസം പ്രസ്സ് കൊല്ലം

# ശ്രീമതി താരാചൗധ്രി—ചില നൃത്തരംഗങ്ങൾ






ശ്രീമതി താരാചൗധ്രിയുടെ "ഉഷ" എന്ന നൃത്തം. ഉഷസ്സിന്റെ ആഗമനത്തെ ചിത്രീകരിക്കുന്ന ഒരു മനോഹരകലാസൃഷ്ടിയാണ്. കഥകളിരീതിയാണ് ഇതിലവലംബിച്ചിട്ടുള്ളത്.

യുടെ തർജ്ജമ മറെറാരു വരിയിലേക്കു കൊണ്ടുവരിക എന്ന സ്വാതന്ത്ര്യംപോലും അദ്ദേഹം എടുത്തിട്ടില്ല. ഇന്ത്യൻ ഭാഷാവൃത്തങ്ങളും റഷ്യൻ വൃത്തങ്ങളും തമ്മിൽ വ്യത്യാസങ്ങളുണ്ട്. എന്നാൽ ഇന്ത്യൻവൃത്തങ്ങളോട് ഏററവും അടുപ്പമുള്ള റഷ്യൻ വൃത്തങ്ങളാണ് ബാറാന്നിക്കോവ് സ്വീകരിച്ചിരിക്കുന്നത്. മൂലഗ്രന്ഥത്തിൽനിന്ന് യാതൊരു വ്യത്യാസങ്ങളും വരുത്താതിരിക്കുവാൻവേണ്ടി പഴയ ഇന്ത്യൻരീതിയെ അനുസരിച്ചാണ് ചിഹ്നങ്ങൾപോലും ഇട്ടിരിക്കുന്നത്. ഓരോ കാണ്ഡത്തിന്റേയും പേർ ദേവനാഗരലിപിയിൽ അച്ചടിച്ച് ഗണേശൻ, ശിവൻ, ഗരുഡൻ, ശങ്കരൻ, മയിൽ, താമര, ഹനുമാൻ, സൂര്യൻ എന്നിവരുടെ ചിത്രങ്ങൾ പല കാണ്ഡങ്ങളുടേയും ആദിയിലും അവസാനത്തിലും ചേർത്തിട്ടുണ്ട്. പഴയ കയ്യെഴുത്തു പ്രതികളുടെ ഫോട്ടോപ്പകർപ്പുകൾ മുഴുവൻപേജിൽ ആർട്ടുപേപ്പറിൽ പലേടത്തും കൂട്ടിച്ചേർത്തിട്ടുണ്ട്. ൧൭൭൫-ൽ (എ. ഡി.) തുളസീദാസൻതന്നെ പകർത്തിയെഴുതിയ വാല്മീകിരാമായണത്തിന്റെ ഒരു പേജ് ൧൭൦ം പേജിൽ ചേർത്തിരിക്കുന്നു. പന്നിയെ വേട്ടയാടുന്ന രാജാപ്രതാപബന്ധു, വസിഷ്ഠനോടു സംസാരിക്കുന്ന ദശരഥൻ, രാജകൊട്ടാരത്തിൽ രാമന്റെ ജനനാഘോഷങ്ങൾ, രാമൻ സഹോദരന്മാരോടൊപ്പം കളിക്കുന്നത്, വനയാത്ര, സീത ആരാമത്തിൽവെച്ച് രാമനെ കാണുന്നത്, കടൽക്കരയിലെ രാമലക്ഷ്മണന്മാർ, പാർവ്വതീപരമശിവന്മാർ എന്നിവരുടെ ചിത്രങ്ങളാണ് മദ്ധ്യകാലകയ്യെഴുത്തുപ്രതികളിൽനിന്നു ഈ പുസ്തകത്തിൽ പ്രത്യേകം എടുത്തു ചേർത്തിട്ടുള്ള മററു ചിത്രങ്ങൾ. പുസ്തകത്തിന്റെ അവസാനത്തിൽ ൪൦ പേജുള്ള വിഷയങ്ങളും നാമധേയങ്ങളും അടങ്ങിയ ഒരു സൂചകപട്ടിക കൊടുത്തിട്ടുണ്ട്. ചുരുക്കിപ്പറയുകയാണെങ്കിൽ ഇത്രയും മനോഹരമായ ഒരു ഗ്രന്ഥം കാണുവാൻതന്നെ വിഷമമാണ്.

നമ്മുടെ അനശ്വരമായ ഇതിഹാസഗ്രന്ഥത്തെ സോവിയററ്നാടിനു പരിചയപ്പെടുത്തിക്കൊടുത്ത പ്രൊഫസർ ബാറാന്നിക്കോവ് തീച്ചയായും നമ്മുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുന്നുണ്ട്. അദ്ദേഹം മുഖവുരയുടെ അവസാനത്തിൽ ഇങ്ങനെ പറയുന്നു "അനേകവർഷക്കാലത്തെ എന്റെ പ്രയത്നഫലമായ ഈ പുസ്തകം പുറത്തിറങ്ങുന്നത് ഇന്ത്യയും സോവിയററ്യൂണിയനും തമ്മിൽ നയതന്ത്രബന്ധമേർപ്പെടുത്തിയ ചരിത്രപ്രധാനമായ ഒരു സന്ദർഭത്തിലാണ്. ഈ പുസ്തകം ഈ രാജ്യങ്ങൾതമ്മിൽ സാംസ്കാരികമായ അടുപ്പത്തെ ഉളവാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു." സോവിയററ്യൂണിയന്റേയും ഇന്ത്യയുടേയും സംസ്കാരത്തെ അന്യോന്യം അടുപ്പിക്കാനുള്ള സോവിയററ്പണ്ഡിതന്മാരുടെ അഭിലാഷം മേന്മയേറിയതാണ്.

തുളസീദാസരാമായണവിവർത്തനം സോഷ്യലിസത്തിന്റേയും തൊഴിലാളിവർഗ്ഗത്തിന്റേയും വിജയമാണ്. ഓരോരുത്തനും തന്റെ വാസനയ്ക്കനുസരണമായ പന്ഥാവിലൂടെ വളരുവാനും വികസിക്കുവാനും സന്ദർഭം നൽകുന്ന സോവിയററ്വ്യവസ്ഥിതിയുടെ അമൂല്യമായ നേട്ടമാണിത്. അത്തരം ഒരു പരിതഃസ്ഥിതിയിൽ മാത്രമേ 'വിജ്ഞാനവും സമ്പത്തും നന്നായിരിക്കുന്നുള്ളൂ.' വ്യവസായങ്ങളെപ്പോലെതന്നെ സംസ്കാരവും ഒരുപിടിആളുകൾ ടകയ്യിൽ അമന്നിരിക്കുന്നിടത്തോളംകാലം ആ രാജ്യത്തിന്റെ സാംസ്കാരികപുരോഗതി അപകടത്തിലായിരിക്കും. രാമായണത്തെപ്പോലുള്ള അനവധി വിശിഷ്ടഗ്രന്ഥങ്ങളുടെ അനേകായിരം പ്രതികൾ വിററഴിച്ചുകൊണ്ട് ഇന്നാട്ടിലെ സകല സാംസ്കാരികസമ്പത്തുകളിൽനിന്നും കൊള്ളലാഭമെടുക്കുന്നവർ സാംസ്കാരികപുരോഗതിക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ലെന്നുമാത്രമല്ല അവർ അതിന്റെ ശത്രുക്കളാണുതാനും. ബാറാന്നിക്കോ

# ഗേഥേയുടെ സന്ദേശം

നിലമ്പേരൂർ രാമകൃഷ്ണൻനായർ

ലോകമാസകലം അറിയപ്പെടുന്ന ചുരുക്കം ചില വ്യക്തികളുണ്ട്. അവരിലൊരാളാണ് ഗേഥേ. വിശ്വവന്ദ്യനായ ഈ കവീശ്വരന്റെ കലാസൃഷ്ടികളുടെ പരിഭാഷകൾകൊണ്ട് പരിലാളിക്കപ്പെടാത്ത ഭാഷകൾ ഇല്ലതന്നെ. കവി എന്ന നിലയിൽ ഇദ്ദേഹത്തിന്റെ സ്ഥാനം അത്യുന്നതമാണ്. എഴുത്തുകൾ, സംഭാഷണങ്ങൾ, മററു വിവരണങ്ങൾ, മുതലായവയിൽനിന്നും ഇദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യവും അനന്യസാധാരണമായ പ്രതിഭാവിലാസവും നമുക്കു ശരിക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

മനുഷ്യരാശിയെ ഒന്നടങ്കം ഒരുപോലെ സ്നേഹിച്ച്, സാധാരണക്കാരന്റെ ജീവിതരീതിയുമായി കൂടിക്കലർന്ന്, സകല്പവും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുത്തിയ ഒരു കലാകാരനെ ലോകം ആദ്യമായി ദർശിക്കുന്നതു ഗേഥേയിൽക്കൂടിയാണ്. ഗേഥേ കണ്ണുതുറന്നപ്പോൾ മനുഷ്യനും ലോകത്തിനും അന്യോന്യമലിഞ്ഞുചേർന്ന് ഒരേ സ്വരത്തിൽ നിരങ്കുശമായി ശബ്ദിക്കുവാനുള്ള കഴിവുണ്ടായി. അങ്ങനെ ജർമ്മനിയിൽ ഉയർന്ന ആ ശബ്ദത്തിൽ സൗന്ദര്യവും രൂപഭദ്രതയും ഉടനീളം ഓളംവെട്ടി.

മനുഷ്യത്വത്തിന്റെ വിവിധ നിലകളിൽ മനുഷ്യനെ കാണുവാനും സ്നേഹിക്കുവാനും നാം ഓരോരുത്തരും ജന്മനാ കടപ്പെട്ടവരാണ്.

"രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളും തജ്ജന്യമായ വിരോധവും അവസാനിക്കുന്ന ഒരു ഘട്ടമുണ്ട്; നമ്മുടെ അയൽവാസികളുടെ ദുഃഖവും ദുരിതവും നമ്മുടേതാണെന്നു നമുക്കു തോന്നിത്തുടങ്ങും. ഈ ഒരു സംസ്കാരവിശേഷം എന്റെ രക്തത്തിൽ കലർന്ന ഒരു സ്വഭാവമായിത്തീർന്നിട്ടുണ്ടായിരുന്നു." എന്നാണു ഗേഥേ പറയുന്നത്.

മനുഷ്യസ്നേഹമായിരുന്നു ഗേഥേയുടെ ജീവിതലക്ഷ്യം. അദ്ദേഹത്തെ ലോകം ശരിക്കു മനസ്സിലാക്കാതിരുന്നതുകൊണ്ടോ, തെററിദ്ധരിച്ചതുകൊണ്ടോ വളരെയധികം ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ആ ആദർശധീരൻ അനുഭവിക്കേണ്ടിവന്നു. അങ്ങനെ രാഷ്ട്രത്തിൽനിന്നും ഒററപ്പെടുത്തിമാററി നിർത്തപ്പെട്ടുവെങ്കിലും, അദ്ദേഹത്തിന്റെ വ്യക്തിത്വം രാഷ്ട്രത്തിനും മനുഷ്യരാശിക്കുംവേണ്ടി ജീവിക്കുവാനും പ്രവർത്തിക്കുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ചു.

ഏതുരാജ്യത്തും ഏതുകാലത്തും ഉണ്ടാകുന്ന സ്ത്രീപുരുഷന്മാർ തങ്ങളെത്തന്നെയാണ് ആ ഒരു മഹനീയവ്യക്തിയിൽ ദർശിക്കുന്നത്. അങ്ങനെ ദേശകാലാവസ്ഥകൾക്കും സ്ത്രീപുരുഷവ്യത്യാസത്തിനും അതീതമായിനില്ക്കുന്ന മനുഷ്യത്വമെന്ന ഗുണവിശേഷമാണ് ഗേഥേ എന്നു ചുരുക്കത്തിൽ പറയാം. മനുഷ്യരെ തമ്മിൽത്തമ്മിൽ അടുപ്പിക്കുന്നതിനും പരസ്പരം കണ്ടറിയുന്നതിനും ഉതകുന്ന ഒരു മാന്ത്രികശക്തിയാണു ഗേഥേ.

വിശ്വസാഹിത്യംഎന്ന വാക്കുതന്നെ ഉത്ഭവിക്കുന്നത് അദ്ദേഹത്തിൽനിന്നാണ്. വിവിധ ദേശങ്ങളിലും വിവിധ നിലകളിലും ഉള്ള ബുദ്ധിജീവികൾതമ്മിൽ ഒരു പരസ്പരധാരണയുണ്ടാകേണ്ടതു് ഏററവും അത്യാവശ്യമാണെന്നു അദ്ദേഹം മനസ്സിലാക്കി. അങ്ങനെ കവികൾ, നിരൂപകന്മാർ, ഗ്രന്ഥകാരന്മാർ, ശാസ്ത്രജ്ഞന്മാർ, തത്വചിന്തകന്മാർ, മുതലായവർ അന്യോന്യം അറിയേണ്ടതും പരസ്പരധാരണയിലെത്തേണ്ടതും തമ്മിൽത്തമ്മിൽ പൊരുത്തപ്പെടേണ്ടതും അവരുടെയും ജനസാമാന്യത്തിന്റേയും ശ്രേയസ്സിനു അനുപേക്ഷണീയമാണെന്നു് ലോകം അന്നു് ആദ്യമായി അറിഞ്ഞു. ഓരോരുത്തരുടേയും അഭിപ്രായത്തെ സമാദരിക്കാനും ഓരോരുത്തരും ലോകത്തിന്റെ അവിഭാജ്യഘടകമാണെന്നു് മനസ്സിലാക്കുവാനുമുള്ള കഴിവാണ് യഥാർത്ഥസംസ്കാരമെന്നു അദ്ദേഹം പരസ്യമായി പ്രസ്താവിച്ചു. ഈ ഒരു അഭിപ്രായത്തെ മുൻനിറുത്തിയുള്ള അദ്ദേഹത്തിന്റെ അശ്രാന്തയത്നത്തിന്റെ പരിണതഫലമാണ് വിവിധ കലാപ്രസ്ഥാനങ്ങളുടെയും കലാകാരന്മാരുടേയും സമ്മോഹനമായ സമ്മേളനം —വിശ്വസാഹിത്യം.

ഇനിയും ഗേഥേയെ ശ്രദ്ധിക്കുന്നതുകൊണ്ട് വിഷമപരിഹാരമുണ്ടാകുമോ എന്നു് സംശയിക്കുന്നവർ ധാരാളമുണ്ട്. അദ്ദേഹം ജീവിച്ചിരുന്ന പത്തൊൻപതാംനൂററാണ്ടിനെപ്പററിപ്പോലും അദ്ദേഹത്തിനു് വലിയ മതിപ്പോ വിശ്വാസമോ ഇല്ലായിരുന്നു.

"വലിയ സിദ്ധികളൊന്നുമില്ലെങ്കിലും ജനസാമാന്യത്തിന്റെമേൽ മേന്മയും അധികാരവും ഭാവിക്കുന്ന ഒരുകൂട്ടം പ്രായോഗിക ജീവികളുടെ ഭരണകാലമാണ് ഈ നൂററാണ്ട്. അധികവേഗം തിരിച്ചുവരികയില്ലാത്ത ഒരു കാലഘട്ടത്തിലെ അവസാന ഘടകങ്ങളാണ നാം" എന്നാണ അദ്ദേഹം ആ നൂററാണ്ടിനെപ്പററി എഴുതിയിട്ടുള്ളതു്. ഈ ഭയാശങ്കകളും അശുഭാപ്തിവിശ്വാസവും കുറച്ചുകൂടി പ്രസ്പഷ്ടമാക്കുമാറ് "കാലത്തിനൊത്ത ആരുംതന്നെ ഇപ്പോൾ തനിയെ ജനിക്കുന്നില്ലെന്നു മനസ്സിലാക്കുവാൻ നമ്മുടെ യുവാക്കന്മാർക്ക് കഴിവില്ലാത്തതു നമ്മുടെ ഭാഗ്യമായി കരുതാം." എന്നുകൂടി പറവാൻ അദ്ദേഹം മടിക്കുന്നില്ല.

സുശക്തമായ ഏകാധിപത്യത്തെ വാനോളം പുകത്തിക്കൊണ്ടുള്ള ഗേഥേയുടെ രാഷ്ട്രീയവും സാങ്കേതികവും ആയ അഭിപ്രായങ്ങൾ അദ്ദേഹം കാര്യമായി പുറപ്പെടുവിച്ചിട്ടുള്ളവയല്ല. വെറും വിനോദങ്ങൾക്കുവേണ്ടിയുള്ള ആവക പ്രസ്താവങ്ങൾ അദ്ദേഹത്തിന്റെ സ്വപ്നങ്ങൾമാത്രമെന്നു കരുതിയാൽ മതിയാകും. വളരെ വിദൂരമല്ലാത്ത ഒരുകാലത്തിൽ ലോകത്തിലെ ദുരന്തങ്ങൾ കണ്ടു പൊറുതിമുട്ടി വേറെ ഒരു സൃഷ്ടിതന്നെ നടത്താൻ ഈശ്വരൻ നിർബ്ബന്ധിതനായിത്തീരുമെന്നാണ് അദ്ദേഹം പറയാറുണ്ടായിരുന്നതു്. ഒരുപക്ഷെ അദ്ദേഹം വിഭാവനചെയ്ത ആ ദുർഘടസന്ധി നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന ഈ കാലഘട്ടമല്ലെന്നാരറിഞ്ഞു?

ഗേഥേയും ഗേഥേയുടെ കാലവും ഇങ്ങിനി വരാതെവണ്ണം മറഞ്ഞുപോയ ചരിത്രവസ്തുകളായിത്തീർന്നിട്ടുണ്ടെന്നു വിചാരിക്കുന്നവരുണ്ടായിരിക്കാം. ഗേഥേതന്നെയും കാലാന്തരത്തിൽ തിരസ്കൃതനായേക്കാം. എന്നാലും അദ്ദേഹത്തിന്റെ സന്ദേശം സർവ്വതിലും സൗഹാർദ്ദവും സൗമനസ്യവും ദർശിക്കണമെന്നുള്ള മനുഷ്യത്വത്തിന്റെ സന്ദേശം ലോകത്തിനു മറക്കുവാൻകഴിയുമെന്നുതോന്നുന്നില്ല.

ലോകത്തിനു അന്നും ഇന്നും എന്നും ആവശ്യമുള്ള ഏതോഒന്നു ഗേഥേയിൽ ഉണ്ട്. അതു് അവിടെമാത്രമേ കാണുവാൻ കഴിഞ്ഞിട്ടുമുള്ളൂ. അതുകൊണ്ടാണ് ഇന്നും ഈ വിപ്ലവകാലഘട്ടത്തിൽപ്പോലും, പൂർവാചാര്യന്മാരുടേയും, പൌരാണികസംസ്കാരത്തിന്റേയും നേരേ പല്ലിളിച്ചുകാണിക്കുന്ന ഈ പരിവർത്തനഘട്ടത്തിൽപ്പോലും അദ്ദേഹത്തെ ലോകം ആരാധിക്കുന്നതു്. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ചെവിക്കൊള്ളുവാൻ, സസൂക്ഷ്മം പഠിക്കുവാൻ വെമ്പൽകൊള്ളുന്നതു്. അവനവന്റെ ഉത്തരവാദിത്വം ശരിയ്ക്കു മനസ്സിലാക്കി ഓരോരുത്തരും ലോകത്തിന്റെ അനുപേക്ഷണീയഘടകമാണെന്നു മനസ്സിലാക്കി സാഹോദര്യത്തോടുകൂടി മുന്നോട്ടു പോകുവാനുള്ള ദിവ്യസന്ദേശമാണ് ആ ഉപദേശങ്ങളുടെയെല്ലാം സർവ്വസാരം. ആ സന്ദേശത്തിന്റെമുമ്പിലാണ് ലോകം എന്നും മുട്ടുകുത്തി കൂപ്പുകൈയ് അർപ്പിക്കുന്നതു്.

—0—

# *ഈശ്വരഭക്തി

മനുഷ്യജന്മത്തിന്റെ പരമോദ്ദേശ്യം നിത്യാനന്ദലാഭമാണ്. ഈ നിത്യാനന്ദത്തിനുള്ള ശ്രമമാണ് മനുഷ്യന്റെ സകല പ്രവൃത്തികളും. നിത്യാനന്ദം കിട്ടുന്നതുവരെ മനുഷ്യൻ തൃപ്തനല്ലെന്നുള്ളതിനു നമ്മുടെ നിത്യാനുഭവം സാക്ഷ്യം വഹിക്കുന്നു. മരണം, വിയോഗം, രോഗം, ദൌർബ്ബല്യം, വരാംവരായ്കയെപ്പററിയുള്ള അറിവില്ലായ്മ മുതലായവയുള്ള കാലത്തോളം മനുഷ്യനു നിത്യസുഖം ലഭ്യമല്ല - എന്തെല്ലാം ബാഹ്യസാമഗ്രികളുണ്ടായാലും ലഭ്യമല്ല. അതുകൊണ്ടു് മനുഷ്യൻ നിത്യസുഖപ്രാപ്തിക്കാകണമെങ്കിൽ അവൻ മരണത്തേയും അല്പജ്ഞതയേയും അതിക്രമിച്ച് അമരനും സർവ്വജ്ഞനുമായെങ്കിലേ സാധിക്കൂ. അതിനുള്ള വഴിയാണ് മതം പഠിപ്പിക്കുന്നതു.

“കസ്മിന്നു ഭഗവോ വിജ്ഞാതേ
സർവ്വമിദം വിജ്ഞാതം ഭവതി”

എന്നു ശ്രുതി ചോദിക്കുന്നു. അതായതു് “ഹേ ഭഗവൻ! എന്തിനെ അറിഞ്ഞാൽ ഇതെല്ലാം അറിയപ്പെട്ടതായി ഭവിക്കുന്നു?” എന്നു്, “മൃത്യോർമ്മാമൃതം ഗമയ” “മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കു നയിക്കുക” എന്നു പ്രാർത്ഥിക്കാൻ ശ്രുതി പഠിപ്പിക്കുന്നു.

മതത്തിന്റെ പരമലക്ഷ്യം സച്ചിദാനന്ദപ്രാപ്തിയാണ്—അതായതു് ഉൺമ (മരണമില്ലായ്മ), സർവ്വജ്ഞത്വം (ജ്ഞാനം), ആനന്ദം എന്നിവയുടെ നില പ്രാപിക്കയാണ്. ഇതു് ഇവിടെവച്ചുതന്നെ പ്രാപിക്കാവുന്നതും പ്രാപിക്കേണ്ടതും ആകുന്നു. മരണശേഷമുള്ള സ്വർഗ്ഗപ്രാപ്തിയാണു ലക്ഷ്യമെന്നു പഠിപ്പിക്കുന്ന മതങ്ങളുണ്ട്. ഹിന്ദുമതവും സ്വർഗ്ഗനരകങ്ങളെപ്പററി പറയുന്നുണ്ട്. എന്നാൽ അതിനെ ലക്ഷ്യമാക്കുന്നില്ല. മരണാനന്തരമുള്ള സ്വർഗ്ഗനരകങ്ങളാണു ലക്ഷ്യമെന്നു പഠിപ്പിക്കുന്ന മതങ്ങൾക്കു നിരീശ്വരവാദികളേയും യുക്തിവാദികളേയും തൃപ്തിപ്പെടുത്താൻ സാദ്ധ്യമല്ല. എന്തെന്നാൽ സ്വർഗ്ഗനരകങ്ങൾ തെളിയിക്കപ്പെടാവുന്നതോ ഈ ലോകത്തുവച്ച് അനുഭവിക്കാവുന്നവയോ അല്ല. സച്ചിദാനന്ദപ്രാപ്തിയാകട്ടെ അങ്ങനെയുള്ളതല്ല. അതു് ഇവിടെവച്ചുതന്നെ അനുഭവിക്കാവുന്നതാണ്. അങ്ങനെ അനുഭവിച്ചിട്ടുള്ള അനേകം മഹാത്മാക്കൾ ഉണ്ടായിട്ടുണ്ട്. ഇന്നും ഉണ്ട്. ഇതു് അനുഭവിച്ചില്ലെങ്കിൽ മനുഷ്യജന്മം നിരർത്ഥകമെന്നാണ് ശ്രുതി പറയുന്നതു്.

“ഇഹ ചേദവേദീദഥ സത്യമസ്തി
ന ചേദിഹാവേദീന്മഹതീ വിനഷ്ടിഃ.”

(ഇവിടെവച്ച് അറിഞ്ഞെങ്കിൽ ജന്മത്തിനു പ്രയോജനമുണ്ട്. അറിഞ്ഞില്ലെങ്കിൽ വലിയ നഷ്ടമാണ്)

ഈ നിത്യാനന്ദം ഒരുവനു് ശരീരമാണു താനെന്ന ഭാവം ഉള്ളപ്പോൾ ഉണ്ടാകാൻ സാദ്ധ്യമല്ല. ശരീരം രോഗജരാദികൾക്കു് അധീനമാണ്. ശരീരം ഉൽപത്തിവിനാശങ്ങളുള്ളതും ആണ്. അതുകൊണ്ടു് ശാസ്ത്രങ്ങൾ പറയുന്നു ശരീരബുദ്ധിയെ അതിക്രമിക്കണമെന്നു്.

“ദേഹോഹമെന്നുള്ള ബുദ്ധിമനുഷ്യക്കു
മോഹമതാവുമവിദ്യയാകുന്നതും”

അവിദ്യാനാശമാണ് മോക്ഷം.

“അവിദ്യാ ഹൃദയഗ്രന്ഥിമോക്ഷോ
മോക്ഷോ ഹി കീർത്തിതഃ”

വാസ്തവത്തിൽ നാം ദേഹമാണെന്നു വിചാരിക്കുന്നതു് അജ്ഞാനംകൊണ്ടല്ലേ? വാസ്തവത്തിൽ നാം ദേഹമാണോ? “എന്റെ കയ്യ്; എന്റെ കാല്; എന്റെ കണ്ണു്; എന്റെ തൊലി; എന്റെ മാംസം” എന്നു നാം വ്യവഹരിക്കുന്നു. ഈ വ്യവഹാരത്തിന്റെ അടിയിലുള്ള തത്വം നോക്കുമ്പോൾ നാം ഇതൊന്നുമല്ലെന്നും ഇതെല്ലാം നമ്മുടേതാണെന്നും കാണാൻ കഴിയും. കാച്ചുകൂടി ആലോചിക്കുമ്പോൾ ഇതു നമ്മുടേതുമല്ലെന്നു കാണാൻ കഴിയും. എന്തെന്നാൽ ഇവയിൽ ചിലതിനു കേടുവന്നാലും നമ്മുടെ ‘ഞാൻ’ എന്നതിനു കേടുവരുന്നില്ല. ‘ഞാൻ’ എന്നതിന്റെ ഒരംശത്തിനും ഹാനി സംഭവിക്കുന്നില്ല. അതുകൊണ്ടു് ഇതു് ‘ഞാൻ’ എന്നതിനോടു ബന്ധപ്പെട്ടതല്ലെന്നു കാണാം.

“നാഹം ദേഹോ മേ ദേഹഃ”

എന്നു ശാസ്ത്രം പറയുന്നു.

“നാകേദേഹേന സംബന്ധഃ
മേഘേനേവ വിഹായസഃ”

എന്നു് ആചാര്യശങ്കരൻ പറയുന്നു.

മനസ്സ്, ബുദ്ധി എന്നിവയെ സംബന്ധിച്ചും ഇതുതന്നെ സത്യം. “എന്റെ മനസ്സ്” ആണ്. ഞാൻ മനസ്സിന്റേതല്ല, മനസ്സ് എന്റെ അംശവുമല്ല. “എന്റെ മനസ്സ് ഇപ്പോൾ ചപലം; ഇപ്പോൾ സ്ഥിരം; ഇപ്പോൾ ക്രോധാധീനം; ഇപ്പോൾ ശാന്തം” ഇതാണു അനുഭവം. മനസ്സു ക്ഷുബ്ധമായോ ചപലമായോ ഇരിക്കുമ്പോഴും “എന്റെ ഒരംശം ചപലമായിരിക്കുന്നു; അല്ലെങ്കിൽ ക്ഷുബ്ധമായിരിക്കുന്നു.” എന്ന അനുഭവം മനോവൃത്തിയെ സാക്ഷിഭാവത്തിൽ പരിശോധിക്കുന്നവനുണ്ടാകുന്നില്ല. അതിനാൽ മനസ്സും ഞാനല്ല, അതുപോലെ ബുദ്ധിയും ഞാനല്ല.

“മനോബുദ്ധ്യഹങ്കാരചിത്താനി നാഹം
ന ച ശ്രോത്രജിഹ്വേ ന ച ഘ്രാണനേത്രേ”

എന്നു ശ്രീ ശങ്കരൻ പറയുന്നു. പരമാർത്ഥത്തിൽ ഞാൻ ഇതൊന്നുമല്ല. ഞാൻ ഇവയ്ക്കും ഇവയുടെ വ്യാപാരങ്ങൾക്കും സാക്ഷിയാണ്. ഇതു ഉള്ളിലേക്കു കണ്ണോടിച്ചാൽ ആർക്കും അറിയാവുന്നതാണ്.

അക്കാനലാദിവെളിവൊക്കെഗ്രഹിക്കുമൊരു
കണ്ണിന്നുകണ്ണുമനമാകുന്നകണ്ണു; അതിനു
കണ്ണായിരുന്നപൊരുൾ താനെന്നുറയ്ക്കുമള-
വാനന്ദമെന്തു്, ഹരിനാരായണായനമഃ

എന്നു എഴുത്തച്ഛൻ പറയുന്നതു ശ്രദ്ധിക്കുക. മനസ്സും അനുഭവിക്കപ്പെടുന്ന വസ്തുവാണ്. ഞാൻ ദ്രഷ്ടാവാണ്; അനുഭോക്താവാണ്.

ഈ ഞാനിനെ അറിയുമ്പോൾ മാത്രമേ പരമാർത്ഥമായ ആനന്ദം—നിത്യാനന്ദം കൈവരൂ. അപ്പോൾ മനുഷ്യൻ അമരനായിത്തീരുന്നു. താൻ ഉൽപത്തിവിനാശങ്ങളില്ലാത്ത നിത്യവസ്തുവാണെന്നും തനിക്കു ജനനമരണങ്ങൾ വാസ്തവത്തിൽ ഇല്ലായിരുന്നുവെന്നും താൻ ലീലയ്ക്കായി സ്വീകരിച്ച കല്പിതോപാധികൾ മാത്രമാണു ദേഹാദികളെന്നും അറിയുന്നു. പിന്നെ അയാൾക്കു അറിയേണ്ടതായൊന്നുമില്ല; ലഭിക്കേണ്ടതും ഒന്നുമില്ല.

“യം ലബ്ധ്വാ ചാപരം ലാഭം
മന്യതേ നാധികം തതഃ
യസ്മിൻസ്ഥിതോ ന ദുഃഖേന
ഗുരുണാപി വിചാല്യതേ”

(യാതൊന്നു് ലഭിച്ചിട്ടു മററു ലാഭമൊന്നും ഇതിനു മീതെയായി കരുതുന്നില്ലയോ യാതൊന്നിലിരുന്നാൽ മഹാദുഃഖങ്ങൾക്കുപോലും ഇവനെ ചലിപ്പിക്കുവാൻ സാധിക്കുന്നില്ലയോ’ എന്നു ഇതിനെപ്പററി പറയുന്നു. ഈ ബോധം സ്വസ്വരൂപബോധം — മനുഷ്യനുണ്ടാക്കിത്തീർക്കുകയാണു മതത്തിന്റെ ലക്ഷ്യം

“മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്.” എന്നു പ്രസംഗിച്ചു നടക്കുന്ന ചെറുപ്പക്കാർ ഈ രാജ്യത്തു വളരെയുണ്ട്. അങ്ങനെ ചില മതങ്ങളുണ്ടായിരിക്കാം. അഥവാ മനുഷ്യനെ മയക്കി അവന്റെ പണം പിടുങ്ങി ഭോഗങ്ങളനുഭവിക്കാനുള്ള മയക്കമരുന്നായി മതത്തെ ഉപയോഗിക്കുന്ന—മതബോധമോ മതവിശ്വാസമോ ഇല്ലാത്ത—ചില പുരോഹിതന്മാരും സ്വാർത്ഥികളും ലോകത്തുണ്ടായിരിക്കാം. അതുകൊണ്ടു യഥാർത്ഥമതം മനുഷ്യനെ മയക്കുന്ന കറുപ്പാകുന്നില്ല. പോളിററിക്സ് (രാജ്യതന്ത്രം മനുഷ്യരെ പററിക്കാനുള്ള ഉപകരണമാക്കപ്പെടുന്നില്ലേ? “Politics is the last refuge of a scoundrel’ എന്നാണു് ഒരു വലിയ പാശ്ചാത്യപണ്ഡിതൻ പറയുന്നതു്. അതായതു് “രാജ്യതന്ത്രം കള്ളനും നീചനുമായ ആഭാസന്റെ ഒടുവിലുള്ള ആശ്രയസ്ഥാനമാണ്’ എന്നർത്ഥം. നമ്മുടെ രാജ്യത്തുതന്നെ അങ്ങനെ നാം കാണുന്നില്ലേ? എന്നിട്ടും രാജ്യതന്ത്രത്തെപ്പററി അവർ എന്തുകൊണ്ടു് അങ്ങനെ പ്രസംഗിക്കുന്നില്ല? വാസ്തവത്തിൽ മതമാണ് മനുഷ്യനെ മയക്കുന്നതു്. അതോ ഭോഗസാധനങ്ങളോ? ചീട്ടുംകള്ളുകുടിയും പാട്ടും ചെണ്ടയും സെൻറും പൌഡറും കാളറും ടൈയും മനുഷ്യനെ മയക്കുന്ന സാധനങ്ങളല്ലേ? ഇവയ്ക്കുവേണ്ടി എത്ര മനുഷ്യരാണ് സത്യത്തെ ബലികഴിക്കുന്നതു്? ഇവയിൽ ഭ്രമിച്ചു് എത്ര കുട്ടികളാണ് ദുരാചാരങ്ങളിലേർപ്പെടുന്നതു്? എന്നിട്ടും ഇവയൊന്നും മനുഷ്യനെ മയക്കുന്നവയാണെന്നു് എന്തുകൊണ്ടു് ഇവർ പ്രഖ്യാപിക്കുന്നില്ല? ഹാർമ്മോണിയവും ഫിഡിലും നാഗസ്വരവും വെടിക്കെട്ടും മനുഷ്യനെ മയക്കുന്നവയല്ലേ? ഇവ സത്യത്തിലേയ്ക്കു് വഴിതെളിക്കുന്നുണ്ടോ? ഈ ഭോഗസാമഗ്രികളിലുള്ള ഭ്രമനിമിത്തമല്ലേ മനുഷ്യൻ കയ്ക്കൂലിയ്ക്കും കള്ളയാധാരത്തിനും കള്ളസാക്ഷിക്കും മുതിരുന്നതു്? എന്നിട്ടും ഇവയെല്ലാം വേണം; മതംമാത്രം വേണ്ട. എന്തുകൊണ്ടു്? മതംകൊണ്ടു വിശപ്പുനീങ്ങുകയില്ലപോലും! കയറിക്കിടക്കാൻ സ്ഥലം കിട്ടുകയില്ലപോലും. പാട്ടുകേട്ടാൽ വിശപ്പുമാറുമോ? വെടിക്കെട്ടുകണ്ടാൽ—വെടിമരുന്നുപുകച്ചാൽ—കയറിക്കിടക്കാൻ സ്ഥലം കിട്ടുമോ? എന്നിട്ടും മതംവേണ്ട. എന്തുകൊണ്ടു്? മതം സത്യംപറയുന്നതുകൊണ്ടു്. മതം പറയുന്നു ഇന്ദ്രിയങ്ങളുടെ പുറകേ ഓടാതെ—ഭോഗങ്ങളിൽ ഭ്രമിക്കാതെ ഇരിക്കാൻ. മതം പറയുന്നു സത്യം അന്വേഷിക്കാൻ. മതത്തിന്റെ ഉപദേശം ത്യാഗമാണ്. ലോകത്തിനുവേണ്ടതു് ഭോഗം. മതം അതിനു വിപരീതമായി നില്ക്കുന്നു. അതുകൊണ്ടു് ലോകം—വിശേഷിച്ചും യുവലോകം—മതത്തോടെതിർക്കുന്നു. മതം പറയുന്നു. ജന്തുക്കൾക്കു് ഭക്ഷണമാകേണ്ടതും മലം, മൂത്രം, രക്തം, മാംസം, അസ്ഥി, ഞരമ്പുകൾ എന്നിവയാൽ കെട്ടിയുണ്ടാക്കപ്പെട്ടതുമായ ഈ ദേഹത്തിൽ അഹങ്കരിക്കാതെയെന്നു്. മതം ചോദിക്കുന്നു ഇതിനെ അലങ്കരിക്കുന്നതിനു് ഇത്രവളരെ പണം ചിലവാക്കുന്നതെന്തിനെന്നു്. ഇതിനുവേണ്ടി പാവങ്ങളെ ഞെക്കിപ്പിഴിയുന്നതെന്തിനെന്നു്. സമയം ചിലവാക്കുന്നതെന്തിനെന്നു്. മതം പറയുന്നു സത്യം കാണുകയെന്നു്. ഞാൻ ഈ പറയുന്നതു് സത്യമല്ലേ എന്നു് നിങ്ങൾ ചിന്തിക്കിൻ! മനുഷ്യനു അഹങ്കരിക്കാനെന്താണുള്ളതു്? പണം, പഠിപ്പ്, ദേഹബലം, സൗന്ദര്യം ഇവയൊന്നും അഹങ്കരിക്കാനുള്ളവയല്ല. നാം വന്നപ്പോൾ ഒന്നും കൊണ്ടുവന്നില്ല. പോകുമ്പോൾ ഒന്നും കൊണ്ടുപോകയുമില്ല. നമ്മുടേതായിരുന്നെങ്കിൽ നമുക്കു കൊണ്ടുപോകാമായിരുന്നു. ഇതൊന്നും നമ്മുടെയല്ല. അതിനാൽ ധനത്തിൽ അഹങ്കരിക്കാതിരിക്കുക. പഠിപ്പ്; നാം എന്തുപഠിച്ചുവെന്നാലോചിക്കുക. ഒരു തരിമണലിനെപ്പററിപ്പോലും സമ്പൂർണ്ണജ്ഞാനം നമുക്കുണ്ടോ? ആററംബോംബ് ഇപ്പോഴല്ലേ കണ്ടുപിടിച്ചതു്. എന്നിട്ടും ആററത്തിനെപ്പററിയുള്ള ജ്ഞാനം പൂർത്തിയായോ. ഒരു ആററത്തിനെപ്പററിയുള്ള ജ്ഞാനംപോലും വേണ്ടത്ര നമുക്കില്ല ആകാശത്തിലേക്കു നോക്കിയാൽ കോടികോടി നക്ഷത്രങ്ങൾ നാം അവിടെ കാണുന്നു. ഇവയെപ്പററി നമുക്കെന്തറിയാം. ഒരു ചെറിയ ദേശത്തെപ്പററി നമുക്കെന്തറിയാം? ഒരാളെപ്പററി എന്തറിയാം? നമ്മേപ്പററിത്തന്നെ നമുക്കെന്തറിയാം? നാം അറിഞ്ഞിട്ടുള്ളതെത്ര തുച്ഛം. നാം അറിഞ്ഞതും അറിയാനുള്ളതുംകൂടി നോക്കിയാൽ ലോകത്തുള്ള സകല പണ്ഡിതന്മാരുടേയും ജ്ഞാനം ഒന്നിച്ചുചേർത്താൽ അറിയാനുള്ളതിന്റെ ഒരു കോടിയിലൊരംശം അറിവു് അവർക്കെല്ലാവർക്കുംകൂടിയുണ്ടോ? പിന്നെ നാം പഠിപ്പിൽ എന്തിനഭിമാനിക്കുന്നു? തലച്ചോറിന്റെ ഒരു നരമ്പിനു കേടുതട്ടിയാൽ ചിലപ്പോൾ നാം പഠിച്ചതെല്ലാം പോകുന്നില്ലേ? പിന്നെ ഇതിൽ അഭിമാനിക്കാനെന്തു്? സാൻഡോവും രാമമൂർത്തിയും ഹെർക്കുലിയസ്സും ഭീമനും മണ്ണടിഞ്ഞു. പിന്നെ നമ്മുടെ ദേഹബലത്തിൽ അഭിമാനിക്കാനെന്തു? ‘മണ്ണിൽനിന്നു വന്നു - മണ്ണിൽ ലയിക്കുന്നു; മണ്ണിലെ സാധനത്തെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു. ഇതിൽ അഹങ്കരിക്കാനെന്തു? സൌന്ദര്യം, അതെന്തു? വെറും കവികല്പനയല്ലേ? സൗന്ദര്യത്തെപ്പററി ഓരോ ദേശക്കാരുടേയും സങ്കല്പംതന്നെ എത്ര വ്യത്യസ്തം. പരമാർത്ഥത്തിൽ ചോരയും മലവും മാംസവും നിറച്ച ഈ എല്ലിൻകൂട്ടിൽ സൗന്ദര്യമെവിടെ?

“സ്തനൌ മാംസഗ്രന്ഥീ
കനകകലശാവിത്യുപമിതൌ
മുഖം ശ്ലേഷ്മാഗാരം തദപി ച
ശശാങ്കേന തുലിതം
സ്രവന്മൂത്രക്ലിന്നം കരിവര-
ശിരഃസ്പർദ്ധിജഘനം
മുഹുർന്നിന്ദ്യം രൂപം കവിവരവിശേ-
ഷൈരുപമിതം.”

എന്നു ഭർത്തൃഹരി പറയുന്നു.

ശ്ലേഷ്മോദ്ഗാരിമുഖം സ്രവന്മലവതീ
നാസാസ്രമല്ലോചനം
സ്വേദസ്രാവിമലാഭിപൂർണ്ണമഭിതോ
ദുർഗ്ഗന്ധദുഷ്ടം വപുഃ
അന്യദ്വക്തുമശക്യമേവ മനസാ
മന്തും ക്വചിന്നാർഹതി
സ്ത്രീരൂപം കഥമീദൃശം സുമന-
സാം പാത്രീഭവേന്നേത്രയോഃ

എന്നു ശങ്കരാചാര്യർ ചോദിക്കുന്നു. ഇതു സത്യമല്ലേ? മതം ഇപ്രകാരം സത്യങ്ങളെ പറയുന്നു. മനുഷ്യന്റെ ദേഹാഭിമാനം നശിപ്പിച്ചു ഭോഗതൃഷ്ണ കുറയ്ക്കുന്നു. അതാണോ മതത്തിന്റെ പേരിലുള്ള തെററു്? സത്യത്തെ ഇഷ്ടപ്പെടാത്തവർ—സത്യമറിയാൻ താല്പര്യമില്ലാത്തവർ—സത്യത്തെ ഭയപ്പെടുന്നവർ—മാത്രമേ മതത്തെ ദ്വേഷിക്കയുള്ളൂ. വാസ്തവത്തിൽ കാളറും ടൈയും ബൂട്ട്സും പാട്ടും മററുമാണ് മനുഷ്യനെ മയക്കുന്ന കറുപ്പ്—മതമല്ല.

മതം സച്ചിദാനന്ദാനുഭൂതിക്കുള്ള വഴിയാണ് പഠിപ്പിക്കുന്നതെന്നു ഞാൻ പറഞ്ഞുവല്ലോ. സച്ചിദാനന്ദാനുഭൂതി സ്വസ്വരൂപജ്ഞാനത്തിലിരിക്കുന്നുവെന്നും പറഞ്ഞുകഴിഞ്ഞു.

സ്വസ്വരൂപാനുഭൂതി എപ്പോഴുണ്ടാകുന്നു? മനശ്ചാഞ്ചല്യം നില്ക്കുമ്പോൾ. മനസ്സിനെ അലട്ടുന്നതു് രാഗദ്വേഷങ്ങളാണ്.

“ഇച്ഛാദ്വേഷസമുത്ഥേന
ദ്വന്ദ്വമോഹേന ഭാരത!
സർവ്വഭൂതാനി സമ്മോഹം
സർഗ്ഗേ യാന്തി പരന്തപ!’

എന്നു ഗീത പറയുന്നു.

രാഗദ്വേഷങ്ങളുടെ സന്താനങ്ങളും രൂപാന്തരങ്ങളും ആണ് കാമക്രോധാദികൾ. ഇവയിൽനിന്നു മനസ്സു വിമുക്തമാകാതെ ഒരിക്കലും ശാന്തിയോ നിത്യാനന്ദമോ കൈവരുന്നതല്ല. ഇന്നീ ലോകത്തു കാണുന്ന ബഹളമെല്ലാം രാഗദ്വേഷങ്ങളുടെ വിളയാട്ടമാണ്. മതവും മതവും തമ്മിലുള്ള മത്സരവും രാജ്യവും രാജ്യവും തമ്മിലുള്ള മത്സരവും വ്യക്തിയും വ്യക്തിയും തമ്മിലുള്ള മത്സരവും നേഷനും നേഷനും തമ്മിലുള്ള മത്സരവും തൊഴിലാളിയും മുതലാളിയും തമ്മിലുള്ള മത്സരവും എല്ലാം രാഗദ്വേഷങ്ങളുടെ വിളയാട്ടമാണ്. രാഗദ്വേഷങ്ങളില്ലെങ്കിൽ ഈ ബഹളമൊന്നുമില്ല. സർവ്വത്ര ശാന്തിയായിരിക്കും പ്രചരിക്കുന്നതു്. രാഗദ്വേഷങ്ങളെ ജയിക്കുന്നതിൽ വ്യക്തികൾ ഏർപ്പെടുന്നതിനെ ആശ്രയിച്ചാണ് ലോകത്തിന്റെയും വ്യക്തിയുടെയും ശാന്തി സ്ഥിതിചെയ്യുന്നതു്.

രാഗദ്വേഷങ്ങളെ ജയിക്കാനുള്ള ഉപായത്തിനെയാണ് യോഗമെന്നു പറയുന്നതു്.

“യോഗശ്ചിത്തവൃത്തിനിരോധഃ’

മനസ്സിന്റെ വൃത്തികളെ അടക്കുന്നതാണ് യോഗം. രാഗദ്വേഷരൂപത്തിലാണ് മനസ്സിന്റെ വൃത്തികൾ പ്രവർത്തിക്കുന്നതു്. യോഗം പലതരത്തിലുണ്ട്. അവയിൽ മുഖ്യമായതു നാലാണ് - കർമ്മയോഗം, ജ്ഞാനയോഗം, രാജയോഗം, ഭക്തിയോഗം. ഇവയിൽ ഭക്തിയോഗമാണ് ഏററവും എളുപ്പം.

“അത്യായാസകരാണി കർമ്മപടലാ-
ന്യാചര്യ നിര്യന്മലാ
ബോധേ ഭക്തപഥേഥവാപ്യുചിതതാ-
മായാന്തി കിം താപതാ
ദുഷ്ടാ തർക്കപഥേ പരം തവ വപുർ
ബ്രഹ്മാഖ്യമന്യേ പുന-
ശ്ചിത്താർദ്രത്വമൃതേ വിചിന്ത്യ ബഹുഭിഃ
സിദ്ധ്യന്തി ജന്മാന്തരൈഃ’

എന്നു ഭട്ടതിരിപ്പാടു പറയുന്നു. യുഗാവതാരപുരുഷനായ ശ്രീരാമകൃഷ്ണദേവന്റെ ശിഷ്യനായ ശ്രീ അഭേദാനന്ദസ്വാമികൾ പറയുന്നു —

“ഷഡംഗയോഗോ നയതഃ സുസാദ്ധ്യോ
ജ്ഞാനാധികാരീ സുലഭോ ന യസ്മാൽ
അഹേതുകീ ഭക്തിരതഃ കലൌ സ്യാൽ
വിജ്ഞാപകസ്തം ഭുവി രാമകൃഷ്ണ!”

എന്നു്. അതിനാൽ ഈ യുഗത്തിലേയ്ക്കു് ഏററവും പററിയതു് ഭക്തിയോഗമാണ്. ഭക്തിയുടെ സ്വരൂപം നാരദമഹർഷി വർണ്ണിച്ചിട്ടുണ്ട്.

“നാരദസ്തു തദർപ്പിതാഖിലാചാരതാ
തദ്വിസ്മരണേ പരമവ്യാകുലതാ ച”
“സാ ത്വസ്മിൻ പരമപ്രേമരൂപാ.”

ഭക്തിയെന്നാൽ ഭഗവാനോടുള്ള അളവററ സ്നേഹം. അതുകൊണ്ടു് തന്റെ സർവ്വസ്വവും ഭഗവാങ്കൽ സമർപ്പിക്കയും ഭഗവാനെ സ്വല്പമെങ്കിലും മറക്കാനിടവന്നാൽ പരമസങ്കടവും. ഈ കാണുന്ന പ്രപഞ്ചം കാര്യമാണ്. വികാരമുള്ളതെല്ലാം കാര്യമാണ്. ഇതിനൊരു കാരണമുണ്ടായിരിക്കണം. പ്രപഞ്ചത്തിൽ ചൈതന്യം നാം കാണുന്നു. അതിനാൽ മൂലകാരണം ചേതനമായിരിക്കണം. ചേതനത്തിനു് ജഡത്തെ സങ്കല്പിക്കാം. ജഡത്തിനു് ചേതനത്തെ സങ്കല്പിക്കാൻ സാധിക്കയില്ല. എന്തെന്നാൽ ജഡത്തിനു് സങ്കല്പശക്തിയില്ല. അതിനാൽ പ്രപഞ്ചത്തിനു മുഴുവൻ മൂലകാരണമായ ഒരു ചൈതന്യമുണ്ട്. അതാണ് ഈശ്വരൻ. അതു് ഒന്നാണ്; രണ്ടല്ല. രണ്ടുള്ളതൊക്കെ വികാരമുള്ളതാണ്. നിർവ്വികാരമായ ആ ഏകവസ്തു ദേശകാലനിമിത്തങ്ങളാൽ പരിമിതമല്ല. ഇപ്രകാരം ഏകനും അദ്വിതീയനും സർവ്വത്തിലും വ്യാപിച്ചു സർവ്വത്തെയും ഉള്ളടക്കി സർവ്വമായിരിക്കുന്ന ചിച്ഛക്തിയിൽനിന്നാണ് നാം ഉണ്ടായതു്. അതിനാൽ നാം അതിന്റേതാണ്. നാം തന്നെ അതിന്റേതാണെങ്കിൽ നമ്മുടേതെല്ലാം അതിന്റേതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അതിനാൽ നമ്മുടേതായൊന്നുമില്ല. സർവ്വവും അദ്ദേഹത്തിന്റേതാണ്. ഇപ്രകാരം സർവ്വവും അവിടെ സമർപ്പിക്കപ്പെട്ടാൽ പിന്നെ രാഗദ്വേഷങ്ങൾക്കവകാശമില്ല (തുടരും)

* ശ്രീ ആഗമാനന്ദസ്വാമികൾ ഇരിഞ്ഞാലക്കുട ക്ഷേത്രത്തിൽവച്ചുചെയ്ത പ്രസംഗത്തിന്റെ ചുരുക്കം.

## ആവശ്യമുണ്ട്

പുതിയ ഡിസൈനിലുള്ള യു. എസ്. ഏ. ഫൌണ്ടൻപേനകളുടെ വില്പനയ്ക്കായി കമ്മീഷൻ വ്യവസ്ഥയിലോ, 300രൂപ മുതൽ 700 രൂപ വരെയുള്ള ശമ്പളവ്യവസ്ഥയിലോ ഏജൻറന്മാരെ ആവശ്യമുണ്ട്. സാമ്പിളിനും സൗജന്യ ഏജൻസിവ്യവസ്ഥകൾക്കും എഴുതുക. എഴുത്തുകുത്തു ഇംഗ്ലീഷിൽമാത്രം.

Imperial Trading Co. (M. R. Q.)
Saader Bazaar, DELHI.




ജാതകാദേശം
(സവ്യാഖ്യാനം)
ഒന്നാംതരം ജ്യോതിഷപുസ്തകം
വില ണ. 15
ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

# കശ്യപക്ഷേത്രത്തിലെ വാർഷികോൽസവം - മദ്രാസ് ഗവർണ്ണരുടെ സന്ദർശനം









കശ്യപക്ഷേത്രത്തിന്റെ ഉത്സവത്തിൽ പങ്കെടുക്കുവാൻ കൊല്ലങ്കോട്ടുരാജാവു് ക്ഷണിച്ചതനുസരിച്ചു് മദ്രാസ് ഗവർണ്ണരും പത്നിയും കൊല്ലങ്കോട്ടുരാജാവിന്റെ അതിഥികളായി മൂന്നുദിവസം താമസിച്ചു. മുകളിലത്തെ വരി ഇടത്തുനിന്നു വലത്തോട്ടു്: മദ്രാസ് ഗവർണ്ണർക്കു പൂർണ്ണകുംഭം സമർപ്പിക്കുന്നതു്. ഇന്ത്യയുടെ ശില്പിതസംസ്കാരാദികളിൽ താല്പര്യമുള്ള ഒരു അമേരിക്കൻവനിതയായ മിസ്സിസ് ഫൌലട്ടൻ, ഭവനഗർ മഹാറാണി, കൊല്ലങ്കോട്ടുറാണി, മദ്രാസ് ഗവർണ്ണർ ഭവനഗർമഹാരാജാവു്, കൊല്ലങ്കോട്ടുരാജാവു് എന്നിവരെ രണ്ടാമത്തെ ചിത്രത്തിൽ കാണാം. കശ്യപക്ഷേത്രത്തിൽ മദ്രാസ് ഗവർണ്ണരെ ഏഴു ഗജവീരന്മാരുടെ അകമ്പടിസഹിതം പഞ്ചവാദ്യത്തോടുകൂടി സ്വീകരിച്ചു. രണ്ടാമത്തെവരി: അവിടത്തെ ക്ഷേത്രത്തിലെ ആചാരമനുസരിച്ചു് ഷർട്ടു ധരിക്കാതെ മുണ്ടും അംഗവസ്ത്രവും ധരിച്ചുകൊണ്ടു് ഗവർണ്ണർ ക്ഷേത്രത്തിൽ സ്വാമിദർശനം നടത്തുന്നു. ക്ഷേത്രത്തിലെ പുണ്യതീർത്ഥക്കുളത്തിൽ കൊല്ലങ്കോട്ടുരാജാവും ക്ഷേത്രനമ്പൂതിരിമാരും ആചാരമനുസരിച്ചു് ആദ്യം സ്നാനംചെയ്യുന്നു. ഈ ഉത്സവകാലത്തു് ഗംഗയിൽനിന്നു ഈ കുളത്തിലേയ്ക്കു പുണ്യതീർത്ഥം ഒഴുകുന്നുണ്ടെന്നു ഒരു ഐതിഹ്യമുണ്ടു്. ക്ഷേത്രക്കുളത്തിൽ സ്നാനം കഴിഞ്ഞു് മഹാവിഷ്ണുവിനെ ആനപ്പുറത്തു അലങ്കരിച്ചു് ഖഡ്ഗവും പരിചയുമേന്തി ഘോഷയാത്രയായി പോവുകയാണു് പതിവു്. മൂന്നാമത്തെവരി: കുളത്തിന്റെ പടിയിലിരുന്നു ആ ആചാരത്തെപ്പറ്റിയും ആ വാളിന്റെ പ്രാധാന്യത്തെപ്പറ്റിയും രാജാവു് ഗവർണ്ണരെ പറഞ്ഞുകേൾപ്പിക്കുന്നു. കുളക്കരയിൽനിന്നു് കശ്യപക്ഷേത്രവിഗ്രഹമായ ശ്രീമഹാവിഷ്ണുപെരുമാളിനെ കൊല്ലങ്കോട്ടുരാജാവിന്റെ നേതൃത്വത്തിൽ അലങ്കരിച്ചു് നെറ്റിപ്പട്ടമണിഞ്ഞ ഒരു ഗജവീരന്റെ മുകളിൽവച്ചു് ഘോഷയാത്രയായി നീങ്ങുന്നു. ഭവനഗർമഹാറാണിയും കൊല്ലങ്കോട്ടുറാണിയും മദ്രാസ് ഗവർണ്ണരും കൊല്ലങ്കോട്ടുരാജാവും ക്ഷേത്രത്തിനകത്തു്.









# ഭക്ഷണത്തിൽ പഴങ്ങളുടെ സ്ഥാനം

പി. സി. എം. രാജാ, ബി. എ. എൽ. ടി.

ഇന്ന് ഭക്ഷണക്ഷാമം ഭാരതത്തെ ഗ്രസിച്ചുകൊണ്ടിരിക്കെ സാമാന്യജനങ്ങൾ വല്ലതുംതിന്ന് വയറുനിറയ്ക്കാൻ വഴിയുണ്ടോ എന്നന്വേഷിച്ചു നടക്കുകയല്ലാതെ ഭക്ഷണത്തിന്റെ ശാസ്ത്രീയവശത്തെപ്പററി ദൈനംദിനം പുറപ്പെടുന്ന വിദഗ്ദ്ധാഭിപ്രായങ്ങളെ മനസ്സിലാക്കാൻ മിനക്കെടുമെന്ന് ഒട്ടും വിചാരിക്കേണ്ടതില്ല. എന്നാൽ നാം ഭക്ഷണവിഷയത്താൽ സ്വതവേ വളരെ അശ്രദ്ധകാണിക്കുന്നവരായിരിക്കേ, നമ്മുടെ ഇടയിലുള്ള വർദ്ധിച്ചരോഗങ്ങൾക്കും അകാലമരണത്തിനും ശരീരദൌർബ്ബല്യത്തിനും അതിശയമില്ല. ദരിദ്രൻമാത്രമല്ല, നടുത്തരക്കാരനും ധനവാനും ആരോഗ്യത്തെ നിലനിർത്തുന്ന ഭക്ഷണസാധനങ്ങളെപ്പററി പറയത്തക്ക പരിജ്ഞാനമൊന്നുമില്ല; അഥവാ ഭക്ഷണശാസ്ത്രം കുറെയറിഞ്ഞാൽ തന്നെയും, ദേഹഗുണത്തെ അവഗണിച്ച് വായയുടെ രുചിയെമാത്രം പ്രധാനമാക്കിയുംകൊണ്ടുള്ള ഭക്ഷണത്തിന്നേ ഒട്ടാകെ നമ്മുടെ കൂട്ടർ പ്രാധാന്യം കൊടുക്കുന്നുള്ളു.

പുരാതനഭാരതീയർ ഭക്ഷണവിഷയത്തിൽ വളരെ നിപുണരായിരുന്നുവെന്ന് അഷ്ടാംഗഹൃദയം മുതലായ വൈദ്യഗ്രന്ഥങ്ങളിൽനിന്നു തെളിയുന്നുണ്ട്. സമനിലപ്പെടുത്തിയതും ജീവകങ്ങൾ, ലവണധാതുക്കൾ, യവക്ഷാരപദാർത്ഥങ്ങൾ, ഓജസദ്രവ്യങ്ങൾ, കൊഴുപ്പുകൾ മുതലായ സത്തുക്കൾ അടങ്ങിയതുമായ ഭക്ഷണമാണ് ദിവസവും ഒരുവൻ ഭക്ഷിക്കേണ്ടതെന്ന് ഇന്ന് പാശ്ചാത്യരാജ്യക്കാർ കണ്ടുപിടിച്ച അതേ രഹസ്യമാണ് ഭക്ഷിക്കുമ്പോൾ ദേഹത്തിന് ഷഡ്രസങ്ങൾ ലഭിക്കുമാറാകണമെന്ന് അഷ്ടാംഗഹൃദയകാരൻ ആയിരംകൊല്ലങ്ങൾക്കു മുൻപ് എഴുതിവെച്ചിട്ടുള്ളത്. തൽക്കാലം ഭക്ഷണത്തിൽ പഴങ്ങൾ ഉൾപ്പെടുത്തുന്നതിന്റെ അത്യാവശ്യകതയെപ്പററിമാത്രം പ്രസ്താവിച്ചുകൊള്ളാം.

ആരോഗ്യത്തോടുകൂടി ദീർഘകാലം ജീവിച്ചിരിക്കാൻ പാലും പഴവുംമാത്രം ഭക്ഷിച്ചാൽ മതിയെന്ന് പാശ്ചാത്യന്മാർക്ക് ബോദ്ധ്യപ്പെട്ടിരിക്കെ അവർ മുന്തിരിങ്ങ, ഓറഞ്ച്, കൈതച്ചക്ക മുതലായ നാനാതരം ഫലങ്ങൾ ഭക്ഷിക്കുന്നതിൽ ജാഗ്രതകാണിക്കുന്നു. പഴത്തോട്ടങ്ങൾ അമേരിക്കയിലും യൂറോപ്പിലും ആസ്ത്രേലിയയിലും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഇപ്പോൾ ഓരോ കൊല്ലവും ലോകത്തിൽ ഉല്പാദിക്കപ്പെടുന്ന ൩൪൫ മില്യൻ മൻ (ഒരു മില്യൻ=൧൦ ലക്ഷം) പഴങ്ങളിൽ ഭൂരിഭാഗവും പ്രസ്തുത രാജ്യങ്ങളിലാണെന്നറിയുമ്പോൾ പാശ്ചാത്യർ ഭക്ഷിക്കുന്ന പഴത്തിന്റെ തോത് ഊഹിക്കാം. പഴംകൂടാതെയുള്ള ഭക്ഷണം ഭക്ഷണമാകുന്നില്ലെന്നാണ് ഏതു പാശ്ചാത്യനും കരുതിയിരിക്കുന്നത്. ആവശ്യം കഴിഞ്ഞുള്ള പഴങ്ങളാണ് കേടുവരാതെ സൂക്ഷിച്ച് ആസ്ത്രേല്യയിൽനിന്നും മററും ബ്രിട്ടനിലേക്കയയ്ക്കുന്നത്. വിഭജനത്തിനുമുമ്പ് ഇന്ത്യയിൽ ഉല്പാദിക്കപ്പെട്ട പഴങ്ങൾ ൩.൫ മില്യൻ മൻ മാത്രമാണ്. വിഭജനാനന്തരം പഴകൃഷി അധികവും പാകിസ്ഥാനിലേക്കാണ് ലഭിച്ചത്. ഇനി കാശ്മീരും നഷ്ടപ്പെട്ടാൽ ഇന്ത്യയിൽ പഴകൃഷിസൌകര്യം മിക്കതും നശിച്ചപോലെ കരുതാം. തെക്കെഇന്ത്യ വാഴപ്പഴം, മാമ്പഴം മുതലായവയ്ക്ക് ഒട്ടാകെ പ്രസിദ്ധമാണെങ്കിലും പ്രാചീനകൃഷിസമ്പ്രദായവും പ്രാണിദ്രോഹവും നിമിത്തം അനുഭവം ക്രമേണ കുറഞ്ഞുവരുന്നത്. ലോകത്തിൽവെച്ച് ഏററവും പ്രശസ്തമായ രീതിയിൽ പഴത്തോട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നതു ട്രിനിഡാഡിലാണല്ലോ (Trinided) അവിടെയുള്ള പഴഗവേഷണസ്ഥാപനങ്ങളുടെ നടത്തിപ്പ് മനസ്സിലാക്കാൻവേണ്ടി ഈയിടെ ഗവൺമെന്റ് ഒരു മലയാളിയുൾപ്പെടെ ചിലരെ നിയോഗിച്ചതിന്റെഫലമായി കാലംകൊണ്ട് നമുക്കും പഴകൃഷിയിൽ വല്ല അഭിവൃദ്ധിയും നേടാൻ കഴികയില്ലെന്ന് ആരറിഞ്ഞു.

ഇംഗ്ലണ്ടിലെ ധനകാര്യമന്ത്രിയായ ക്രിപ്സിന് അനാരോഗ്യം ബാധിച്ചപ്പോൾ ദേഹം പരിശോധിച്ച വിദഗ്ദ്ധന്മാർ നേന്ത്രപ്പഴവും തേനും നെയ്യും ചീനിപ്പഞ്ചസാരയും ചേർത്തിയ പഴക്കൂട്ട് ദിവസവും ഭക്ഷിച്ചാൽ മതിയെന്നു ശുപാർശി ചെയ്തതും പ്രാതൽഭക്ഷണത്തിന് ഭഗവാന് നിവേദിക്കപ്പെട്ട "ത്രിമധുരം" വേണമെന്ന് പുരാതന ഹൈന്ദവപുരോഹിതർ വിധിച്ചതും ഒരേ കാരണംകൊണ്ടായിരിക്കണം. ആദ്യംവന്ന പോർച്ചുഗീസുകാർ (പറങ്കികൾ) കേരളത്തിൽനിന്നും കപ്പൽനിറയെ കൊണ്ടുപോയ ചെറുനാരങ്ങയുടെ കാറ് ഏല്ക്കു നിമിത്തം അവർ ത്വക്ക്രോഗത്തിൽനിന്നും (ഒരുപക്ഷേ പറങ്കിപ്പുണ്ണ്) വിമുക്തരായി എന്നെഴുതിവച്ചതും ഉഷ്ണപ്പുണ്ണ്, ചൊറി മുതലായവയ്ക്കു ലേപനംചെയ്യുന്ന മരുന്നിൽ അല്പം ചെറുനാരങ്ങാനീർ ചേർക്കണമെന്നു ആര്യവൈദ്യന്മാർ ൧൫൦൦ കൊല്ലങ്ങൾക്കുമുമ്പു വിധിച്ചതും നാം ഒന്നു ബന്ധിപ്പിച്ചുപഠിക്കേണ്ടതാണ്. ചെറുനാരങ്ങാനീർ ബാഹ്യമായിത്തന്നെ ഇത്ര ഗുണംചെയ്യുമ്പോൾ ഉൾക്കൊണ്ടാലുണ്ടാകുന്ന ഫലം എത്ര മികച്ചതായിരിക്കണം!

ശരീരവളർച്ചയ്ക്കും രോഗങ്ങളെ തടുക്കാനുള്ള ശക്തിക്കും പഴം ഭക്ഷിക്കുന്നതത്യാവശ്യം. രക്തക്കുറവിനാൽ പിത്തം ബാധിച്ചവർ പഴങ്ങൾ ഭക്ഷിച്ചാൽ ദേഹത്തിനാവശ്യമായ ഇരുമ്പുധാതു ലഭിച്ച് സുഖശരീരികളായിത്തീരുന്നു. പഴങ്ങൾ കണ്ടാൽത്തന്നെ വായിൽ ഉമിനീർ പെരുകി, വിശപ്പും ദഹനശക്തിയും വർദ്ധിക്കാനിടയാവും. ചീയാത്ത പുതിയ പഴങ്ങളിൽ വളരെയധികവും ജീവകങ്ങളും (Vitamins) ലവണധാതുക്കളും അടങ്ങിയിരിക്കയാൽ ദുർബ്ബലവാന്മാർ ധാരാളം പഴം ഭക്ഷിക്കണം. ജീവകങ്ങൾ ദേഹത്തിനു ലഭിച്ചാൽമാത്രമേ തക്ക വളർച്ചയും; ആരോഗ്യവും, രോഗാണുക്കളോടു മല്ലിടാനുള്ള കെൽപ്പും ദേഹത്തിനുണ്ടാകയുള്ളു. അശ്രദ്ധ, ക്ഷീണം, നാഡിതളർച്ച ഇവയുടെ നിവാരണാർത്ഥം ധാരാളം പഴം തിന്നുക. അധികരിച്ച പഴഭക്ഷണത്താൽ ദേഹത്തിനു വേണ്ടത്ര ഏ, ബി, സി. ജീവകങ്ങൾ ലഭിക്കുന്നു. 'ഏ' ജീവകമാണ് വളർച്ചയും സന്താനോല്പാദനശക്തിയും തരുന്നത്. ഇതിന്റെ അഭാവത്താൽ ഒരുവനു കാഴ്ചക്കുറവ് (പ്രത്യേകിച്ചും നിശാന്ധത), പകർച്ചവ്യാധികളെ തടയാനുള്ള കഴിവില്ലായ്മ മുതലായവ അനുഭവിക്കാനും. മഞ്ഞയും പച്ചനിറവുമായ പഴങ്ങളിൽ ആപ്രികോട്ട്, പറങ്കിയണ്ടി (കശുഅണ്ടിപ്പഴം), ഈത്തപ്പഴം, അത്തിപ്പഴം, ചക്കപ്പഴം, ചുവന്ന പീച്ച്സ്പഴം, മാമ്പഴം, ഓറഞ്ച്പഴം, പപ്പായ (കർമ്മൂസ്)പഴം, കദളിപ്പഴം (ചെങ്കദളി), കൈതച്ചക്ക, വത്തക്ക, വാഴപ്പഴം മുതലായവയിൽ 'ഏ' ജീവകമടങ്ങിയിട്ടുണ്ട്.

'ബി' വകുപ്പിൽപ്പെട്ട ജീവകങ്ങളില്ലാതെ നമുക്കു വേണ്ടത്ര ശുദ്ധരക്തം ലഭിക്കുവാനോ മജ്ജാതന്തുവ്യവസ്ഥയിലുള്ള ദഹനേന്ദ്രിയങ്ങളെ ക്രമപ്പെടുത്താനോ സാധ്യമല്ല. ആത്തിച്ചക്ക (മധുരജംബ്), വാഴപ്പഴം, ഈത്തപ്പഴം, മുന്തിരിങ്ങാപ്പഴം, ഓറഞ്ച് (മധുരനാരങ്ങ), ഇംഗ്ലീഷുപിയേർസുപഴം, തക്കാളിപ്പഴം, ഉണക്കമുന്തിരിങ്ങാപ്പഴം ഇവ വേണ്ടത്ര ഭക്ഷിക്കുന്നവർക്ക് ശരീരത്തിനാവശ്യമുള്ള ബി ജീവകങ്ങൾ കിട്ടുന്നതാണ്. വളർച്ചയ്ക്കും പോഷണത്തിനും ആധാരമായ ജീവമൂലസാധനങ്ങളുടെ ഗുണത്തിനും ആരോഗ്യത്തിനും 'സി' ജീവകവും അത്യന്താപേക്ഷിതമത്രേ. നീരുള്ള പഴങ്ങളായ ഓറഞ്ച്, ചെറുനാരങ്ങ, മുന്തിരിങ്ങാപ്പഴം, തക്കാളിപ്പഴം നെല്ലിക്കായ്, കൊയ്യക്കാ (പേരക്കാ), കൈതച്ചക്ക, കർമ്മൂസ് (പപ്പായ), മാമ്പഴം മുതലായവ വേണ്ടത്ര ദിവസേന ഭക്ഷിക്കുന്നതിനാൽ ശരീരത്തിനു സി ജീവകവും ലഭിക്കുന്നു.

ജീവകങ്ങളെപ്പോലെ ശരീരാരോഗ്യത്തിനു ലവണധാതുക്കളടങ്ങിയ ഭക്ഷണവും ഒഴിച്ചുകൂടാത്തതാണ്. എല്ല്, പല്ല് ഇവയുടെ ശരിയായവളർച്ചയ്ക്കും ബലത്തിനും രക്തശുദ്ധിക്കും സഹായിക്കുന്നത് ചുണ്ണാമ്പ്, ഫോസ്ഫറസ് (പ്രകാശദം), ഇരുമ്പ് മുതലായവയാകയാൽ ദിവസേന അത്തിപ്പഴം, ഈത്തപ്പഴം, കൊയ്യക്ക, ചെറുനാരങ്ങ, ഓറഞ്ചുമുതലായവ തിന്നേണ്ടതാണ്. എന്നാൽ കാൽസിയം എന്ന ചുണ്ണാമ്പും ദേഹത്തിനുകിട്ടും. ഉണക്കമുന്തിരിങ്ങ, ശീമഇല്ലപ്പെപ്പഴം (Wood-apple=വിളാമ്പഴം), പഴുത്ത പുളി, ഉറുമാമ്പഴം (മാതളം) ഇവയിൽ ധാരാളം കാൽസിയവും, ഫോസ്ഫറസ്സും അടങ്ങിയിട്ടുണ്ട്. കാലക്കായ്, കൈതച്ചക്ക, വാഴപ്പഴം (വിശേഷിച്ചു ചെങ്കദളി), ഏലന്തി, പുളി, ജംബുപ്പഴം, കാരസ്ക്ക, ഉണക്കമുന്തിരി, ആപ്രികോട്ടുപഴം ഇവ ദിവസവും അശിക്കുന്നതിനാൽ ഇരുമ്പ് ഉൾക്കൊള്ളുന്നു.

യവക്ഷാരപദാർത്ഥങ്ങളായ മാവും പഞ്ചസാരയുംചേർന്നവ ഭക്ഷിക്കാഞ്ഞാൽ ശക്തിയും പ്രവർത്തനപാടവവും, ചൂടും ഇല്ലാതെ ക്ഷീണം ശരീരം നശിക്കുമല്ലോ. വെറും അരി മുതലായ ധാന്യങ്ങളോ കിഴങ്ങുവകകളോ ഭക്ഷിക്കുന്നതിനുപകരം തക്ക പഴങ്ങളാണ് കഴിക്കുന്നതെങ്കിൽ മാവുപദാർത്ഥവും പഞ്ചസാരയും യഥാവിധി ലഭിച്ച് ശരീരം സുരക്ഷിതമായിത്തീരും. പഴുത്ത പഴങ്ങളിൽ പഞ്ചസാരയും പച്ചനിറത്തിലുള്ള ഫലങ്ങളിൽ മാവും അടങ്ങിയിരിക്കുന്നു. കായ്കനികളിലെ മാവുരൂപമുള്ള സാധനമാണ് (ധാന്യതുക) അവ പഴുക്കുമ്പോൾ പഞ്ചസാരയായിമാറി മധുരംതരുന്നത്. സാധാരണ പഞ്ചസാരഭക്ഷിക്കുന്നതിനാൽ പല്ലുകളുംമററും കേടുവരുന്നതുപോലെ പഴങ്ങളിലെ പഞ്ചസാര ഭക്ഷിക്കുന്നതുകൊണ്ട് ആ ദോഷം വരുന്നതുമല്ല. പഴങ്ങളിൽ അടങ്ങിയ അമ്ല (acid) വും മററ സത്തുക്കളും (cellulose മുതലായവ) ദീപനത്തിന് അത്യധികം സഹായിക്കുന്നു. സെല്ലുലോസ് ഉള്ളതുകൊണ്ടാണ് പഴഭക്ഷണക്കാർക്ക് മലശോധന ശരിക്കുണ്ടാവുന്നത്. മലബന്ധനിവാരണാർത്ഥം അതിരാവിലെ പഴച്ചാറ്, ഉണക്കിയ ഈത്തപ്പഴം, മുന്തിരിങ്ങാപ്പഴം, പുതിയ പഴം (വാഴ) ഇവ വല്ലതും ഭക്ഷിക്കേണ്ടതാണ്. 'ബി' ജീവകമടങ്ങിയതിനാലാണ് പുതിയ (ചീയാത്ത) പഴങ്ങൾ ഭക്ഷിക്കുന്നവർക്ക് സുഖശോധന ലഭിക്കുന്നത്. ഇങ്ങനെ ശുദ്ധമായ പലതരം പഴങ്ങൾ വേണ്ടത്ര ഭക്ഷിക്കുന്നവർക്ക് രക്തദൂഷ്യം മലബന്ധം, ഉന്മേഷമില്ലായ്മ, ശക്തിക്കുറവ്, പിത്തം മുതലായ രോഗങ്ങളൊന്നും വരില്ല. മരുന്നുകളുടെ സഹായംകൂടാതെ പഴങ്ങൾ ക്രമപ്രകാരം ഭക്ഷിച്ചാൽ മിക്കദീനങ്ങളിൽനിന്നും മോചനംനേടാം.

സാധാരണ പഴഭക്ഷണം വളരെ വിലയേറിയതാണെങ്കിലും തെക്കെഇന്ത്യയിലെ മാമ്പഴം, വാഴപ്പഴം മുതലായവ അത്രതന്നെ പണച്ചെലവുള്ളതല്ലെന്നല്ല, ഗുണത്തിൽ ഒട്ടും പിന്നണിയിലുമല്ല. വളർച്ചയ്ക്കും രോഗശമനത്തിനും പററുന്ന "മലമ്പഴങ്ങൾ" പല മലയോരങ്ങളിലും ഉണ്ടാകുന്നു. വാഴപ്പഴങ്ങളുടെ ചക്രവർത്തിയും മിക്കവാറും കേരളത്തിൽമാത്രം നന്നായി വിളയുന്നതിനാൽ നമ്മുടെ കുത്തകയുമായ നേന്ത്രപ്പഴം ഏററവും രുചികരമെന്നല്ല ധാരാളം "ഏ" "ഈ." ജീവകങ്ങൾ അടങ്ങീട്ടുള്ളതുമത്രേ. വേവിച്ചാലും ഇതിലെ സത്ത് നശിക്കുന്നില്ല. പഴങ്ങളിൽ മികച്ചത് വാഴപ്പഴമാണെങ്കിൽ വാഴപ്പഴങ്ങളിൽ മികച്ചതു നേന്ത്രപ്പഴമാണെന്നു നാം പണ്ടേ ധരിച്ചതാണ്. വാഴപ്പഴം ഇന്ത്യയിലെ അതിപുരാതനവിളവാണ്. ഇന്ത്യയിലെ വാഴപ്പഴങ്ങളുടെ സമൃദ്ധികണ്ടു അതിശയിച്ച മഹാനായ അലക്സാണ്ടർ വാഴക്കൃഷി ഗ്രീസിലും നടപ്പാക്കാൻ ശ്രമിച്ചതായി രേഖപ്പെടുത്തീട്ടുണ്ട്. എന്നാൽ ആ ശ്രമമത്രഫലിക്കാത്തതായിരിക്കണം പിൽക്കാലം ഭാരതമാക്രമിച്ച മുഹമ്മദീയരെ ഇവിടെനിന്നു വാഴത്തയ്യുകളെ പാലസ്തീൻ, ഈജിപ്ത് മുതലായ സ്ഥലങ്ങളിലേക്ക് കൊണ്ടുപോയി കൃഷിചെയ്യിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരാക്കിയത്.

ഇന്ത്യയിൽ ൩൦൦ തരം വാഴകളുണ്ട്. നമ്മുടെ മദിരാശിസംസ്ഥാനമാണ് ഇന്ത്യയിൽ വാഴകൃഷിക്കു ശ്രുതിപ്പെട്ടിരിക്കുന്നതും. പിന്നെ യഥാക്രമം ബങ്കാൾ, ഒറീസ്സ, ആസ്സാം, ഐക്യസംസ്ഥാനം മുതലായ പ്രവിശ്യകൾ വാഴകൃഷിക്കു പററിയ മണ്ണുള്ളതാകയാൽ അവിടങ്ങളിലും വാഴകൃഷി മിക്കവാറും നന്നായി നടത്തുന്നു. മദിരാശിസംസ്ഥാനം വാഴകൃഷിയിൽ മുന്നണിയിലായിട്ടും നാം ബങ്കാളികളേക്കാൾ കുറച്ചു പഴമേ സാധാരണ തിന്നാറുള്ളു. ഒരു കൊല്ലം ഒരു ബങ്കാളി ശരാശരി [illegible] റാത്തൽ വാഴപ്പഴം തിന്നുമ്പോൾ മദിരാശിക്കാരൻ [illegible] റാത്തൽ മാത്രമേ ഭക്ഷിക്കാറുള്ളു. കുഞ്ചൻനമ്പ്യാർ തുള്ളലുകളിൽ വർണ്ണിച്ചവിധം പല പഴങ്ങളും പഴപ്രഥമനും "ചെല്ലത്തി"വിടുന്ന ബ്രാഹ്മണർപോലും ഇന്ന് അത്ര പഴം ഭക്ഷിക്കാത്തത് ആകെ നമ്മെ ബാധിച്ച സാമ്പത്തികാധഃപതനംകൊണ്ടാവണം. ഐക്യസംസ്ഥാനത്തുകാർ ശരാശരി ഓരോ കൊല്ലം അരറാത്തൽ വാഴപ്പഴംവീതമേ ഭക്ഷിക്കുന്നുള്ളുപോൽ! ഗോതമ്പുചപ്പാത്തിയും പാലും പക്ഷെ അവർ ധാരാളം കഴിക്കുന്നതാശ്വാസകരം. വാഴപ്പഴത്തിന്റെ പല ഗുണങ്ങളും അറിഞ്ഞതാണ് വാഴയെ കല്പകവൃക്ഷമായി ആരാധിക്കാനും ഇടയായത്. ഏ. ബി. സി ഡി. ഈ എന്നീ അഞ്ച് പ്രധാന ജീവകങ്ങളും (Vitamins) വാഴപ്പഴത്തിലുണ്ട്. വാഴപ്പഴം തിന്നാംപോലെ മററെന്തുവിളവ് ഭക്ഷിച്ചാലും ശരീരത്തിന്നാവശ്യമായ "കാലൊറി" (Caloric) ശക്തി കിട്ടുന്നതല്ല ഓറഞ്ച്, കൊയ്യക്ക മുതലായ പഴങ്ങളിലുള്ളതിലേറെ കാൽസിയം, പൊട്ടാഷ്, ഫോസ്ഫറസ് മുതലായ ലവണധാതുക്കൾ വാഴപ്പഴത്തിലുണ്ട്. വാഴപ്പഴം തിന്നുന്നതിനുമീതെ പച്ചവെള്ളമോ, മററുവെള്ളമോ കുടിക്കുന്നതുകൊണ്ട് യാതൊരു ദോഷവുമില്ല. ഗർഭിണികൾക്കും കുട്ടികൾക്കും പഴങ്ങൾ (കുന്നൻ പ്രത്യേകിച്ചും) വിധിച്ച ആചാര്യന്മാർ ഇന്നത്തെ ഗവേഷകന്മാരെപ്പോലെ വാഴപ്പഴത്തിന്റെ മാഹാത്മ്യമറിഞ്ഞിരുന്നു എന്നതിന്,

"രംഭാ പക്വഫലം കഷായമധുരം
ബാല്യം ച ശീതം തഥാ
പിത്തം ചാസ്രവിവർദ്ധനം ഗുരുതരം
പഥ്യം ന മന്ദാനലേ
സദ്യഃ ശുക്രവിവർദ്ധനം ക്ലമഹരം
തൃഷ്ണാപഹം കാന്തിദം
ദീപ്താഗ്നൌ സുഖദം മഹാമയഹരം
സന്തർപ്പണം ദുർജ്ജരം"

എന്ന പദ്യം മതിയായ ദൃഷ്ടാന്തമാണ്. കാഴ്ചക്കുള്ള ഭംഗിനിമിത്തമല്ല, ആരോഗ്യദായിനിയും രുചിപ്രദായിനിയുമായ വാഴപ്പഴത്തെ പഴയകാലംമുതൽ കാഴ്ചദ്രവ്യമായും ഈശപ്രീതിക്കു ഏററവും പററിയ നിവേദ്യദ്രവ്യമായും കല്യാണം, ശ്രാദ്ധം, പിറന്നാൾ മുതലായ ശുഭവേളകളിൽ അവശ്യം ഉപയോഗിക്കേണ്ട വസ്തുവായും അതിഥിസല്കാരോപകരണമായും കുട്ടികൾക്കു സമ്മാനിക്കാൻ പററിയ വിശിഷ്ടസാധനമായും പൂർവ്വികന്മാർ ഗണിച്ചുവന്നിട്ടുള്ളത്. പഴം നൽകിയിരുന്ന മനഃസംതൃപ്തിയേക്കാൾ പഴംതിന്നാലുള്ള ദേഹഗുണമായിരിക്കണം ഇത്രയും വലിയ പദവിയിൽ അതിനെ വാഴിപ്പിക്കാൻ വഴിയാക്കിയത്. സ്വതവേ കൃഷിതന്നെയറിയാത്ത ആഫ്രിക്കയിലെ അനാഗരികരായ പിഗ്മികൾക്ക ഏററവും ആർത്തി വാഴപ്പഴം തിന്നുന്നതിലാകയാലാണ് അവർ അനവധിദിവസം ജലപാനംകൂടിയില്ലാതെ അവരുടെ കാട്ടുകൾക്കരികിലുള്ള യൂറോപ്യന്മാരുടെ വാഴത്തോട്ടങ്ങളിൽ പഴുത്തുനില്ക്കുന്ന വാഴക്കുലകളെ മോഷ്ടിച്ചുതിന്നാൻവേണ്ടി പാർത്തുനില്ക്കാറുള്ളതും. ഒരു പിഗ്മി ഒരേ ഇരിപ്പിൽ സുമാർ ൧൦൦ വാഴപ്പഴംതിന്നുമെന്നു കണക്കാക്കിയിരിക്കുന്നു.

മൂത്തുപഴുത്ത നെല്ലിക്ക—വിശിഷ്യ ഇന്ത്യൻ നെല്ലിക്ക—'സി' ജീവകം വളരെയധികമുള്ളതാകയാൽ പിത്തം, രക്തക്കുറവ് മുതലായ രോഗമുള്ളവർക്കു ദിവ്യൗഷധമാണ്. ഒരു നെല്ലിക്ക ഭക്ഷിച്ചാൽ മൂന്നു ഓറഞ്ചു ഭക്ഷിച്ചാലുള്ളത്ര ഗുണമുണ്ടുപോൽ. പണ്ട് സിലോൺ (ലങ്ക) നിവാസികൾ പിത്തത്താലും മററും കണക്കിലേറെ കുഴങ്ങിയതായികേട്ടു അശോകചക്രവർത്തി അങ്ങോട്ടു കുറേച്ചാക്ക് നെല്ലിക്ക അയച്ചുകൊടുത്തതായും അതു തിന്നതിനാൽ ജനങ്ങൾ രക്ഷപ്പെട്ടതായും ഐതിഹ്യമുണ്ട്. ചെറുനാരങ്ങയും നെല്ലിക്കയുംമററും ഉപ്പിലിട്ട് സൂക്ഷിച്ചാലും സത്തുകുറയുകയില്ല. ഉണക്കനെല്ലിക്കപോലും ഗുണകരമത്രെ. നെല്ലിക്കകഴിച്ചാൽ 'സി' ജീവകമധികമുള്ള ഫലങ്ങൾ കർമ്മൂസ്, തക്കാളി, കൈതച്ചക്ക മുതലായവയാണ്. പപ്പായ (കർമ്മൂസ്) യിലുള്ള ഒരു പുളിപ്പുവസ്തു (നാരുപ്പിക്കുന്നത്) ദീപനസഹായിയാണ്. ഒരു "കൃമിഘ്ന"മായും പപ്പായത്തെ കരുതാം. ഈ മൂന്നു പഴങ്ങളും ശീമപ്പഴങ്ങളായി ഗണിക്കപ്പെടുന്നു. ൧൫൦൦-ലാണ് പറങ്കികൾ ആദ്യമായി യൂറോപ്പിൽനിന്നും കേരളത്തിലേക്കു കൈതച്ചക്ക കൊണ്ടുവന്നു നട്ടത്. കേരളം ഇന്നും കൈതച്ചക്കയ്ക്കു പ്രസിദ്ധമാണല്ലോ. അതുപോലെ പറങ്കിമാമ്പഴവും (കശുഅണ്ടിപ്പഴം, ആദ്യം ഇന്ത്യയ്ക്കു ലഭിച്ചതു പറങ്കികളിൽനിന്നാണ്. ഈ പഴത്തിൽ ഏ, സീ, ജീവകങ്ങളുണ്ട്. വിളാമ്പഴം (വേലാമ്പഴം) കാൽസിയം, ഫോസ്ഫറസ്, ഇരുമ്പ് മുതലായ ലവണധാതുക്കളാൽ അനുഗൃഹീതമാണ്. ജംബുപ്പഴം പതിവായി ഭക്ഷിച്ചാൽ പ്രമേഹം ശമിക്കും.

സാരമില്ലാത്തതും സുലഭവുമായ നമ്മുടെ ചക്കപ്പഴം ഒന്നിനു ഓരോ ഓട്ടൻതുള്ളൽക്കഥവീതം രചിച്ച നമ്മുടെ വന്ദ്യകവി കുഞ്ചൻനമ്പ്യാർ പലേടങ്ങളിലും പലതരം വാഴപ്പഴങ്ങളേയും ചക്കപ്പഴത്തേയും സരസമായി വർണ്ണിച്ചിരിക്കുന്നതു അവയിലുള്ള 'ഏ' വിററാമിൻ മനസ്സിലാക്കിയതുകൊണ്ടല്ലെന്നു എങ്ങനെ സ്ഥാപിക്കും! സാധുമലയാളിക്കു ഈ റേഷൻകാലത്തും ചക്കപ്പഴമാണേ ഏകാവലംബമെന്നു കാലേക്കൂട്ടി നമ്പ്യാർ കണ്ടതുകൊണ്ടാണ വിലയില്ലാത്ത ചക്കയെ കവിതാകുലിയാക്കാനദ്ദേഹത്തെ ഒരുപക്ഷേ നിർബ്ബന്ധിച്ചത്.

'ഏ' വററാമിൻ സ്വതവേ എല്ലാത്തരം മാങ്ങകളിലുമുണ്ടെന്നു കണ്ടിരിക്കുന്നു. പാലക്കാട്ടുതാലൂക്കൊഴിച്ചുള്ള കേരളം സ്വതവേ തമിഴ്നാട്ടിലും മററുമുള്ള ഒട്ടുമാങ്ങകൾക്കത്രയധികം കേൾവിപ്പെട്ടതല്ലെങ്കിലും മററു അസംഖ്യംതരംമാങ്ങകൾ കേരളത്തിനു ഒരു പ്രത്യേകതതന്നെ നൽകീട്ടുണ്ട്. പാങ്കികൾ ഗോവയിൽ കൊണ്ടുവന്ന അൽഫോസോ മാങ്ങകളും നമുക്കു കുറവാണെങ്കിലും പോർച്ചുഗീസുകാരാൽ ഗോവയ്ക്കു സമ്മാനിച്ച "ഗോമാങ്ങ" കേരളത്തിലാണ് അധികമെന്നു പറയണം. കോഴിക്കോട്ടുതാലൂക്കിൽമാത്രം സ്വതവേ നന്നായി വിളയുന്ന മനോഹരമായ "ഏളവറ്" മാമ്പഴം പണ്ട് സാമൂതിരിയാൽ ഏതോ കുററത്തിനു നാടുകടത്തപ്പെട്ട ഒരു നായർപ്രമാണി ശിക്ഷാവധികഴിഞ്ഞശേഷം മടങ്ങിവന്നപ്പോൾ കൊണ്ടുവന്നു തന്റെ തറവാടായ 'ഏളവറ്റി'ൽ നട്ടതാണെന്നു ഒരു ഐതിഹ്യമുണ്ട്. ഗുണവും ഭംഗിയും സ്വാദുമുള്ള ഈ വലിയ മാങ്ങാപ്പഴം അധികം തിന്നാൽത്തന്നെയും ദോഷമില്ലെന്നു വൈദ്യന്മാർ സമ്മതിച്ചിരിക്കുന്നു.

ഇന്ന് ചെറുനാരങ്ങ, മധുരനാരങ്ങ (ഓറഞ്ച്) മുതലായ ഉത്തമപഴങ്ങൾക്ക് കേൾവിപ്പെട്ട നീലഗിരി, കുടക്, വയനാട് മുതലായ മലനാടുകൾ ഇത്തരം കൃഷിക്കു വിധേയമായതു നവീനകാലത്തിലാണെങ്കിലും ഇവരണ്ടും ഭാരതത്തിൽ കൃഷിചെയ്തുതുടങ്ങീട്ടു സഹസ്രാബ്ദങ്ങൾതന്നെ കഴിഞ്ഞിരിക്കണം. സർപ്പങ്ങളെ ഭയന്നു ഒരു ദ്വീപിൽ സ്ഥിരതാമസമാക്കിയ പരീക്ഷിത്തുരാജാവിനെ കടിച്ച സർപ്പം രാജാവിനെ കാണ്മാൻവന്ന ഒരു ഋഷീശ്വരൻ സമ്മാനിച്ച ചെറുനാരങ്ങയിൽ ചാടിക്കൂടിയ ഒരു ചെറുപുഴ, പാമ്പിന്റെ രൂപമെടുത്തതായിരുന്നുവെന്നു മഹാഭാരതത്തിൽ പ്രതിപാദിച്ച സ്ഥിതിക്കു പൂർവ്വികന്മാർ ചെറുനാരങ്ങ പണ്ടുതന്നെ കൃഷിചെയ്തതായും തീർച്ചപ്പെടുത്താം. സുമാർ ൧൫൦൦ കൊല്ലംമുമ്പ് ഇന്ത്യയാക്രമിച്ച "വെള്ളക്കാരായ' ഹൂണർക്ക് (Huns) മുമ്പുതന്നെ ഓറഞ്ചും ഇന്ത്യയിൽ കൃഷിചെയ്തിരുന്നു എന്നതിനു തെളിവായി അക്കാലത്തെ ഒരു സംസ്കൃതകവി ഒരു ഹൂണയുവാവിന്റെ താടിയെ ഓറഞ്ചിനോടുപമിച്ച് രചിച്ച ശ്ലോകംതന്നെമതി.

ഏകാങ്കം

# സംഭാവനയ്ക്കുവേണ്ടി

എം. എൻ ഗോവിന്ദൻനായർ ബി. ഏ. ബി. എൽ.

(ഗൃഹനായിക വരാന്തയിലുള്ള ഒരു കട്ടിലിൽ ഇരുന്ന് രാമായണം വിരലൂന്നി വായിക്കുന്നു. മൂക്കിന്റെ അററത്തു കണ്ണാടിയുണ്ട്. അടുത്തു് ഒരു ഭൃത്യ ഒരു വെററിലചെത്തി തെറുത്തുകൊണ്ടിരിക്കുന്നു. ഗൃഹനായികയ്ക്കു് ൪൫-ം ഭൃത്യയ്ക്കു് ൧൮-ം വയസ്സു പ്രായം.)

അദ്ധ്യാപകനായ മി. മേനോനും ഒരു സിൽബന്തിയുംകൂടി കയറിച്ചെല്ലുന്നു.

ഗൃഹനായിക—(രാമായണത്തിന്റെ പേജ് മടക്കി അടയാളംവച്ച് കണ്ണാടി എടുത്തു മടക്കിയ രാമായണത്തിന്റെ പുറത്തുവച്ച് വെററിലചുരുട്ടിയതുവാങ്ങി വിരലിനിടയിൽവച്ചുകൊണ്ട്) "ആരാണാവോ! പരിചയംതോന്നുന്നില്ല. ആ കസേരയിലിരിക്കാമല്ലോ."

ശ്രീ. മേനോൻ കട്ടിലിന്റെ തലയ്ക്കൽ കിടക്കുന്ന കസേരയിലും, സിൽബന്തി കട്ടിലിന്റെ കാൽക്കലുള്ള സ്ററൂളിലും ഇരിക്കുന്നു.

സിൽബന്തി—"ഇദ്ദേഹം അദ്ധ്യാപകനായ ......മേനോനദ്ദേഹമാണ്. കേട്ടിരിക്കുമല്ലോ?"

ഗൃഹ—"കേട്ടിട്ടുണ്ട്. കുട്ടികളുടെ അപ്പൻ ഉള്ളപ്പോൾ പലപ്പോഴും പറയാറുണ്ട്. അന്നൊരു കേസ്സിൽ ശിക്ഷിപ്പിച്ചതു് ......മേനോനദ്ദേഹമാണെന്ന്."

മേനോൻ—"അതൊക്കെ വക്കീൽധർമ്മമല്ലേ. അദ്ദേഹത്തിന്റെ വക്കാലത്തുകിട്ടിയിരുന്നെങ്കിൽ ഞാൻ വെറുതെവിടുവിക്കാനും ശ്രമിച്ചേനെ."

ഗൃഹ—"അപ്പോൾ മുറുക്കുമോ?"

മേനോൻ—"ഇല്ല"

ഗൃഹ—"സിഗ്രറോ ബീഡിയോ."

മേനോൻ—"അതുമില്ല."

ഗൃഹ—"പൊടി".

മേനോൻ—"അതും വേണ്ട."

സിൽബന്തി—"ഓഹോ. അദ്ദേഹത്തിനാമാതിരി ചെറിയ ദുശ്ശീലങ്ങളൊന്നുമില്ല."

(പെണ്ണുങ്ങൾ ചിരിക്കുന്നു.)

ഗൃഹ—അപ്പോ, വല്യാതാക്കേയ ഉള്ളൂ. അല്ലേ? എടാ കുട്ടാ! (എന്തോ എന്ന വിളികേട്ട് പത്തുപതിനാലുവയസ്സുള്ള ഒരു പയ്യൻ ഓടിവരുന്നു.) എടാ, നീ നാണുവിന്റെ ഷാപ്പിൽ പോയി ഇന്നത്തെ നല്ലതിൽ രണ്ടുകുപ്പി മേടിച്ചുകൊണ്ടുവാ! അപ്പുനമേടിക്കാറുള്ള ആ ഭരണിയും എടുത്തോണ്ടുപൊയ്ക്കോ. ഓടിവരണം.

മേനോൻ—"അയ്യോ, അതൊന്നും വേണമെന്നല്ല പറഞ്ഞതു്. നാണുപിള്ള ഒരു തമാശുപൊട്ടിച്ചതാണ്. ഞങ്ങളുവന്നകാര്യം പറയാമല്ലോ".

ഗൃഹ—"സൽക്കാരമൊന്നും സ്വീകരിക്കാതെ പറഞ്ഞാലോ. ഞങ്ങടെ ലീലേടെ കല്യാണക്കാര്യമായിരിക്കുമല്ലോ."

മേനോൻ—അതു് പിന്നീടുപറയാം. ഇപ്പോൾ ഇറങ്ങിയതു് വേറൊരുകാര്യമായിട്ടാണ്. നമ്മുടെ യാചകമന്ദിരത്തിന് സംഭാവനപിരിക്കാൻവേണ്ടി ഇറങ്ങി. മററക്കാര്യവും അതോടുകൂടി ആലോചിക്കാമല്ലോ.

ഗൃഹ—ഈ യാചകങ്ങള് തന്നെ നടന്നു പിരിച്ചോളുമല്ലോ. അതുങ്ങളെ മടിപിടിപ്പിക്കാൻ നിങ്ങളെല്ലാം എന്തിനാ എറങ്ങുന്നതു്. ഇതുങ്ങള് എന്തുശല്യമാണെന്നോ?

സിൽബന്തി—ഇതുങ്ങള് എന്നുപറഞ്ഞതു് ഞങ്ങളെപ്പററിയാണോ?

ഗൃഹ—അയ്യോ ഇല്ലാവചനം പറയരുതേ! ഞാനങ്ങനെ നിങ്ങൾക്കു അപമാനക്കേടു പറയുമോ? ഈ യാചകങ്ങളെ! ചെവിതലകേൾപ്പിക്കയില്ല. രാത്രിയെന്നും പകലെന്നുമില്ല; വിളിയോടുവിളി! ഇതുങ്ങടെ കാർന്നോന്മാരു് സമ്പാദിച്ചിട്ടിരിക്കുന്നോ വിളിക്കുമ്പോഴൊക്കെ കൊടുക്കാൻ!"

സിൽ—ഇനി അവരുവന്നു് അങ്ങനെ ശല്യപ്പെടുത്തുകയില്ല. ഇവിടുന്നു തുടർച്ചയായിട്ടു് ഒരു മാസസംഭാവന കൊടുത്തേച്ചാൽ മതി.

ഗൃഹ—എടീ; നീ അകത്തുപോയി രണ്ടുചക്രമെടുത്തോണ്ടുവാ? ഇന്നി മാസാമാസം രണ്ടുചക്രമങ്ങുതന്നേക്കാം. ഞാൻ നേരിട്ടുകൊടുത്താലും, ഒന്നരച്ചക്രത്തിൽ കൂടുതൽ ആകുകേല. പിന്നെ നിങ്ങളുവന്നതല്ലേ. രണ്ടുചക്രംതന്നെ തന്നേക്കാം.

മേനോൻ—രണ്ടുചക്രമൊന്നും പോരാ. നാണുപിള്ള നമ്മുടെലിസ്റ്റിങ്ങെടുക്കണം.

നാണുപിള്ള പല ലിസ്റ്റ് മാറിമാറി എടുത്തുകൊണ്ട് "ഇവിടെ ഏതു ലിസ്റ്റിലാണിടേണ്ടതു്?" എന്നു മേനോനോടു ചോദിക്കുന്നു. "ഈ ലിസ്റ്റിരിക്കട്ടെ" എന്നുപറഞ്ഞു മേനോൻ ഒരു മടക്കിയ കടലാസെടുക്കുന്നു.

ഗൃഹ—അതിനു പാത്രമൊന്നും പ്രത്യേകം വേണ്ടാ. രണ്ടുചക്രമല്ലേ ഒള്ളൂ. ഇന്നാളൊരു പാണ്ടിക്കാരൻ തലയോടുപോലെയുള്ള ഒരു ലിസ്റ്റാംകൊണ്ടുവന്നു. ഞാനതിലോട്ടു് അരച്ചക്രംതന്നെയങ്ങു് ഇട്ടുകൊടുത്തു.

നാണു—ലിസ്റ്റെന്നുവച്ചാൽ ധർമ്മംമേടിക്കുന്ന പാത്രമല്ല പെണ്ണുങ്ങളേ! പണംതരുന്നവരുടെ പേരെഴുതുന്ന കടലാസാണ്. ഇതാ നോക്കണം. കടലാസു നിവർത്തുകാണിക്കുന്നു.

ഗൃഹ—എന്റപ്പോ നൂററമ്പതുരൂപായോ? അവർക്കൊക്കെ ഈശ്വരൻ പ്രസാദിച്ചു ധാരാളം കിടക്കുന്നു. ഇവിടെയോ? പിള്ളേരുടെ അപ്പൻ, ഈ പറമ്പിനും പുരയ്ക്കുംകൂടെ നൂററമ്പതുരൂപായാണ് വെലകൊടുത്തതു്. ഈ കണക്കിനു് ഈ യാചകങ്ങൾക്കു ഇതുപോലെ ഓരോ വീടും പറമ്പും നിങ്ങളു മേടിച്ചുകൊടുക്കുമല്ലോ.

നാണു—അതൊക്കെ പണ്ടത്തെ കാര്യമല്ലേ. ഇപ്പോ ഇവിടത്തെ ഒരു തെങ്ങേൽനിന്നു കിട്ടുമല്ലോ ആണ്ടിൽ നൂററമ്പതുരൂപാ.

ഗൃഹ—"അതു വേലചെയ്യിച്ചിട്ടല്ലേ? ഈ യാചകങ്ങള് പിന്നേം വേലയെടുക്കാതെ നിങ്ങളെക്കൊണ്ടു പണംപിരിപ്പിച്ചു മടിപിടിച്ചുകഴിയും. അതുങ്ങളെക്കൊണ്ടു വേലചെയ്യിച്ചിട്ടു വല്ലതുംകൊടുക്കണം."

മേനോൻ—"അതൊക്കെ ചെയ്യിച്ചോളാം. ഇവിടത്തെ സംഭാവന മുൻപു പറഞ്ഞതൊന്നും പോരാ. ഒരു പത്തു യാചകരെ ഇവിടത്തെ സംഭാവനകൊണ്ടു സംരക്ഷിക്കണം."

ഗൃഹ—രക്ഷയൊക്കെ ദൈവത്തിന്റേതാ. നാലുകാശു തരണേ! എന്നാണു് ഓരോരുത്തരും പടിക്കൽനിന്നു വിളിക്കുന്നതു്. അപ്പോ, പതിററിക്കാൽ രണ്ടര. എന്നി രണ്ടുകാവണ്ട, രണ്ടരച്ചക്രംതന്നെ തന്നേക്കാം.

മേനോൻ—ഒരാളിനു ഒരുദിവസം എട്ടണവേണം കുറഞ്ഞതു്. മാസം പതിനഞ്ചുരൂപാ. പത്തുപേക്കു നൂററമ്പതുരൂപാ.

ഗൃഹ—പൊന്നു തിരുനക്കരെയപ്പാ, നിങ്ങൾക്കൊക്കെ ഒരു ഔചിത്യോമില്ല ചോദിക്കാൻ. വെറുതെയല്ല ചെറിയ ദുശ്ശീലമൊന്നുമില്ലെന്നുപറഞ്ഞതു്. ഇതിൽക്കൂടുതലൊരു ദുശ്ശീലമെന്തുവാ?

നാണു—ഈ മാതിരി വല്യ ദുശ്ശീലത്തിനാണ് നല്ല ശീലമെന്നു വല്യയാളുകള് പറയുന്നതു്.

ഗൃഹ—അങ്ങനെപറേന്ന വല്യയാളിനെ എനിക്കൊന്നു കാണണം.

നാണു—ഇതാ ഞാൻതന്നെ—

ഗൃഹ- എന്റെ വല്യമനുഷ്യാ! ഇവിടുന്നുതന്നിട്ടു നിങ്ങളാരും വല്യതാകണ്ട. ഞങ്ങടെ കൃഷ്ണൻകുട്ടി ബി. ഏ. ജയിച്ചിട്ടു് അവനു നൂററമ്പതുരൂപാ ശമ്പളംമേടിച്ചുകൊടുക്കാൻ നിങ്ങളെക്കൊണ്ടു കഴിയുകേല. നൂററമ്പതുരൂപാ ശമ്പളമുള്ള ഒരു ചെറുക്കനെ ഞങ്ങടെ ലീലയ്ക്കു അന്വേഷിച്ചുതരാനും വയ്യാ. യാചകത്തിനു നൂററമ്പതെടുത്തോരെ! നിങ്ങളെക്കൊണ്ടുള്ളതു കൊണ്ടു ഞാൻ കൂടുതലൊന്നുമിപ്പോ പറയുന്നില്ല

മേനോൻ—അതല്ലേ, ഞങ്ങളു ശ്രമിക്കാമെന്നുപറയുന്നതു്.

നാണു—മേനോനദ്ദേഹം ശ്രമിക്കാമെന്നു പറഞ്ഞാൽ കാര്യം നടന്നതുതന്നെ. ഒരുമാസത്തിനകം രണ്ടുകാര്യവും റെഡി ക്ലോസ്.

ഗൃഹ - അന്നേരം നൂററമ്പതുരൂപായും റെഡി ക്ലോസ്.

നാണു—അതു പോരാ, ഒരുപ്രാവശ്യത്തെതെങ്കിലും തരണം

ഗൃഹ - എന്റെ ചെറുക്കനു ശമ്പളംകിട്ടിയാൽ ആദ്യത്തെ മാസത്തേതു യാചകത്തിനു്. തീർച്ച.

(അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുന്ന ഒരു നാടകത്തിന്റെ ഒരു രംഗം.)

—o—

എന്നാൽ ചെറുനാരകം ആദ്യം തന്നെ ഹിമാലയനിരകളിൽ ഉണ്ടായെന്നും തക്ക ഭക്ഷണമില്ലാത്തതിനാലുള്ള രക്തക്കുറവു്, പിത്തം, അരോചകം മുതലായ വ്യാധികളെ സുഖപ്പെടുത്തുന്നതിനു് ചെറുനാരങ്ങയ്ക്കുള്ള അസാധാരണ കഴിവു് കണ്ടു് ചില പാശ്ചാത്യഡാക്ടർമാർ യൂറോപ്പിലെ കുരിശുയുദ്ധകാലത്തു് (Crusades) ഇന്ത്യയിൽനിന്നും ചെറുനാരങ്ങയെ യൂറോപ്പിലേക്കു കടത്തിയതാണെന്നും കാണുന്നു.

ലോകത്തിൽ പ്രഥമമായി കൃഷിചെയ്യപ്പെട്ട ഫലവൃക്ഷമെന്നു പറയപ്പെടുന്ന ഈത്തപ്പഴംമാത്രം പ്രധാനമായി ഭക്ഷിക്കുന്ന അറബിവർഗ്ഗക്കാർ ധാതുപുഷ്ടിയിലും ബലത്തിലും മികച്ചവരാകാൻ കാരണം അതിലടങ്ങിയ ഇരുമ്പു്, ഏ, ഈ ജീവകങ്ങൾ മുതലായ സത്തുക്കളാലാണ്. ഇങ്ങനെ ഒട്ടാകെ പഴവർഗ്ഗങ്ങൾ ഭക്ഷിച്ചാലുള്ള ഗുണങ്ങൾകണ്ടാണ് ഏതുവരും കഴിയുമെങ്കിൽ ഭക്ഷണസാധനങ്ങളിൽ ദിവസവും ൫ ഔൺസ് പഴങ്ങളും ഉൾപ്പെടുത്തണമെന്നു അഖിലരാഷ്ട്രഭക്ഷണസമിതി രൂപംചെയ്തിരിക്കുന്നതു്. ദക്ഷിണേന്ത്യക്കാരായ നാം മററു സാധനങ്ങൾക്കുപുറമെ ദിവസവും ൨ ഔൺസു് പഴം ഭക്ഷിക്കണമെന്നു ഡാക്ടർ ഐ. ക്രോഡ് സ്ഥാപിച്ചിട്ടുണ്ടു്.

നന്നായി പഴുക്കാത്ത പഴങ്ങളിലെ ധാന്യാംശം ചില അമ്ലങ്ങളും നിമിത്തം അവ ഭക്ഷിച്ചാൽ ദഹനക്കേടുണ്ടാവും. പഴുക്കുന്നതോടുകൂടി ഈ ധാന്യാംശം മററും പഞ്ചസാരയും മററുമായി രൂപാന്തരപ്പെടുന്നതിനാൽ ക്ഷുന്നം ദീപനം വരികയും ചെയ്യുന്നു. ഉണർവ്വിനും, രക്തസഞ്ചാരത്തിനും ദീപനത്തിനുംവേണ്ടി പഴച്ചാർ ദിവസേന കാലത്തു് കുടിക്കുക. ഐസും പച്ചവെള്ളവും ചേർക്കാതെ ചീനിയും തേനും ചേർത്ത പഴച്ചാർ ദിവസേന ഒരിക്കലെങ്കിലും ശിശുക്കൾക്കത്യാവശ്യം. അതിനാൽ ജലദോഷത്തെ അകററാം. പഴത്തെ ഉണക്കിയും വായുകടക്കാതെ പഞ്ചസാരയും മററും ഇട്ടു് സൂക്ഷിച്ചും പലപ്രകാരത്തിൽ ദീർഘകാലം കേടുവരാതെ സൂക്ഷിക്കാവുന്നതിനാൽ പരിഷ്കൃതരാജ്യക്കാർ പഴവ്യവസായത്തിൽ വളരെ പുരോഗമിച്ചിരിക്കുന്നു. ഇന്ത്യൻപഴങ്ങൾക്കു് യൂറോപ്പിലും മററും ആവശ്യം വളരെ വർദ്ധിച്ചിരിക്കയാൽ ഇവിടെനിന്നും വളരെ കയററുമതി ചെയ്യാൻ പരിശ്രമങ്ങൾ എടുക്കണം. പക്ഷെ അമേരിക്കയിലെ കലിഫോർണിയായിലുള്ള പഴക്കച്ചവടക്കാരുടെ ഗംഭീരമായ പരസ്പരസഹായസംഘങ്ങളെ കിടപിടിക്കുന്ന ഒററ സ്ഥാപനവും നമുക്കില്ലാതിരിക്കെ പഴക്കയററുമതി അത്ര വളരെ വിജയിക്കുന്നതല്ല. പിന്നെ ഭക്ഷണശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ നമ്മുടെ ആവശ്യത്തിനുതന്നെ തികയണമെങ്കിൽ ഇപ്പോൾ ഇവിടെ ഉണ്ടാകുന്ന പഴങ്ങളുടെ ൫൦% കൂടുതലായി നാം ഉല്പാദിപ്പിക്കേണ്ടതായിരിക്കെ കയററുമതി പ്രോത്സാഹിപ്പിക്കത്തക്കതല്ല.

—:o:—

ശാസ്ത്രപംക്തി

# നെയ്യ്മത്തി (Sardine)

വി. വി. രവീന്ദ്രൻ, D. Sc. (Fish)

അറബ്യൻസമുദ്രത്തിൽ ചിലകാലങ്ങളിൽമാത്രം സമൃദ്ധിയായി ഉണ്ടാകുന്ന ഒരു മത്സ്യമാണു് നെയ്യ മത്തി. (Sardine) നെയ്യ്ചാള, കരമത്തി എന്നീ പേരുകളും ഇതിനു നൽകപ്പെട്ടിട്ടുണ്ടു്. കരയോടു ഏററവും അടുത്തുള്ള ഭാഗങ്ങളിലാണു് നെയ്യ്മത്തി സാധാരണമായി ജീവിക്കുന്നതു്. മിക്കവാറും നവമ്പർമാസംമുതൽ ഫെബ്രുവരിമാസംവരെ ഇതു ഉണ്ടാകുന്നു. സെപ്റ്റമ്പർ, ഒക്ടോബർ മാസങ്ങളിൽ മത്തി ധാരാളമായി മുട്ട പാറിക്കുന്നു. ഈ മുട്ട ചൂടിന്റെ സഹായത്താൽ വിരിഞ്ഞു കുഞ്ഞുങ്ങളാകുന്നു. ൮, ൯ ഇഞ്ചുവരെ നീളത്തിൽ ഇതു വളരുന്നു. വണ്ണം ഏകദേശം മൂന്നിഞ്ചുവരെയും കാണും. ഇതിന്റെ പുറം ചെതുമ്പൽ (Scales) കൊണ്ടു മൂടപ്പെട്ടിരിക്കുന്നു. ഉരുണ്ട ശരീരത്തോടും, നീണ്ട വദനഗഹ്വരത്തോടും വൃത്തത്തിലുള്ള നയനങ്ങളോടും കൂടിയതും കാഴ്ചയിൽ ഏററവും ഇമ്പം ജനിപ്പിക്കുന്നതുമായ ഒരു വിചിത്ര ജീവിയാണു മത്തി! വെളിയോടു ഏററവും അടുത്താണിതു ജീവിക്കുന്നതു്. ഇതു കൂട്ടത്തോടെ (പാടമായി) മാത്രമാണു സഞ്ചരിക്കുന്നതു്. അതിനാൽ ഇതിനെ വേധനം ചെയ്യുന്നവർക്കു ഒരു പ്രാവശ്യം ഇടുന്ന വലയിൽ വളരെയധികം പെടുത്തുന്നതിനും സമ്പാദിക്കുന്നതിനും സാധിക്കുന്നു.

മലബാർ തീരങ്ങളിലുള്ള മത്സ്യവേധകർക്കു നെയ്യ്മത്തി പിടിക്കുന്നതിനു ഒരു പ്രത്യേക സന്തോഷംതന്നെ കാണപ്പെടാറുണ്ടു്. അവർ ചാളയുടെ കാലങ്ങളിൽ (Season) ഉത്സാഹത്തോടെ തങ്ങളുടെ പ്രവൃത്തികളിൽ ജാഗരൂകരായിരിക്കുന്നതു് നമുക്കു കാണാം. പ്രധാനമായി ചില കാരണങ്ങളുണ്ടിതിനു്. ഒന്നാമതായി, നല്ലവില നെയ്യ്ചാളയ്ക്കു ലഭിക്കുന്നു; രണ്ടാമതായി, വളരെ പ്രയത്നംകൂടാതെ ചുരുങ്ങിയ സമയംകൊണ്ടു അവ കൂടുതൽ സമ്പാദിക്കുവാൻ സാധിക്കുന്നു. അടുത്തതായി അവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനു ഏററവും ഫലപ്രദമായ ആഹാരസാധനം ലഭിക്കുന്നു.

നെയ്യ്മത്തിയിൽ വൈററമിൻ ഏയും ഡീയും (Vitamine A. & D) അടങ്ങിയിരിക്കുന്നു. മത്തിയിൽനിന്നും ഉല്പാദിപ്പിക്കുന്ന എണ്ണ (Sardine Oil) ഒരു വിശേഷപ്പെട്ട ഔഷധമായി ഉപയോഗിക്കുന്നു. മത്തി പാകംചെയ്തു മാംസമായും, സൂപ്പായും, കറിയായും ഉപയോഗിച്ചുവരുന്നു. ശരീരത്തിനുണ്ടാകുന്ന എല്ലാവിധ ക്ഷീണങ്ങളും തേയ്മാനങ്ങളും പരിഹരിക്കുന്നതിനു മത്തിസൂപ്പും, മത്തി എണ്ണയും ഏററവും ഫലപ്രദമാണു്. ശരീരത്തിനു കാന്തിയും തൊലിക്കു മിനുസവും കണ്ണിനു കുളിർമ്മയും ലഭിക്കുന്നതിനു നെയ്യ്മത്തി ഒരനുഗ്രഹമത്രെ! കാഴ്ചക്കുറവു പരിഹരിക്കുന്നതിനും ഓർമ്മശക്തി ഉണ്ടാകുന്നതിനും മത്തി എണ്ണയും മത്തിസൂപ്പും തുടർച്ചയായി ഉപയോഗിക്കുന്നതു തികച്ചും ഗുണകരമാണു്. അതിന്റെ മാംസവും, കറിയും, ചോറു്, അപ്പം, റൊട്ടി എന്നിവയോടും, എണ്ണയും സൂപ്പും പൈനാപ്പിൾ (കടച്ചു, Pineaple) സത്തിനോടും ചേർത്തു ഉപയോഗിക്കാം. തന്മൂലം രക്താണുക്കൾ, വിയർപ്പുഗ്രന്ഥികൾ ഇവയുടെ പ്രവർത്തനം ഊർജ്ജസ്വലവും, നിരന്തരവും ആയിത്തീരുന്നു. രക്തക്കുറവു്, വിളർച്ച, തളർച്ച, കാസം, ക്ഷയം, അലസത, മാന്ദ്യം, ബുദ്ധിക്കുറവ്, മൻകോപം, ചുമ ഈ സുഖക്കേടുകൾ, നെയ്യ്മത്തിയാൽ പരിഹരിക്കപ്പെടാവുന്നതാണു്.

ആസ്ട്രേലിയ, ജപ്പാൻ, സിലോൺ തുടങ്ങിയ തീരങ്ങളിലും നെയ്യ മത്തി ചിലകാലങ്ങളിൽ ഉണ്ടാകാറുണ്ടു്. അവർ നെയ്യ്മത്തി പാകംചെയ്തു് തകരടിന്നുകളിൽ അടക്കം ചെയ്തു് വില്പനനടത്തിവരുന്നു. പാശ്ചാത്യനാടുകളിൽ ഇങ്ങനെ ടിന്നുകളിൽ അടക്കംചെയ്തു വിൽക്കുന്ന മത്സ്യങ്ങൾക്കു് നല്ല മാർക്കററു ലഭിക്കുന്നുണ്ടു്. ആസ്ട്രേലിയായിൽനിന്നുംമററും തകരങ്ങളിൽ അടക്കംചെയ്തു് അയയ്ക്കുന്ന മത്സ്യങ്ങൾ നമ്മുടെ നാട്ടിലും ലഭിക്കുന്നുണ്ടു്. എന്നാൽ ഇന്ത്യൻതീരത്തു്—അറേബ്യൻകടലിൽ—ഉണ്ടാകുന്ന നെയ്യ്മത്തിയേക്കാൾ ഗുണമുള്ളതല്ല വിദേശരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നവ. അവിടങ്ങളിലെ മത്തിക്കു് ഇവിടത്തെ മത്തിയേക്കാൾ നെയ്യ് തുലോം കുറവാണു്. അതിനാൽ അവർ മത്തിഎണ്ണ (Sardine Oil) തയ്യാർ (Piepar) ചെയ്യുന്നുമില്ല. പരിശുദ്ധമായ മത്തിഎണ്ണ (Pure Sardine Oil) കോഡ്എണ്ണ (Codliver Oil) യെക്കാൾ ഗുണമേറിയതാണു്.

. അസ്ഥിമത്സ്യം (Bony fish) എന്ന ഇനത്തിൽ പെട്ടതാണു് മത്തി. ഇതിനു മൊട്ടുസൂചിപോലത്തെ ധാരാളം മുള്ളുകൾ ഉണ്ടു്. മദ്ധ്യത്തുകൂടിയുള്ള നട്ടെല്ലിൽനിന്നും ചെറിയ മുള്ളുകൾ ചിപ്പപോലെ ഇരുവശങ്ങളിലേക്കും നീണ്ടുനില്ക്കുന്നു. ഇതിന്റെ മുള്ളു് മാംസത്തോടൊന്നിച്ചു് നമ്മുടെ ഉള്ളിലേക്കു പോകാതെ സൂക്ഷിക്കണം. ഇതിന്റെ ചെറിയ മുള്ളുകൾ ഉള്ളിലേക്കുകടന്നാൽ കുടലുകൾക്കുംമററും ദോഷമാണു്. കുടൽസംബന്ധമായ സുഖക്കേടുകൾ വളരെവേഗം പിടിപെടും.

കാത്സ്യം, പൊട്ടാസ്യം, സോഡിയം എന്നീ ഫോസ്ഫേററുകൾ മത്സ്യത്തിൽനിന്നും പൊതുവെ മത്സ്യഭുക്കുകൾക്കു സ്വീകരിക്കാൻ കഴിയും. ശരീരത്തിന്റെ വളർച്ചക്കും, രക്ഷക്കും ആവശ്യമായ ലവണങ്ങൾ മത്തിയുടെ മാംസത്തിൽനിന്നും, എണ്ണയിൽനിന്നും വളരെ എളുപ്പത്തിൽ നമുക്കുലഭിക്കുന്നു. ബിസ്കററു്, കേക്കു്, റൊട്ടി മുതലായവ നിർമ്മിക്കുന്നതിനു് മുട്ടയ്ക്കുപകരം മത്തിഎണ്ണ ഉപയോഗിക്കുന്നതു് നല്ലതാണു്. സോപ്പുനിർമ്മിക്കുന്നതിനു സസ്യക്കൊഴുപ്പുകൾക്കുപകരം മത്തിയുടെ കൊഴുപ്പു് (Glizerine) ഉപയോഗപ്പെടുത്താം. (ട്രാവൻകോർ കോസ്റ്റ്ഫിഷറീസുകാർ ഇങ്ങനെ നിർമ്മിച്ച ആൾ ഇന്ത്യാ പ്രദർശനത്തിൽനിന്നും സമ്മാനം നേടിയിട്ടുണ്ടു്.) മരംകൊണ്ടുള്ള വള്ളങ്ങൾക്കുംമററും കേടുവരാതെ സൂക്ഷിക്കുന്നതിനു് ചാളനെയ്യ് ഉപയോഗിച്ചുവരുന്നുണ്ടു്. ഇങ്ങനെ പലതുകൊണ്ടും ഗുണപ്രദമായ ഒരു മത്സ്യമാത്ര നെയ്യ്മത്തി.

നമ്മുടെനാട്ടിൽ ഇന്നിയും മത്സ്യവ്യവസായം അധഃപതിച്ചുകൊണ്ടാണിരിക്കുന്നതു്. മത്സ്യവ്യവസായത്തെ പുരോഗമിപ്പിക്കുവാൻ പര്യാപ്തമായ യാതൊരു നടപടിയും ഗവണ്മെന്റു് കൈക്കൊള്ളുന്നില്ല. മത്സ്യത്തിന്റെ മഹത്വം മനസ്സിലാക്കി അതിന്റെ തുറയെ വികസിപ്പിക്കുവാൻ സത്വരനടപടി സ്വീകരിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്.

—o—

ശ്രീരാമവിലാസം
ടൈപ്പ് ഫൗണ്ടറി

28-പായിന്റു്, 18-പായിന്റു്, 14-പായിന്റു്, 12-പായിന്റു്, 10-പായിന്റു് ഈ അഞ്ചിനം മലയാളം ടൈപ്പുകളും ഇംഗ്ലീഷിലും, തമിഴിലും ഉള്ള അനവധി ഇനം ഹെഡിംഗു ടൈപ്പുകളും ടി പായിന്റുകളിലുള്ള പലയിനം റോമൻടൈപ്പുകളും അനേകംജാതി ബാർഡറുകളും ഇവിടെ എപ്പോഴും കിട്ടുന്നതാണു്.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

കർഷകപംക്തി

# നിലങ്ങളിൽ ഒരു മാററം വരുത്താൻ

(എഫ്. എ. സി. ററി. ലിമിററഡ്, പ്രചരണവകുപ്പിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നതു്)

ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഈ കാലത്തു് ഓരോ ഇഞ്ചു തരിശുഭൂമിയും വിളഭൂമിയാക്കി മാററേണ്ടതു് അത്യാവശ്യമാണ്. ഭരണാധികാരികൾക്കും പൊതുജനങ്ങൾക്കും ഈ കാര്യത്തിൽ ഒരുപോലെ കടപ്പാടുണ്ട്. സ്ഥാനദൂഷ്യംകൊണ്ടും, സ്വഭാവേനയുള്ള ചില പാകപ്പിഴകൾകൊണ്ടും ഉപയോഗശൂന്യമെന്നു് കരുതപ്പെടുന്ന പ്രദേശങ്ങളുണ്ട്. കുട്ടനാട്ടിലും, ചേർത്തലയിലും, സംസ്ഥാനത്തെ മററു ചിലയിടങ്ങളിലും ഉള്ള കരിനിലങ്ങൾ ഈ കൂട്ടത്തിൽ ഉൾപ്പെടും. അത്യധികമായ അമ്ലസ്വഭാവമാണ് ഇവയുടെ ഒരു പ്രധാനദൂഷ്യം. ഈർപ്പക്കൂടുതലാണ് മറെറാന്നു്. ഈ രണ്ടുകാരണങ്ങളാലും ഈ നിലങ്ങളിൽ കാര്യമായ പ്രയോജനപ്രതീക്ഷയോടുകൂടി കൃഷിയിറക്കാൻനിവൃത്തിയില്ല.

ഇതിലെ രണ്ടാമത്തേതു്, അതായതു് വേണ്ടതിലധികം വെള്ളം കെട്ടിക്കിടക്കുന്നു എന്ന ദൂഷ്യം പരിഹരിക്കുവാൻ അദ്ധ്വാനശീലന്മാരായ കർഷകർക്ക് കഴിഞ്ഞിട്ടുണ്ട്. എഞ്ചിൻവച്ചു വററിച്ചും, തേകിക്കളഞ്ഞും മററും ആവശ്യത്തിലധികമുള്ള വെള്ളം പാടത്തിൽനിന്നു പുറത്തു കളയുവാൻ ഇപ്പോളവർക്ക് കഴിവുണ്ട്. പക്ഷെ ഭൂമിയുടെ അമ്ലഭാവം പരിഹരിക്കാൻ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചേ കഴിയൂ.

കഴിവുകേടുകൊണ്ടോ, അറിവുകേടുകൊണ്ടോ, എന്തായാലും ഇതുസംബന്ധിച്ചു് സാധാരണ കർഷകർ വളരെയൊന്നും ചെയ്തുകാണുന്നില്ല. മണ്ണിന്റെ ഘടന ശരിയായിട്ടുപഗ്രഥിച്ചറിഞ്ഞതിനുശേഷം, ദൂഷ്യങ്ങൾ പരിഹരിച്ചു് ഉപയോഗയോഗ്യമാക്കുന്നതിനു് രാസപ്രയോഗങ്ങളാണാവശ്യം.

നാഞ്ചനാട്ട്, കുട്ടനാട്ട്, വൈക്കം, കന്നത്തുനാട്ട്, ചേർത്തല ഈ പ്രദേശങ്ങളിൽ കൃഷിഡിപ്പാർട്ടുമെൻറ് നടത്തിയ സർവ്വയിൽനിന്നു കാണുന്നതു് ഇവിടെയെല്ലാം മണ്ണിന്റെ ഘടനയിൽ കാൽസിയത്തിന്റെ പോരായ്മ വളരെ ഉണ്ടെന്നാണ്. അനശരമാനം കാൽസിയമെങ്കിലും ഉണ്ടെങ്കിലെ സസ്യങ്ങൾ സാമാന്യമായി വളരുകയുള്ളു. ഈ പ്രദേശങ്ങളിലൊരിടത്തു പോലും ആവശ്യമുള്ള തോതിൽ കാത്സിയമില്ല.

വളരെക്കാലം തുടർച്ചയായി കൂടുംകൃഷി നടത്തുന്നതുകൊണ്ടും, മഴവെള്ളത്തിന്റെ പ്രവാഹത്തിൽ അരിച്ചുപോകുന്നതുകൊണ്ടുമാണ് കാൽസിയം മണ്ണിൽ കുറയുന്നതു്. ജൈവസാധനങ്ങൾ അഴുകി അമ്ലസ്വഭാവം വർദ്ധിക്കുന്നതുകൊണ്ടും ഈ ദോഷം വന്നുകൂടാറുണ്ട്. നനവും ചൂടും കൂടിയ ഭൂപ്രകൃതിയിൽ ജൈവസാധനങ്ങൾ എളുപ്പം ചീയുകയും, അവയിൽനിന്നു് അമ്ലപദാർത്ഥങ്ങൾ ജനിക്കുകയും ചെയ്യുന്നു. കാൽസിയം അടങ്ങിയ രാസവസ്തുക്കൾ (ഉദാഹരണമായി കുമ്മായം അല്ലെങ്കിൽ കാത്സിയം കാർബണേററ്) ചേർക്കുകയാണ ഈ ദൂഷ്യത്തിനു് പ്രതിവിധി.

കുമ്മായവും തുല്യഗുണമുള്ള കാൽസിയം കാർബണേററും മണ്ണിന്റെ അമ്ലസ്വഭാവത്തെ ദൂരീകരിക്കുന്നു. ജൈവവളങ്ങൾ സസ്യാഹാരയോഗ്യമാക്കി വേഗത്തിൽ വിഘടിപ്പിച്ചുതരുവാനും ഇവകൾക്കു കഴിവുണ്ട്. പൊട്ടാഷ് മുതലായി വെള്ളത്തിൽ അലയാൻ വിഷമമായ പോഷകസാധനങ്ങൾ അലിയിക്കുവാനും കുമ്മായം സഹായകമാണ്. മണ്ണിന്റെ ഘടന ഫലപുഷ്ടമായ രീതിയിൽ രൂപപ്പെടുത്തിയെടുക്കുവാനും നില നിർത്തിക്കൊണ്ടുപോകാനും ആവശ്യമായ ക്രമത്തിൽ കുമ്മായം ചേർക്കണം. ഇതിനെല്ലാം പുറമെ സ്വന്തം നിലയിലും കാൽസിയം ഒരു സസ്യാഹാരമാണ്. മനുഷ്യർക്കും, മൃഗങ്ങൾക്കും, സസ്യങ്ങൾക്കും വളരണമെങ്കിൽ കാൽസിയം കൂടിയേകഴിയൂ. ഒരു ചെടിയുടെ ഏതുഭാഗം അപഗ്രഥിച്ചുനോക്കിയാലും അതിൽ കാൽസിയം അടങ്ങിയിരിക്കുന്നതായിക്കാണാം.

നിലങ്ങളിൽ ഇടയ്ക്കിടയ്ക്കു ചെടികൾ കരിഞ്ഞും, ഉണങ്ങിയും, ചീഞ്ഞും കാണുന്നതു് മണ്ണിലെ കുമ്മായക്കുറവിന്റെ ഒരു ലക്ഷണമാണ്. ഇത്തരം മണ്ണുകളിൽ ഫോസ്ഫാസ് മുതലായ സസ്യാഹാരങ്ങൾ ഉണ്ടെങ്കിലും അവ വലിച്ചെടുത്തുപയോഗിക്കാൻ ചെടികൾക്കു കരുത്തു പോരാതിരിക്കും. സസ്യങ്ങളുടെ വളർച്ചയ്ക്കാവശ്യമായ അണുക്കളുടെ പ്രവർത്തനം മണ്ണിൽ തുടരണമെങ്കിലും കുമ്മായത്തിന്റെ കലർപ്പ് കൂടിയേകഴിയൂ.

കുമ്മായാംശം കുറഞ്ഞ മണ്ണിൽ വളരുന്ന ചെടികളുടെ ഫലമൂലാദികളിൽ കാൽസിയം വളരെക്കുറവായിരിക്കും. ഈ കുറവു് അതു ഭക്ഷിച്ചു വളരുന്നവരുടെ ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കും.

മണ്ണിൽ കുമ്മായം ആവശ്യാനുസരണം അടങ്ങിയിട്ടുണ്ടോ എന്നറിയാൻ ഒരെളുപ്പവഴിയുണ്ട്. ഇംഗ്ലീഷ് മരുന്നുകടകളിൽ "ലിററ്മസ് പേപ്പർ" എന്ന പേരിൽ ഒരുതരം കടലാസു തുണ്ടുകൾ വിൽക്കുന്നുണ്ട്. ഈ കടലാസു നീലിച്ചും ചുമന്നും രണ്ടു തരത്തിലായിരിക്കും. ഇതിൽ ഒരു നീലക്കടലാസ് വാങ്ങി നനവുള്ള മണ്ണിൽ കുറച്ചുനേരം പതിച്ചുവയ്ക്കുമ്പോൾ നീലനിറം ചുവപ്പുനിറമായി മാറുകയാണെങ്കിൽ കുമ്മായത്തിന്റെ പോരായ്മ മണ്ണിൽ വളരെയുണ്ടെന്നാണു അർത്ഥം. അതായതു മണ്ണിൽ അമ്ലാംശം കൂടുതലുണ്ടെന്നു വെളിവാകും. നീലക്കടലാസ് നീലയായിത്തന്നെ ഇരിക്കുമെങ്കിൽ കുമ്മായത്തിന്റെ കുറവൊട്ടുമില്ലെന്നും മനസ്സിലാക്കാം.

എഫ്. എ. സി. ററി. ലിമിററഡിൽ പ്രതിവർഷം ധാരാളം കാൽസിയം കാർബണേററ് കിട്ടുന്നുണ്ട്. ജിപ്സമുപയോഗിച്ചു അമോണിയം സൾഫേററ് നിർമ്മിക്കുമ്പോൾ ഉപോൽപ്പന്നമായി ലഭിക്കുന്നതാണീ സാധനം. കക്കാനീററിയെടുക്കുന്ന കുമ്മായത്തേക്കാളും നേർമ്മയേറിയ പൊടിയായിട്ടാണ കാത്സിയംകാർബണേററ് ഇവിടെ ലഭിക്കുന്നതു്. അതിനാൽ പൊടിക്കുന്നു മററും മിനക്കെടാതെതന്നെ കർഷകർക്കു ഇതു നേരിട്ടു നിലത്തിൽ ചേർക്കാം. ഈ ഉല്പന്നവിശേഷം യാതൊരു വിലയും വാങ്ങാതെ കമ്പനി തിരു:കൊച്ചി ഭക്ഷ്യോല്പാദന ബോർഡിനു കൊടുത്തിരിക്കുന്നു. കുറേക്കാലത്തേക്കു നിലനിൽക്കുന്ന ഈ കരാറനുസരിച്ചു നാട്ടിലെ കർഷകർക്കു വളരെ കുറഞ്ഞനിരക്കിനു ഈ അത്യാവശ്യമായ വളം വിതരണംചെയ്യാൻ ഗവൺമെണ്ടിനു സാധിക്കുന്നു.

ശാസ്ത്രീയവളങ്ങൾ ഉല്പാദിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തിനു പുറമെ നാട്ടിലെ കർഷകർക്കു ഇങ്ങനെ ഒരു സൌകര്യം ചെയ്തുകൊടുക്കുവാനും എഫ്. എ. സി. ററി-ക്കു സാധിക്കുന്നു. തങ്ങൾ നൽകുന്ന ഈ സൌകര്യം സംസ്ഥാനത്തെ കാർഷികാഭിവൃദ്ധിയിലും, ഭക്ഷ്യക്ഷാമപരിഹാരത്തിലും സഫലമായിക്കാണുവാൻ കമ്പനി ഭാരവാഹികൾക്കു അതിയായ ആകാംക്ഷയുണ്ട്.

കാൽസിയം കാർബണേററ് ചേർക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:—

ക) കട്ടകൾ ഉണ്ടെങ്കിൽ അവ ഉടച്ചതിനുശേഷം മാത്രം ഉപയോഗിക്കുക.

വ) നിലത്തിൽ നിരപ്പെ വിതരണം ചെയ്യുക.

ന) ചേർത്തതിനുശേഷം നന്നായി ഉഴുകയോ, കിളച്ചു് മറിക്കുകയോ ചെയ്തു് മണ്ണുമായി കലർത്തി യോജിപ്പിക്കുക.

ർ) ആണ്ടുതോറും കാർബണേററ് ചേർക്കണമെന്നില്ല ഒരുവർഷത്തെ പ്രയോഗംകൊണ്ടുമാത്രം വേണ്ടത്ര ഫലം അനുഭവപ്പെടാത്ത സ്ഥലങ്ങളിലൊഴിച്ചു് മററു നിലങ്ങളിലെല്ലാം മൂന്നു വർഷത്തിലൊരിക്കൽമാത്രമിതു ചേർത്താൽ മതിയാകും.

—0—

(പതിനാറാംപേജിൽനിന്നു തുടർച്ച)

ആർഷസംസ്കാരസമ്പത്തു് ശില്പകലാമയങ്ങളിൽക്കൂടി ശാശ്വതമായി പ്രതിബിംബിക്കുന്ന ഈ ഗ്രാമത്തിലുള്ള ഓരോ ക്ഷേത്രരൂപങ്ങളും പ്രേക്ഷകരുടെ കണ്ണും കരളും ഒരുപോലെ കവർന്നെടുക്കുന്നതിൽ എന്താണത്ഭുതം! ഈ ശില്പസൌധങ്ങളിൽ പ്രാധാന്യമേറിയവയുടെ പട്ടിക, കടൽക്കരക്ഷേത്രം, പഞ്ചരഥങ്ങൾ, അർജ്ജുനതപസ്സ്, ഗുഹാമണ്ഡപങ്ങൾ, ആദിവരാഹക്ഷേത്രം. ഈശ്വരക്ഷേത്രം, മുകുന്ദനായിനാർക്ഷേത്രം എന്നിങ്ങനെ നീണ്ടുപോകും. സൗകുമാര്യവും, രൂപലാളിത്യവും, വടിവും മിനുസ്സവുമുള്ള ഓരോ ശില്പരൂപങ്ങളുടേയും പ്രത്യേകവർണ്ണനയ്ക്കു് ഈ ചെറിയ ലേഖനത്തിൽ ഞാൻ തുനിയുന്നില്ല—കലാകുതുകികൾ അവശ്യം കാണേണ്ടതായ ഒരു ശിലാമൂർത്തിസഞ്ചയമാണ് മാമല്ലപുരത്തുള്ളതെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

രാജസിംഹമാതൃക:—

രാജസിംഹപല്ലവന്റെ വാഴ്ചയോടുകൂടി ദക്ഷിണേന്ത്യൻ ശില്പകലയ്ക്കു് സുദൃഢമായ ഒരു പരിവർത്തനം സംഭവിച്ചു. മുൻപു പ്രസ്താവിച്ചപോലെ ഈ കാലഘട്ടം മുതൽ ക്ഷേത്രങ്ങൾ ഇഷ്ടിക, കല്ലു് മുതലായവ ഉപയോഗിച്ചു് കെട്ടിത്തുടങ്ങി. 'സോമസ്കന്ധ രൂപത്തിലുള്ള ശൈവാലയങ്ങളാണ് ഇവയിൽ അധികവും. പല പട്ടങ്ങളുള്ള ശിവലിംഗങ്ങൾ ഗർഭഗൃഹത്തിലും, സോമസ്കന്ധരൂപം പുറംചുവരുകളിലും ഒരു പ്രത്യേകതയായി ഈ ശേഖരത്തിൽപെട്ട ക്ഷേത്രങ്ങളിലെല്ലാം കാണാൻ കഴിയും. തൂണുകളുടെ ചുവട്ടിലും, കെട്ടിടങ്ങളുടെ കോണുകളിലും, കോടികളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള സിംഹരൂപങ്ങൾ (രാജസിംഹം) ഈ കാലഘട്ടത്തിലെ പണിയുടെ ഒരു "അടയാളചിഹ്ന"മായി കരുതാം. മാമല്ലപുരത്തുള്ള പണികൾ മിക്കവയും മാമല്ലന്റെ കാലത്തു് ആരംഭിച്ചവയാണെങ്കിലും ഏറെക്കുറെ അവ പൂർണ്ണരൂപം പ്രാപിച്ചതു് രാജസിംഹപല്ലവന്റെ കാലത്താണ്. കാഞ്ചീപുരത്തുള്ള കൈലാസനാഥക്ഷേത്രമാണ് ഈ മാതൃകയിൽ പെടുത്താവുന്ന ക്ഷേത്രങ്ങളിൽവെച്ചു് പ്രഥമസ്ഥാനം അർഹിക്കുന്നതു്. മാമല്ലപുരത്തുള്ള കടൽക്കരക്ഷേത്രം, മുകുന്ദനായിനാർക്ഷേത്രം, കാഞ്ചീപുരം വൈകുണ്ഠപെരുമാൾക്ഷേത്രം, വിഴുപ്പുരം താലൂക്കിൽപെട്ട 'പനമല ക്ഷേത്രം, മുതലായവയാണ് പ്രാധാന്യമർഹിക്കുന്ന മററു രാജസിംഹമാതൃകകൾ.

നന്ദിവർമ്മൻ മാതൃക—

ഒൻപതാംശതകത്തിന്റെ ദ്വിതീയാർദ്ധത്തിൽ നിർമ്മിതങ്ങളായ ഈ ശില്പസൃഷ്ടികൾ രാജസിംഹമാതൃകയിൽനിന്നും വിഭിന്നങ്ങളാണെങ്കിലും ഏതാണ്ട് 'ചോളമാതൃക'യിലേക്കു ലയിച്ചു തുടങ്ങിയിരുന്ന ഇവയെ തിരിച്ചറിയുകതന്നെ സുസാദ്ധ്യമല്ല. മാമല്ലപുരത്തെ സഹദേവരഥത്തിന്റെ രൂപത്തോടു് സാദൃശ്യംവഹിക്കുന്ന പണിത്തരങ്ങളാണ് ഇവയിൽ മിക്കതും. ഈ ശേഖരത്തിൽപെടുന്ന ക്ഷേത്രങ്ങളിലെ ശിവലിംഗങ്ങൾ ഉരുണ്ടവയും 'മാമല്ല മാതൃകയെ അപേക്ഷിച്ചു് വലിപ്പം കുറഞ്ഞവയുമാണ്. ഈ കാലത്തോടുകൂടി സിംഹരൂപങ്ങളും അപ്രത്യക്ഷങ്ങളായി. അതുപോലെതന്നെ സോമസ്കന്ധരൂപങ്ങളും ഇവയിൽ കാണാനില്ല. കാഞ്ചീപുരത്തുള്ള മുക്തേശ്വരക്ഷേത്രം, മാതംഗേശ്വരക്ഷേത്രം, ചെങ്കൽപ്പെട്ടിനടുത്തുള്ള ഒരഗഡം 'വാടാമല്ലീശ്വരം'ശിവക്ഷേത്രം, തിരുത്തണ്ണിയിലെ 'വിരാടനേശ്വര'ക്ഷേത്രം മുതലായവ നന്ദിവർമ്മമാതൃകയിൽപെടുന്ന പല്ലവശില്പങ്ങളാണ്.

—o—


ദേവാലയത്തിന്നായ പരിശുദ്ധം





ഗോദ്റേജ് ലിംഡാ- രോഗാണുക്കളെ നശിപ്പിക്കുന്നതിനും, ത്വക്കു് രോഗം ശമിപ്പിക്കുന്നതിനും വേപ്പിനുള്ള ഗുണങ്ങളുമുള്ള സോപ്പ്. നമ്പ്ര് 1. നമ്പ്ര് 2. 'വത്രി' 'സാൻഡൽ' ലിംഡാ ടർക്കിഷ് ബാത്ത് ഷേവിങ്ങ് സ്റ്റിക്ക് ഷേവിങ്ങ് റൌണ്ട് 100 ശതമാനം പരിശുദ്ധവും മുഗക്കൊഴുപ്പ് ചേർക്കാത്തതുമാണെന്നു് ഏററു പറയുന്നതു്

ദൈവികത്വത്തിനു ശുചിത്വം അത്യാവശ്യമാണ്. പരിപൂർണ്ണശുദ്ധി നൽകുന്ന കർമ്മാനുഷ്ഠാനസ്നാനങ്ങൾക്കു് തനിച്ചും ശുദ്ധമായ സോപ്പുമാത്രമേ ഉപയോഗിക്കാവൂ. സോപ്പിൽ ഏതെങ്കിലും കലർന്നിരിക്കാം. എന്നാൽ ഗോദ്റേജ് സാൻഡലിൽ, എല്ലാ ഗോദ്റേജ് സൌന്ദര്യവർദ്ധനസാധനങ്ങളിലുമുള്ളപോലെ, കലർപ്പില്ലാത്തതും, ഗുണകരവുമായ സസ്യഎണ്ണകളും, സത്തുകളും മാത്രമേ കൂട്ടിച്ചേർത്തിട്ടുള്ളു. യാതൊരു മൃഗക്കൊഴുപ്പുകളും അവകളിൽ കാണുന്നില്ല. ശുദ്ധമായ മൈസൂർ ചന്ദനതൈലം ധാരാളം ചേർത്തിട്ടുള്ള ഗോദ്റേജ് ചന്ദനസോപ്പ്, ആനന്ദകരമായ കുളിർമ്മയും സുഖദായകവും പരിമളവുമുള്ളതായ പത നൽകുന്നു. ഈ പതയുടെ പശിമയുള്ള സസ്യഎണ്ണ രോമസുഷിരങ്ങളെ ശുദ്ധീകരിച്ചു്, ത്വക്കിനു് മൃദുലതയും നിലനിൽക്കുന്നതായ കുളിർമ്മയും പ്രദാനംചെയ്യുന്നു. ദേവാലയമായ നമ്മുടെ ശരീരത്തെ ദിവസേന ശുദ്ധീകരിപ്പാൻ ഗോദ്റേജ് സസ്യസാൻഡൽസോപ്പല്ലാതെ മററു സോപ്പുകളുണ്ടോ?

Godrej Sandal

ഗോദ്റെജ സാൻഡൽ

രജിസ്റ്റേർഡ്. (ചന്ദന)

ടായിലെററ് (സ്നാന) സോപ്പ്

മററു ചന്ദനസോപ്പുകളേക്കാൾ കുറഞ്ഞ വിലയ്ക്കു് വലുതും മേന്മയേറിയതുമായ സോപ്പ്

ഗോദ്റേജ് സോപ്പ്സ്, ലിമിറ്റഡ്., കൊച്ചി: 6/36 കൽവത്തി.



ഹിന്ദീ സ്വയം ശിക്ഷക്

പരസഹായംകൂടാതെ ഹിന്ദിപഠിക്കാവുന്ന ഒരു ഉത്തമഗ്രന്ഥം

വില രൂ. 1. ണ. 8.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

സോമൻ ആൻഡ് പാർട്ടി: ൧൨




# വിനോദപംക്തി

**വി. നാരായണൻപോററി കിളിമാന്നൂർ**

ഭർത്താവ്—(ഭാര്യയോട്) ഓമനേ! നിന്നെപ്പോലെ ഒരുദിവസമെങ്കിലും, എന്റെ മുമ്പിലത്തെ പന്ത്രണ്ടു ഭാര്യമാരും എനിക്ക് സന്തോഷം തന്നിട്ടില്ല.''

ഭാര്യ—ഭാഗ്യമേഭാഗ്യം. എന്റെ മുമ്പിലത്തെ ഇരുപതു ഭർത്താക്കന്മാരിൽ ഒരുത്തനെങ്കിലും എനിക്ക ഇതുപോലെ ദാസ്യവൃത്തി ചെയ്തിട്ടില്ല. ഇനി വരുന്നവർ ചെയ്കയുമില്ല.''

* * *

ഒരുവന്റെ ഭാര്യ പ്രസവിച്ച കുഞ്ഞിന് അയൽവീട്ടിൽ താമസിക്കുന്ന ഡോക്ടരുടെ ഛായയുണ്ടെന്നുകണ്ട് അയാൾ കുപിതനായി ഭാര്യയോട് കയർത്തു—''എടീ എങ്ങനെ ഈ കുഞ്ഞിന് ആ ഡാക്ടരുടെ ഛായവന്നു? സത്യം പറ.''

അവൾ കുററം സമ്മതിച്ചില്ല. ഒടുവിൽ അത്യധികം രുഷ്ടനായി അയാൾ അവളെ അടിക്കയും ഇടിക്കയും ചെയ്തു. അപ്പോൾ അവളും കോപത്തോടെ ഈവിധം പുലമ്പി!—ശ്രേഷ്ഠം കഴിഞ്ഞയാണ്ടിൽ എനിക്ക പനിവന്നപ്പോൾ നിങ്ങൾതന്നെയല്ലേ ആ ഡോക്ടരെ ഇവിടെ കൊണ്ടുവന്നു അയാൾ പറയുന്നതുപോലെയെല്ലാം അനുസരിച്ചുകൊള്ളണമെന്ന് എന്നോട് ആജ്ഞാപിച്ചതു? അയാൾ പറഞ്ഞതിൽ കൂടുതലായി ഞാൻ ഒന്നും ചെയ്തിട്ടില്ല. എന്നിട്ട് ഇപ്പോൾ എന്നെയാണോ കുററപ്പെടുത്തുന്നതു?

* * *

ഒരു കേസ്സിൽ പ്രതിയായ ഒരു സന്മ്പൂതിരിയെ വാദിവക്കീൽ ക്രാസ് ചെയ്കയായിരുന്നു.

വക്കീൽ—നിങ്ങൾക്കു സജാതിയിൽ എത്ര ഭാര്യമാരുണ്ട്?

പ്രതി—നാല്.

വക്കീൽ—വിജാതിയിലെത്ര!

പ്രതി—ഓർമ്മയില്ല.

വക്കീൽ—അല്ലകല്ലും. നിങ്ങൾക്ക് എത്ര ഭാര്യമാരുണ്ടെന്നു നിങ്ങൾക്കുതന്നെ ഓർമ്മയില്ലേ? വിജാതിയിലും നാലുണ്ടാകും. ഇല്ലേ?

പ്രതി—നാലോ? ഛ്—യ് ഒരിക്കലുമല്ല ഒരു മുപ്പതിനു കുറവില്ല.

വക്കീൽ—ഇവരെല്ലാം നിങ്ങളുടെ കൂടെത്തന്നെയാണോ താമസം?

പ്രതി—എന്റെ ഭാര്യമാരെ അന്യരെക്കൂടെ അയയ്ക്കുക ശേഷിക്കാറവ് എനിക്കിവരെ വന്നില്ല. ഇനി വരികയുമില്ല.

വക്കീൽ—ശരി, ഇവരെ നിങ്ങൾ ന്യായപ്രകാരം സംബന്ധംചെയ്തല്ലേ കൊണ്ടുവന്നതു?

പ്രതി—ആവോ? രൂപമില്ല. ഇല്ലത്തേക്കു പോരാൻ സമ്മതമാണോ എന്നു ചോദിക്കും. യാത്രയ്ക്കു മുണ്ടില്ലെന്നു പറയും. ഒരു പുടവ തോർത്തും വാങ്ങിക്കൊടുക്കും. അവർ എന്റെ കൂടെപ്പോരും. ഇതു സംബന്ധമാണോ അതോ ബന്ധമാണോ എന്ന് എനിക്ക് രൂപമില്ല.

## മാർക്സിസത്തെപ്പററി ലേഖനപരമ്പര

—o—

മാർക്സിസത്തെപ്പററി ഒരു ലേഖനപരമ്പര അടുത്തവാരംമുതൽ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ വി. ഗംഗാധരൻ എഴുതുന്നതാണ്.

# പ്രതിഫലം

**തകഴി ഈ. ആർ. പിള്ള**

ഉപാസപ്പിണി

വെളിയിലെന്നും സവാരിക്കപോകവേ
എളിയവരെ ഞാനെത്രയോകാണുന്നു
പലസുഖമെനിക്കേകിയ ദൈവത്തി-
ന്നുപകൃതിയേതു മചേരിച്ചീലഞാൻ. 1
അനുഭവസുഖമന്യരേക്കാളേററം
അനുഭവിപ്പതനർഹമാണെങ്കിലും
അനുപമസുഖം തന്നെനിക്കീശ്വരൻ
അനവധിജനം തെണ്ടിത്തിരിയവേ 2
നലമെഴും പട്ടുവസ്ത്രങ്ങളാം ചാർത്തിഞാൻ
വലിയമോടിയോടെത്തു ലാത്തീടവേ;
അരമറയ്ക്കുവാനെത്രയോ സാധുക്ക-
ളൊരു പഴന്തുണിത്തുണ്ടിന്നിരക്കുന്നു. 3
അമൃതകല്പവിഭവസമൃദ്ധമാം
അശനമാമോദമീഞാനശിക്കവേ;
ഒരുകവിൾക്കഞ്ഞിവെള്ളംകുടിക്കാതെ
എത്രപേരിക്കൊല്ലുന്നെത്ര നിഷ്കിഞ്ചനർ. 4
മഹിതമേടയിൽ നന്മണിക്കട്ടിലിൽ
മൃദുലചമത്തമേൽ ഞാനുറങ്ങീടവേ;
വഴിയരികിൽ വെറും നിലത്തെത്രപേർ
കിടുകിട വിറച്ചയ്യോ! കിടക്കുന്നു. 5
കൊടിയവേനലിലുഷ്ണം കുറയ്ക്കുവാൻ
നെടിയ'പങ്ക തൻകീഴിൽ ഞാൻവാഴവേ;
ജ്വരവഹ്നിജ്വലനം നിമിത്തമായ്
അടിമുടി തളരുന്നെത്രപേർ വീഴുന്നു. 6
ഒരുസുഖക്കേടെനിക്കല്പമാകുന്നാൽ
വരുമെൻ'രാംഗ്ലേയഡാക്ടർ'ചികിത്സക്കാൻ
പെരിയ ദുസ്സഹരോഗാതിരേകത്താൽ
പരമസാധുക്കളെത്രപേർ കേഴുന്നു. 7
അരമണിക്കൂറുകാറിലെന്നാകിലും
ഒരുസവാരിക്കു ഞാൻ മടിച്ചീടവേ;
കൊടിയ ദുർഘടവീഥിയിലെത്രപേർ
വടയുമൂന്നി നടന്നിരന്നീടുന്നു. 8
എളിയവരിൽ നിന്നേവമുൽകൃഷ്ടമാം
പലസുഖങ്ങളും വൻപ്രതാപങ്ങളും
കരുണയോടെനിക്കേകിയോരീശ്വര-
ന്നൊരുപ്രതിഫലമെന്തു ഞാൻചെയ്യേണ്ടു? 9
അധികമായതിന്നാവശ്യമില്ലനിൻ
ഹൃദയമാതുവാനാവതല്ലെങ്കിലും
അതികാംക്ഷയായി മാമകജീവിതം
സദയമർപ്പിക്കതന്നേ പ്രതിഫലം. 10

—o—

# അഴിമുഖത്ത്

**വെള്ളൂർ പി. കെ. നാരായണൻ നമ്പ്യാർ**

[ദൂരത്ത് മാമലച്ചെരുവിൽ കളിച്ചുവാണ കൊച്ചരുവി അതെ, ആ പെൺകിടാവ് പ്രാണനാഥനെതേടിയലഞ്ഞ് ഒടുവിൽ കാമുകന്റെ, കടലിന്റെ വിരിമാറിടത്തിൽ പരിപൂർണ്ണസംതൃപ്തി അനുഭവിക്കുന്നു. അവൾ ആനന്ദഗീതം പൊഴിക്കുകയാണ്:—]

എത്തിഞാനെന്റെയാശാനി-
(കേതത്തിൽ
നിത്യസംതൃപ്തിപൂണ്ടുസുഖിക്കുവാൻ
നീലമാമലപിന്നിട്ടു, ദുർഗ്ഗമ
മാർഗ്ഗമെല്ലാംചവുട്ടിമെതിച്ചുമേ
എൻപ്രയാണംതടഞ്ഞുകൊടുംപാറ
യെത്രയോഞാനെതിരിട്ടുസാമോദം
ഇന്നുഞാനെത്ര,യെൻപ്രാണനാഥന്റെ
യുന്നതമാംവിരിമാർത്തടത്തിലായ്!
വെൺനുരകളാൽപുഞ്ചിരിതൂകിയും,
മർമ്മരങ്ങളാൽപാട്ടുകൾപാടിയും,
ദൂരെ,മാമലതൻചെരുവിങ്കൽഞാൻ
ചാരുബാലികയായിമരുവുമ്പോൾ
കേട്ടുഞാനീഗഭീരനെ,മാമക
ഹൃത്തടത്തെക്കവർന്നകടലിനെ!
ശാന്തസുന്ദരനാമീക്കടലിങ്കൽ
ശാന്തികണ്ടുഞാൻ, സംതൃപ്തികണ്ടുഞാൻ.
നിത്യസൗഖ്യവുംദുഃഖവും മേലിനി
നിർമ്മലനാംസമുദ്രത്തോടൊപ്പമായ്
എന്നുമെന്നുംകഴിക്കുവാൻവെമ്പിപ്പോയ്
മൻമനമന്നുസർവ്വംമറന്നുപോയ്!
വാരിധിയെഞാൻ കണ്ടുവിദൂരത്തിൽ
വാശിയോടെന്നെമാടിവിളിപ്പതായ്.
ദീർഘഹസ്തങ്ങൾകൊണ്ടുകൈമാടിയെൻ-
യാത്രയെയങ്ങുപ്രോത്സാഹനംചെയ്തു
എന്നെയോർത്തുമനസ്സുരുകിക്കൊണ്ടും
ഖിന്നനായിപ്പലേതുംപറഞ്ഞുമേ
മാമകപ്രാണനാഥൻസമുദ്രമെൻ
മാനസമന്നുകോൾമയിർക്കൊള്ളിച്ചു!
ചൊല്ലെഴുംതിരമാലകൾകൊണ്ടെന്നിൽ
മുല്ലമാലകൾചാർത്തുന്നുസാഗരം
ഊർമ്മികളെന്റെമേനിതഴുകുന്നു
രോമഹർഷംജനിപ്പൂസുഖപ്രദം!
എത്തിഞാനെന്റെയാശാനികേതത്തിൽ
നിത്യസംതൃപ്തിപൂണ്ടുസുഖിക്കുവാൻ!!

# സംസ്കാരത്തെപ്പററി

**എം. ആർ. ത്രിവിക്രമൻനായർ**

പുരാതനകാലംമുതൽ ആധുനികകാലംവരെയുള്ള മാനവപരിഷ്കാരത്തിന്റെ ചരിത്രം പരിശോധിച്ചാൽ ജീവിതാനന്ദനിർമ്മിതിക്കുള്ള മനുഷ്യന്റെ നിരന്തരപരിശ്രമത്തിന്റെ ഒരു രേഖമാത്രമാണതെന്നു നമുക്കുകാണാം. സങ്കീർണ്ണമായ ആ പരിഷ്കാരത്തെ സംസ്കാരമായി നാം തെററിദ്ധരിക്കാറുണ്ട്, പലപ്പോഴും. ഭൗതികപുരോഗതിയുടെ മൗലികാംശമെന്നേ ഈ 'സംസ്കാര'ത്തിനർത്ഥമുള്ളു. വർത്തമാനകാലം, പരിഷ്കാരത്തിന്റെ ഉച്ചകോടിയെ പ്രതിനിധീകരിക്കുന്നുവെന്നു വിശ്വസിക്കുന്നവർ വളരെപ്പേരുണ്ട്. ഏതായാലും സംസ്കാരത്തിന്റെ അതിശ്രേഷ്ഠതയെ ജീവിതത്തിന്റെ ഒരമൂല്യസമ്പത്തായി മനുഷ്യവർഗ്ഗം അംഗീകരിച്ചുകഴിഞ്ഞു.

യവനന്മാർ സംസ്കാരത്തിനു വിവക്ഷിച്ചിരിക്കുന്ന സൂക്ഷ്മാർത്ഥത്തിൽനിന്നും പ്രസിദ്ധ ഇംഗ്ലീഷ്സാഹിത്യകാരനായ മാത്യൂആർണോൾഡ് (Matthew Arnold) പല നിഗമനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. അവയിലൊന്നാണിത്: "ജ്ഞാനം, സ്വഭാവം, സൗന്ദര്യം ഇവ കൈക്കൊള്ളുന്ന കഴിവുകളുടെ സമഗ്രമായ സുവിനിയോഗത്തിനുപയുക്തമാകുന്ന മനസ്സിന്റെ സമൃദ്ധിയാണു സംസ്കാരം." "ഏതാദൃഗ്ഗുണമാണോ മനുഷ്യനെ ഒരുത്തമപൗരനാക്കിത്തീർക്കുന്നത് അതിന്റെ പ്രത്യക്ഷരൂപമത്രേ സംസ്കാരം" എന്നിങ്ങനെ മറെറാരുചിന്തകനായ ജോൺ മോർലിയും (John Morley) പറഞ്ഞിരിക്കുന്നു.

വ്യക്തിപൂർണ്ണതയ്ക്കു മാത്രമുള്ള ഒരാദർശമല്ല സംസ്കാരം. മനുഷ്യസമൂഹത്തിന്റെ പൊതുവായ സമുദ്ധാരണത്തിനുതകുന്ന ഉത്തേജനവ്യഗ്രതയും അതു വഹിക്കുന്നുണ്ട്. സ്വാർത്ഥരസത്തെ അതിജീവിക്കുവാനുള്ള ഒരു മഹാസാധനമാണ് പ്രാഥമികമായും പ്രധാനമായും സംസ്കാരം മനുഷ്യനോടാവശ്യപ്പെടുന്നത്. സർ എസ് രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ, "സംസ്കാരം, മനസ്സിന്റെ നിശ്ചിതമായ ഒരാതിഥ്യമനസ്കതയാകുന്നു" എന്നാണ്.

ലോകത്തിലെ ഏററവും പുതിയ മാററങ്ങളെപ്പററിയുള്ള ഗാഢജ്ഞാനമോ, പരിഷ്കാരത്തിന്റെ മുമ്പോട്ടുള്ള പ്രയാണത്തിനനുസരണമായ ഗതിവേഗതയോ ആണ് സംസ്കാരമെന്നു വേറൊരു ചിന്താഗതിയുണ്ട്. നിശ്ചയമായും മനുഷ്യരാശിയുടെ വ്യത്യസ്തങ്ങളായ രണ്ടു നേട്ടങ്ങളാണ് സംസ്കാരവും പരിഷ്കാരവും. ഭൗതികമണ്ഡലത്തിൽ മനുഷ്യൻ കൈവരുത്തുന്ന പുരോഗതിയെ ആസ്പദമാക്കി പരിഷ്കാരം നിർണ്ണയിക്കപ്പെടുന്നു. പ്രത്യുത, മനുഷ്യഹൃദയത്തിന്റെ സുന്ദരമണ്ഡലത്തിലുള്ള ഒരുത്കൃഷ്ടനേട്ടമായിട്ടത്രേ സംസ്കാരത്തെ പരിഗണിക്കുക. "പരിഷ്കാരത്തിനു മനുഷ്യാവസ്ഥകളിൽ യാതൊരു പങ്കുമില്ല; ജീവിതദുരിതനിവാരണത്തിനു അതു കാരണമാകുന്നില്ല; അഭിപ്രായസ്വാതന്ത്ര്യത്തിനോ പരസ്പരസഹിഷ്ണുതയ്ക്കോ അതിൽ സ്ഥാനമില്ല." ആർതർവീഗാളിന്റെ Arthur Weighall) ഈ അഭിപ്രായം പരിശോധിക്കുമ്പോൾ മേൽപ്രസ്താവിച്ച തത്വം കൂടുതൽ വ്യക്തമാകും. അദ്ദേഹത്തിന്റെ വിവക്ഷയനുസരിച്ചു സംസ്കാരവും പരിഷ്കാരവും കടകവിരുദ്ധമാണ്. വ്യക്തിജീവിതത്തോടുള്ള സൗമ്യമായ പരിഗണനയിൽ പരിഷ്കാരം വേർതിരിച്ചറിയപ്പെടുന്നില്ല. പക്ഷേ, യഥാർത്ഥത്തിൽ അസാന്മാർഗ്ഗികമനോഭാവങ്ങളെ ദൂരീകരിക്കുന്ന ഒരവസ്ഥയല്ല പരിഷ്കാരം. പ്രശസ്തചിന്തകന്മാരുടെ അഭിപ്രായത്തിൽ, മനുഷ്യന്റെ വിവേചനാശക്തിയുടെ ഫലം മാത്രമാണ്—ബുദ്ധിവൈഭവത്തിൽനിന്നുൽഭൂതമായ ഒരു ജീവിതരീതിയാണ് പരിഷ്കാരം. Civilisation ; Its cause and cure എന്ന ഗ്രന്ഥത്തിൽ ഈ കാർപ്പെന്റർ, (E. Carpenter) "ആധുനികകാലത്തെ പരിഷ്കാരം, മനുഷ്യന്റെ ആന്തരികമായ അധഃപതനങ്ങളെക്കുറിക്കുന്നു"വെന്നു സമർത്ഥിച്ചിരിക്കുന്നു.

മഹത്തായ എല്ലാ പരിഷ്കാരങ്ങളുടേയും ആണിക്കല്ലുകൾ, സംസ്കാരത്തിന്റെ അജയ്യമായ ശക്തികേന്ദ്രത്തെ ഫലവത്താംവണ്ണം ദൃഢതരമാക്കിയിട്ടുണ്ട്. സ്നേഹസാന്ദ്രവും അനുഭവപൂർണ്ണവുമായ ഒരു ഹൃദയമാണ് നിസ്സീമമായ യഥാർത്ഥ സംസ്കാരത്തിന്റെ അധിവാസസ്ഥാനം. അല്പത്വത്തിന്റെ ഇഷ്ടപ്പാവഹമായ സ്വാധീനശക്തിയാൽ മലിനമാക്കപ്പെടാത്ത ആത്മത്യാഗൈകമായ ഒരു ജീവിതം—ആത്മാർത്ഥതയും, സ്നേഹവും, സൗന്ദര്യവും, ധൈര്യവും ഒത്തിണങ്ങി സമ്മോഹനരൂപമാന്ന ഒരു സത്യജീവിതം സംസ്കാരത്തിന്റെ ഉദാത്തരശ്മിയാൽ ഉത്തരോത്തരം പ്രോജ്ജ്വലമാക്കപ്പെടുന്നു. സംസ്കാരം നശിപ്പിക്കാവുന്നതോ ഒററപ്പെടുത്താവുന്നതോ അല്ല. ജീവിതത്തിൽനിന്നും തുടച്ചുമാററുവാനും സാദ്ധ്യമല്ല യഥാർത്ഥവും ദൈവികവുമായ ഒരു സിദ്ധിയാണത്. പ്രാകൃതവും കിരാതവുമായ അക്രമപ്രവർത്തനം (Vandalism) മൂലം പരിഷ്കാരങ്ങളെ വളരെയെളുപ്പത്തിൽ തകർത്തു തരിപ്പണമാക്കാം. കാരണം അതു തികച്ചും ഭൗതികമാണെന്നുള്ളതുതന്നെ. കർമ്മത്തിൽ സംസ്കാരമാകുന്നു മനുഷ്യന്റെ ആത്മാവ്. ആശയത്തിലും ആദർശത്തിലും, കലയിലും സാഹിത്യത്തില്യ സമുദായങ്ങളിലും സ്ഥാപനങ്ങളിലും, അവ്വണ്ണം മനുഷ്യപ്രവർത്തനത്തിന്റെ സർവ്വമണ്ഡലങ്ങളിലും സ്വയം പ്രകടമാകുന്ന ഒരു ജനതയുടെ സംസ്കാരം, ആ രാഷ്ട്രത്തിന്റെ ആത്മാവുമാണ്. സമ്പൂർണ്ണ വികാസമെത്തിയ ഒരു സമുദായം—വിശാലമായ ഒരു ജീവിതതത്വം—വിശിഷ്ടഗുണങ്ങളെക്കുറിച്ചുള്ള അവഗാഹമായ ബോധം ഇവയൊക്കെയും സംസ്കാരവ്യാപ്തിക്കു തുലോം അത്യന്താപേക്ഷിതമാണ്.

"ഒരു വസ്തുവിന്റെ ബാഹ്യപ്രകൃതി നിരീക്ഷിച്ചു പഠിച്ചുകഴിയുമ്പോൾ അതിനെപ്പററി നമുക്കറിവുലഭിക്കും; ജ്ഞാനലബ്ധിക്കുശേഷം നാം സൗഹാർദ്ദമനോഭാവം സമ്പാദിക്കുന്നു; അപ്പോൾ ഹൃദയം പരിപൂതമാക്കപ്പെടും. മനുഷ്യൻ സംസ്കരിക്കപ്പെടും, മനുഷ്യൻ സംസ്കാരചിത്തനാവുമ്പോൾ അവന്റെ കുടുംബത്തിൽ അച്ചടക്കബോധം ഉദിക്കും, ഗൃഹഭിത്തികളും പിന്നിട്ട് അതു് അവന്റെ രാജ്യം മുഴുവൻ വ്യാപരിക്കും; അപ്രകാരം സർവ്വരാജ്യങ്ങളിലും അച്ചടക്കബോധം പരിപാലിക്കപ്പെട്ടുകഴിഞ്ഞാൽ ലോകത്തിലെങ്ങും സമാധാനം മധുരനൃത്തം ചവിട്ടും." നൂററാണ്ടുകൾക്കുമുമ്പ് കൺഫ്യൂഷ്യസിന്റെ (Confucius) ഒരന്തേവാസി പറഞ്ഞിട്ടുള്ളതാണ് ഈ തത്വം. സംസ്കാരം വെറും പാണ്ഡിത്യമോ ആലോചനാപരതയോ അല്ല. പാണ്ഡിത്യവും സംസ്കാരവും അന്യോന്യം ബന്ധപ്പെട്ടതാണ്. എന്നാൽ അവ ഒന്നാണെന്നുപറയുവാൻ ഒരിക്കലും നിവൃത്തിയില്ല. പാമരനായിരിക്കുമ്പോഴുംതന്നെ ഒരുവനു സംസ്കാരംനേടാം. ഒരു സർവ്വകലാശാലാബിരുദധാരിക്കു 'പാണ്ഡിത്യാഭ്യാസവും' 'ബുദ്ധിപരമായ ഞാണിന്മേൽക്കളിയും' നല്ല വശമായിരിക്കും. അതുകൊണ്ടു അയാളുടെ കുത്തകയാണു സംസ്കാരമെന്നു വിചാരിക്കുന്നതു ശരിയല്ല. സംസ്കാരത്തിനു സുസ്പഷ്ടമായ ഒരു നിർവ്വചനം നൽകുന്നതിനോ മനുഷ്യശാസ്ത്രപരമായ അതിന്റെ അർത്ഥവ്യാപ്തിയിൽനിന്നും അതിനെ വേർതിരിക്കുന്നതിനോ, വളരെ പ്രയാസമാണ്. മാനസികകഴിവുകളുടെ പരിപോഷണമാകുന്നു സംസ്കാരം. അതിന്റെ മൗലികാർത്ഥത്തിൽ സാധാരണ വിദ്യാഭ്യാസത്തിനും വളരെ ഉപരിസ്ഥിതമാണു സംസ്കാരം.

"ആത്മാവിന്റെ സ്വർഗ്ഗീയാനന്ദത്തിലേയ്ക്കുള്ള മാർഗ്ഗത്തെ ദീപ്തിമത്താക്കുന്ന ആ അഭൗമികതേജസ്സിനെ പ്രാപിക്കുവാൻ ഹൃദയത്തിന്റെ ഒരശ്രാന്തപരിശ്രമമത്രേ സംസ്കാരം" എന്നിങ്ങനെ 'The Salvation of Civilisation is through Culture' എന്ന ഗ്രന്ഥത്തിൽ പ്രൊഫസർ കസിൻസ് (Prof: Cousins) ഉദ്ഘോഷിച്ചു പറയുന്നു. മനുഷ്യജീവിതത്തിൽ കടന്നുകൂടിയിട്ടുള്ള ആത്മവഞ്ചന, അസത്യം, ദുരഭിമാനം, ചതി തുടങ്ങിയ അധമമനോഭാവങ്ങളെ നിർമ്മാർജ്ജനംചെയ്യുന്ന ആദ്ധ്യാത്മികപ്രഭാവമാണ് സംസ്കാരം. ഇത്തരം ദോഷങ്ങളിൽനിന്നും പരിഷ്കാരം വിമുക്തമാണോ? തീർച്ചയായും അല്ല.

വിദ്യാഭ്യാസം, ധനം, പ്രതിഭ ആദിയായ പരിഷ്കാരത്തിന്റെ ശക്തികേന്ദ്രങ്ങൾമുഖേനമാത്രം, ആത്മീയസൗന്ദര്യം, വിജ്ഞാനം, സത്യം, സ്നേഹം ഇവ സംസൃഷ്ടമാകുന്നില്ല. മനുഷ്യവർഗ്ഗത്തിന്റെ സനാതനവും അനർഘവുമായ ഈ നിധികൾ, സാംസ്കാരികപ്രവർത്തനംമൂലം അനവരതം ഉത്തേജിതമാക്കപ്പെടുന്ന ജീവന്റെ സർഗ്ഗാത്മകശക്തിയുടെ സവിശേഷഫലങ്ങളാണ്. സൃഷ്ടികാരകമായ ജീവനാണ് സംസ്കാരത്തിന്റെ ഏററവും ഉത്തമമായ പ്രകാശനം.

സൗന്ദര്യത്തെ നിരീക്ഷിക്കുന്നതും, അഭിനന്ദിക്കുന്നതുമാണ് സംസ്കരണത്തിനുള്ള സുകരവും ശാശ്വതവുമായ മാർഗ്ഗം. Plato (പ്ലേറേറാ,യുടെ അഭിപ്രായം നോക്കുക: "സൗന്ദര്യനിരീക്ഷണം എന്നുവച്ചാൽ ഉന്നമനം എന്നാണർത്ഥം. സൗന്ദര്യത്തിന്റെ ആഹ്വാനത്തിൽ സംസ്കാരത്തിന്റെ ആഹ്വാനമാണ് നാം ശ്രവിക്കുന്നത്. എല്ലാ സൗന്ദര്യസംവീക്ഷണവും സാംസ്കാരികമായ ഉണർവിന്റെ ലക്ഷണമാകുന്നു. സൗന്ദര്യത്തിന്റെ സജീവമായ അഭിവ്യക്തി (manifestation) യാണ് കല." ഉത്തമകലാകാരന്മാർ, എന്നും സംസ്കാരത്തിന്റെ മാർഗ്ഗദർശികളായിരുന്നിട്ടുണ്ട്. പരിണാമത്തിന്റെ യഥാർത്ഥത്തിലുള്ള ആണിക്കല്ലുകളാണ് വിജ്ഞാനവും സൗന്ദര്യവും. വേറൊരുവിധത്തിൽ പറഞ്ഞാൽ വിശ്വസമുദായത്തിലേയ്ക്കുള്ള പടിവാതിലുകളാണ് അവ. കല മനുഷ്യവർഗ്ഗത്തെ ഉന്നിപ്പിക്കുന്നു.

മഹനീയമായ ഒരു ആദർശത്തിൽനിന്നും രുചിരമായ ഒരു യാഥാർത്ഥ്യമായി ലോകസമാധാനത്തെ രൂപാന്തരപ്പെടുത്തുന്നതിനുമുമ്പായി ഒരു പ്രധാനസംഗതി ശ്രദ്ധിക്കേണ്ടതുണ്ട്;—സംസ്കാരപ്രബുദ്ധതയ്ക്കു വഴിതെളിക്കുന്ന ഒരു നവീനവിദ്യാഭ്യാസപദ്ധതിയുടെ രൂപവല്ക്കരണമാണത്. സംസ്കാരത്തെപ്പററിയുള്ള അവഗാഢമായ ഗ്രാഹ്യം, ഭാവിതലമുറകൾക്ക്, ജീവിതസമുദ്ധാരണത്തിനുതകുന്ന വിശിഷ്ടമായ പല പാരമ്പര്യങ്ങളും സൃഷ്ടിക്കും. സംസ്കാരം ഒന്നുമാത്രമേ, ശാശ്വതസമാധാനത്തിന്റേയും സമത്വത്തിന്റേയും നവയുഗത്തിലേയ്ക്ക് വിശ്വത്തെ നയിക്കുകയുള്ളു. ഇന്നത്തെ വിദ്യാഭ്യാസരീതി പരിഷ്കാരത്തിന്റെ മൂശയിൽ വാർത്തെടുക്കപ്പെട്ടതാണ്. അതിപ്പോൾ, ബുദ്ധിയുടെ ഒരു വമ്പിച്ച പ്രദർശനമായിത്തീർന്നിട്ടില്ലേ? ഉവ്വ്. ആധുനികവിദ്യാഭ്യാസം ഐഹികസുഖപ്രാപ്തിക്കുള്ള ഒരു മാർഗ്ഗമായി പരിണമിച്ചിരിക്കുന്നു. ഈ അവസ്ഥ പാടേ മാറിയേതീരൂ. ആത്മീയസൗന്ദര്യം ദർശിക്കുവാനും, അതിന്റെ സംപ്രാപ്തിക്കായി ഉദ്യമിക്കുവാനും പ്രചോദനമരുളുന്ന ഒരു നവീന വിദ്യാഭ്യാസപദ്ധതിയുടെ സംവിധാനമാണ് ഇന്നത്തെ പ്രധാനാവശ്യം. വസ്തുക്കളെ നിരീക്ഷിക്കുന്നതോടൊപ്പം അവയെക്കുറിച്ച് അത്യഗാധമായ ആദ്ധ്യാത്മികജ്ഞാനംകൂടി സമ്പാദിക്കാൻകഴിയുന്നവനാണ് സംസ്കാരചിത്തൻ. പ്രതിഭ, സൗന്ദര്യബോധം, സന്മാർഗ്ഗികത തുടങ്ങിയ മനുഷ്യസിദ്ധികളുടെ പ്രസക്തമായ വികസനത്താൽ പ്രത്യക്ഷീകരിക്കപ്പെടുന്ന, മനസ്സിന്റെയും ആത്മാവിന്റെയും ആഭ്യന്തരഭാവമാണ് സംസ്കാരമെന്നു വിദ്യാഭ്യാസവിചക്ഷണന്മാർ ധരിക്കണം. ഒരു യഥാർത്ഥ അദ്ധ്യാപകൻ സംസ്കാരത്തിന്റെ ഏററവും വലിയ സ്നേഹിതനും പ്രതിനിധിയുമാണ്. ലോകത്തിലെ മഹാന്മാരൊക്കെയും അത്തരം അദ്ധ്യാപകന്മാരായിരുന്നിട്ടുണ്ട്. മഹത്ജനങ്ങളുടെ കലാസൃഷ്ടികളോടുള്ള അനസ്യൂതസംസർഗ്ഗംമൂലം സംസ്കാരം പ്രബുദ്ധമാക്കപ്പെടും. യഥാർത്ഥത്തിൽ ആത്മാവിന്റെ ആനന്ദാനുഭൂതിയാണു സംസ്കാരം.

സുഖം, ധനം, ശാസ്ത്രജ്ഞാനം ഇവയുടെ അഭിവൃദ്ധിയല്ല പുരോഗതിയുടെ മാനദണ്ഡം. പദാർത്ഥം, ജീവൻ, ശരീരം, ആത്മാവ് ഇവയു

# നവലോകം

—o—

**കെ. പി. ബി. പാട്യം**

നീലവിശാല നഭസ്സിൽ കടലല-
മാലകൾ മന്ദം പുണരുമ്പോൾ
വെള്ളിപ്പൂവണിവിണ്ണിൻവനികയിൽ
വെണ്മതിനിന്നു ചിരിക്കുമ്പോൾ
തൂവെൺ ചന്ദ്രിക പരിമൃദുവെള്ള-
പ്പൂവുകൾ വിതറിയതീരത്തിൽ
പുളകമൊഴുക്കും കുളിർ കാററിൽ,സ്വഖ-
മിളിതമനോഹര ഗാനത്തിൽ
കുളിർകൽത്തറയിൽ സ്വപ്നശതങ്ങളി-
ലുലകംതന്നെ മറന്നതുപോൽ
തെല്ലുമയങ്ങിയഞാനൊരുപൂത്തൻ
സ്വർല്ലോകത്തിലുയർന്നെത്തീ.
ദേവാംഗനകൾ മൃദുശ്രുതിമീട്ടി
ഭാവാത്മകമൊരുസംഗീതം.
പൊന്നിൽപ്പണിത ഗുളോപ്പുകൾപോലെ
മിന്നുന്നുജ്ജ്വലദീപങ്ങൾ
കാലിൽകിങ്കിലമണിയും നർത്തക-
ബാലികമാരുടെ നൃത്തങ്ങൾ
മാലേയാനിലനിൽ സുഖസൗരഭ-
മോളമിളക്കും സുമവനികൾ .....!
എങ്ങുമൊരുത്സവമാരംഗത്തിൻ
ഭംഗിയിലെന്മനമലിയുമ്പോൾ
പെട്ടെന്നതിലൊരപശ്രുതിചേർന്നു
ഞെട്ടിപ്പോയ് ഞാനു നിമിഷത്തിൽ
*      *      *
മാപ്പുതരൂ, ഞാനറിയാതയ്യോ;
ബാഷ്പനിമീലിതമെൻ നേത്രം!
സ്വപ്നംവെറുമൊരു സ്വപ്നംമാത്രം
സ്വർഗ്ഗംകണ്ടതു സങ്കല്പം.
വിണ്ണിൻവീഥിയിലല്ലാ ഞാനീ-
മണ്ണിലുണർന്നതു ക്രൂരിരുളിൽ.
കടലിൻ ഹൃദയമിരമ്പുന്നൽക്കട-
കദനത്തിന്റെ ഞരക്കങ്ങൾ.
ഇരവിൻ കൈകൾ ഞെരുക്കിയെറിഞ്ഞൂ
കരയിൽ ജീവിതകുസുമങ്ങൾ
പുകയുയരുന്നു ചുററും, ഭീകര-
പരിസരമല്ലീ മമലോകം!
ഉണരണമുണരണ,മിനിയുമുറക്കം
പുണരാനല്ലാ മമജന്മം.
പുതിയയുഗത്തിൻ കാഹളമൂതി-
പ്പുലരൊളിതഴുകണമീലോകം.
ഇക്കൊടുമിരുളിലുറങ്ങുന്നവരിലൊ-
രുൾപ്പുളകംചേർത്തുണരും ഞാൻ
ഇവരുമുണർന്നാ, ലിവരുമുണർന്നാ-
ലിവിടമൊരത്ഭുത നവലോകം.

—o—

പകർപ്പവകാശം

# ഗ്രന്ഥവിഹാരം

## ബാലികാരാമം

—o—

ഗ്രന്ഥകർത്താ,

എം. പി. അപ്പൻ എം. ഏ. എൽ. ററി.

പ്രസാധകർ,

പ്രസാദ് പ്രസിദ്ധീകരണശാല,

ജഗതി തിരുവനന്തപുരം.

വില ൧൨ അണ.

"ജീവിതോത്സവത്തി"ലേർപ്പെട്ടുനിന്ന ശ്രീ: എം. പി അപ്പന്റെ കവിത വക്ഷ്യമാണ സംഭോഗേച്ഛയായി ബാലികാരാമത്തിൽ പ്രത്യക്ഷപ്പെടുകയാണ്. ഇതിനെ മനോഹരമായ ആ കവിഭാഷയിൽത്തന്നെ ഉദ്ധരിച്ചേക്കാം.

മസൃണകോമളമധുവിധുകഴി-
ഞ്ഞതസുലഭോത്സവവിവശയായ്

മണിയറയിൽനിന്നവൾ അതാ ഇറങ്ങുന്നു. ആ അലോകസാമാന്യമായ, അന്യാദൃശസുന്ദരമായ, അവിസ്മരണീയമായ, അനേകവൈകാരവ്യമായ നിലയെ ചില മുഗ്ദ്ധവർണ്ണങ്ങളെക്കൊണ്ടു ചിത്രീകരിക്കമാത്രമേ കവി ചെയ്യുന്നുള്ളു. അതു നമ്മുടെ ഭാവനയിൽ ഉടനുളം ഓളംതല്ലി കളകളമുതിർത്തു അഭൗമമായ ഒരു ഗന്ധർവലോകത്തിലേയ്ക്കു നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. മധുമധുരമേലുന്ന ആ മണിതമധുരമാധുര്യധുരീണതയിൽ അനന്യപരായണമനസ്സരാക്കി കവി നമ്മെ ബന്ധിപ്പിച്ചുനിർത്തുന്നു. പ്രഥമരാത്രിയിലെ ലീലോത്സവം, വിവിധലീലാവിലോഭനീയമായി കവി വിവക്ഷിച്ചുകാണുന്നു. ലോലാമാംഗളവർക്ക് ഹന്ത നെട്ടനാൾ ചിന്തിച്ചാൽപ്പിച്ച

താം ലീലാശൈലികളൊക്കെ വിസ്മൃതിയിലായെന്നുള്ള വള്ളത്തോളിന്റെ അനുഭവരസികതാമോ, വ്രീളാലോലിത ആദ്യകേളിയിൽ വലഞ്ഞീടുന്ന അമരുകന്റെ ബാലയുടെ സ്വാഭാവികമനോഹരതയോ ഇതിനു സാക്ഷ്യംവഹിക്കമെന്നതോന്നുന്നില്ല. മോട്ടായിതം കുട്ടിമിതം കിളികിഞ്ചിതം തുടങ്ങിയ മനസിജശാസ്ത്രവിധങ്ങളിലുള്ള ലീലാഭേദങ്ങളായിരിക്കയില്ല കവിയുടെ വിവിധലീലയെന്നതോന്നുന്നു. അങ്ങനെയായിരുന്നുവെങ്കിൽ തുറന്നരൂപായി പ്രത്യക്ഷപ്പെടുത്തുന്ന ആ മുഗ്ദ്ധനായികയിൽ

ഇട്ടല്ലുടുപ്പല്ലുംകറയും ചെഞ്ചൊടി-
ത്തളിർ വെൺപുഞ്ചിരിക്കതിർപൂണ്ടും
കളിർമെത്തും കത്തുമുലകളങ്ങനെ
ലളിതമായ്ത്തെല്ലാതുലവാന്നും

ആയിട്ടല്ല കാണപ്പെടേണ്ടതു്.

കോശപേന്ദമിയം ഭധാതിനളിനീ
കാദംബചഞ്ചുക്ഷതം
ധത്തേ ചൂതലതാ നവം കിസലയം
പുംസ്കോകിലാസ്വാദിതം

എന്നരീതിയിൽ പ്രതിരൂപാത്മകമായ ഒരു നില സ്വീകരിച്ചു് പച്ചകൊണ്ടുള്ള പുളികൂടാതെ പകാതയുടെ മധുരാവരുത്തി അനുഭവരസികതാവും അവലോകനകുശലതയും ഔചിത്യസമഗ്രതയും കവിക്കു കുറച്ചുകൂടി വർദ്ധിപ്പിക്കാമായിരുന്നു.

ബാലികാരാമത്തിൽ അടുത്തതായി പ്രത്യക്ഷപ്പെടുന്നതു് ഒരു നർത്തകിയാണ്.

വേഷനാദകൃതതാനദാനകളഗാ-
നരാഗഗതിയോജനം
ലോഭനീയമൃദുപാദപാതകൃതതാള-
മേളനമനോഹരമായ നൃത്തകലാകലവിയോ,
ഒററക്കയ്യുതു കങ്കണങ്ങളെളിയിൽ
തട്ടുന്നമട്ടുന്നിയും
മററതല്പമയച്ചുവിട്ടു നെട്ടതാം
ശ്യാമാലതാശാഖാപോലുള്ള നിലയോ

കൊണ്ടു് നമ്മുടെ മനോയവനികയിൽ അള്ളിപ്പിടിക്കത്തക്കവിധം ആ രംഗം സജീവമാകുന്നില്ല എങ്കിലും ഒരു വെള്ളിത്തിരയിൽ ക്ഷണനേരം പ്രത്യക്ഷമാകുന്നു. വൈജയന്തിമാലയുടെ കാഞ്ചനശലാകതൻ കാന്തിയതുപോലെ കൺകുളിരപ്പിച്ചുകൊണ്ടു മാഞ്ഞുപോകുന്ന ഒരു നഭവസുഖം അനുവാചകനു് ഈ രംഗം പ്രദാനംചെയ്യാതെ വരികയില്ല. നോക്കുക,

മുഴുമുഴുത്തുരുണ്ടുരുണ്ടുമിന്നിയാം
മുലകളുന്മദലോലം
കനിവിയന്നിവ തഴുകി സൌമ്യമാം-
യനാഘ്രൂഷണജാലം

തരുണസുന്ദരമസൃണശൈലിയിൽത്തന്നെയാണു് അദ്ദേഹത്തിന്റെ കവിതയുടെ പദക്രമവും.

ഭാവനയ്ക്കു നിറംപിടിപ്പിക്കുന്ന നവയൌവനാവേശത്തിലെ മനംമയക്കുന്ന മധുരചിന്തകളെ സന്തോഷപൂർവ്വം പകർന്നുതരികയാണ് ഈ കവിത. ശൃംഗാരദേവതയുടെ സ്ഥായിഭാവങ്ങളെ ആധുനികകാലസ്ഥിതിക്കു തകിക്കുന്നവിധം ക്രമപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ് ഈ കവിതകൾക്കുള്ള ഒരു വിശേഷഗുണം. അർത്ഥാലങ്കാരവൈചിത്ര്യത്തെക്കാൾ ശബ്ദാലങ്കാരസൌകുമാര്യത്തിനാണ് അദ്ദേഹം പ്രാധാന്യം കൊടുത്തുകാണുന്നതു. മുഗ്ദ്ധമൃദുതരസ്മിതാപാംഗങ്ങൾകൊണ്ടു കേളീലോലാശയായ ബാലികയുടെ കളലളിതവിലാസാശ്രാന്തിയാണ് ഇതിൽ നമുക്കു കാണാൻ സാധിക്കുന്നതു്. എന്നാൽ അന്തിവാനിന്നകന്നോരുകോണുപോൽ ഇതിലെ നക്ഷത്രകന്യകയും ശശാങ്കനൃത്തവും പ്രശോഭിച്ചിരുന്നു. പ്രതിരൂപാത്മകമായ ആ പ്രതിപാദനത്തിലും പ്രേമസൌന്ദര്യങ്ങളുടെ സ്വച്ഛന്ദഗീതിതന്നെയാണ് പ്രവഹിക്കുന്നതു്. ബാലികാരാമത്തിൽ അവിടവിടെ ചിന്നിക്കാണുന്ന മുക്തകങ്ങൾ അതിന്റെ ശോഭയെ വളരെ വർദ്ധിപ്പിക്കുന്നുണ്ടു്. ആര്യദ്രാവിഡവൃത്തങ്ങളിൽ അയത്നലളിതമായി കവിതാനിർമ്മാണംചെയ്യാനുള്ള കഴിവു് ഇതിൽ നാം കാണുന്നു. കാവ്യശോഭാകരമായ അലങ്കാരത്തിലും, അർത്ഥകല്പനയിലും ശ്രീ. എം. പി. അപ്പന്റെ നിപുണതാബോധം നിരീക്ഷണദക്ഷമായ പങ്കു വഹിച്ചിരുന്നുവെങ്കിൽ—

—o—

## സ്വപ്നങ്ങൾ

—:o:—

ഗ്രന്ഥകാരൻ,

മുത്തൂർ കെ. രാഘവൻനായർ

പ്രസാധകർ,

നാഷണൽപബ്ലിഷേഴ്സ്

തിരുവല്ലാ.

സാഹിത്യനിപുണനായ ശ്രീ: വെണ്ണിക്കുളം, കലാകേരളപദത്തിൽ അഭിഷിക്തനാക്കിയിരിക്കുന്ന മുത്തൂർ കെ. രാഘവൻനായരവർകളുടെ സ്വപ്നങ്ങൾ ഏതാനും ലഘുകൃതികളാണ്. ഗ്രന്ഥനാമവും ഉള്ളടക്കവുംആയി കാര്യകാരണബന്ധം വേണ്ടന്നായിരിക്കുന്ന ഇക്കാലത്തു ദേശായിയുടെ ചരമവും ഗാന്ധിജിയുടെ വധവും മററും ശ്രീ: മുത്തൂർ സ്വപ്നങ്ങളുടെകൂട്ടത്തിൽ പെടുത്തിക്കാണുന്നതിൽ നാം അത്ഭുതാധീനരാകണമെന്നില്ല. ശ്രീ: മുത്തൂരിന്റെ സ്വപ്നം തുടങ്ങുന്നതിങ്ങനെയാണ്.

നക്ഷത്രലിപികളാൽ കാവ്യങ്ങൾകുറിപ്പിച്ചും
പക്ഷിജാലത്തെക്കൊണ്ടു സംഗീതം പഠിപ്പിച്ചും

അങ്ങനെ പ്രകൃതിവൈഭവത്തെ പകർത്താനും വാഴ്ത്താനുമുള്ള കലാപ്രവണതയാണു് ഈ കലാഭക്തനിൽ നാം ദർശിച്ചുതുടങ്ങുന്നതു്. പക്ഷേ കാവ്യങ്ങൾ കുറിപ്പിച്ചു എന്ന പ്രയോഗത്തിൽ വ്യഞ്ജിക്കുന്ന കവിയുടെ അസമർത്ഥത,

മംഗളേ വിശ്വാത്മകം വിഗ്രഹം നവഗ്രഹ-
മണ്ഡലം ഭവദീയ വക്ഷോലങ്കാരംഹാരം
പൂനിലാവൊളിന്റെ പുഞ്ചിരിചേതോഹരി
തേനണിക്കിളിക്കൊഞ്ചൽനിൻതങ്കച്ചിലമ്പൊലി

യിൽ നിമഗ്നമാകുന്നുവെന്നുമാത്രമല്ല മധുരമധുരഭാഷാ സംസ്കൃതാന്യോന്യസമ്മേളനസുരഭിലമായി വികസിക്കുന്ന ഒരു രീതി നമുക്കനുഭവമാകയും ചെയ്യുന്നുണ്ടു്. കലാഭക്തന്റെ പ്രാർത്ഥന സ്വാത്മനിഷ്ഠമായ സങ്കുചിതപരിധിയിലേക്കു താഴ്ന്നുപോകുന്നില്ലയോ എന്ന അപവാദം ചിലർക്കുന്നയിച്ചുകൂടെന്നില്ല.

ഇന്നത്തെ യുവകവികൾ പ്രതിപാദനവിഷയമാക്കാറുള്ള അവരുടെ പ്രിയതരമായ പ്രമേയങ്ങളെല്ലാംതന്നെ ശ്രീ. മുത്തൂരിന്റെ സ്വപ്നങ്ങളിൽ പ്രതിഫലിക്കുന്നുണ്ടു്. അവയെ അനുക്രമം എടുത്തു വിചാരണചെയ്യണമെന്നു വിചാരിക്കുന്നില്ല. യുവകവികളിൽ പലരെയും അപേക്ഷിച്ചു അദ്ദേഹത്തിന്റെ ചിന്താഗതി രാഷ്ട്രീയമണ്ഡലത്തിലേക്കാണു ഉല്പതിക്കുന്നതെന്നു പറയുവാൻ പ്രത്യേകം സന്തോഷമുണ്ടു്. അടുത്തു കഴിഞ്ഞ ഇന്ത്യൻകാര്യങ്ങളിലെല്ലാം ആ ചിന്താഗതി അനുസ്യൂതം വ്യാപരിക്കയായിരുന്നുവെന്നതിനു ഇതു മതിയായ സാക്ഷ്യംതന്നെയാണു്. ഇക്കാരണത്താലായിരിക്കാം പ്രേമരംഗങ്ങളിലേക്കു ഉദ്ദേത്താരങ്ങലിനുള്ള ബദ്ധപ്പാടു ഇതിൽ കുറഞ്ഞുകാണുന്നതു്. എങ്കിലും കിട്ടിയടത്തോളം അവസരംകൊണ്ടു്,

മധുമധുരമാദകസ്വപ്നവുംകണ്ടുകൊ-
ണ്ടതികുതുകലീനനായെന്നുറങ്ങട്ടയോ
അലഘുതരസന്താപഭാരം ചുമന്നൊരെൻ
തലചെറുതുചായ്ച്ചോട്ടെ നിന്മടിത്തട്ടിൽഞാൻ

എന്നിങ്ങനെയുള്ള "ഇഹസഞ്ചാരിഭാവങ്ങളല്ലെങ്കിൽ വ്യഭിചാരികൾ" എന്ന ഭാവപേശലതകളെ ആവിഷ്കരിക്കാതെയും ഇരിക്കുന്നില്ല.

കേരളത്തെയും ഭാരതത്തെയും മഹാത്മാഗാന്ധിയെയും ആര്യപുരാതനസംസ്കാരമഹിമയേയും പുളകോദ്ഗമപ്രസരത്തോടുകൂടി പാടിവാഴ്ത്തുന്ന കവി സ്വപ്നം അവസാനിക്കാറാകുമ്പോഴേക്കും ചെമ്പടയുടെ രക്തപങ്കിലമായ വിപ്ലവത്തെ സ്വാഗതംചെയ്തുകൊണ്ടു,

മന്നിനെ വിഴുങ്ങിയൊരിരുളിൻതലചിന്നി
ചിന്നിവീഴട്ടെ, എന്നു ആർപ്പിടുന്നു. അന്നന്നു കണ്ടതിനെ വാഴ്ത്തുക എന്നതിൽകവിഞ്ഞ ആദർശനിഷ്ഠ ഇക്കാലത്താവശ്യമായി വരുന്നില്ല എന്നല്ലേ ഇതുകൊണ്ടു വിചാരിക്കാൻ. കൊച്ചിളംകൃഷ്ണൻ: എന്നുമററും പ്രയോഗിച്ചിരിക്കുന്നതിൽ ശ്രീ. മുത്തൂരിന്റെ അഭ്യുദയകാംക്ഷികൾ തന്നെയും അത്ഭുതപ്പെട്ടേക്കാം. ഇരുപത്തെഴു ലഘുകവിതകളുൾക്കൊള്ളുന്ന സ്വപ്നങ്ങൾ അദ്ദേഹത്തിനു സുശോഭനമായ ഭാവിയുണ്ടെന്നു നമ്മെ ബോധ്യപ്പെടുത്തുന്നു.

(സി. എം. പി)

ടെ സ്വാഭാവികമായ സംസ്കൃതിയിലാണ് യഥാർത്ഥപുരോഗമനം സ്ഥിതിചെയ്യുന്നതു്. ഇതത്രെ ഭാരതീയസംസ്കാരത്തിന്റെ ലക്ഷ്യം. അതുകൊണ്ടാണ് ഭാരതീയസംസ്കാരത്തിൽ അഹിംസയ്ക്കും ധർമ്മത്തിനും മഹിതോജ്വലസ്ഥാനം കല്പിക്കപ്പെട്ടിരിക്കുന്നതു്. ശാസ്ത്രം, ഭൗതികജീവിതത്തെ സുദൃഢമാക്കുവാനുള്ള ശക്തി നൽകുന്നു. പക്ഷേ മനസ്സിന്റെ മനോജ്ഞഭാവങ്ങൾ അതിനു കീഴ പെടുവാൻ നാം ഒരിക്കലും അനുവദിക്കരുതു്. സംസ്കാരശൂന്യമായ പരിഷ്കാരം വെറുമൊരു മുദ്രാവാക്യമായിരിക്കും, ആന്തരികശക്തിയെ അവഗണിച്ചു്, മനുഷ്യന്റെ ബാഹ്യശക്തിമാത്രം പരിപുഷ്ടമാക്കുന്നതുകൊണ്ടു് മഹത്തായ യാതൊരു ലക്ഷ്യവും കൈവരിക്കുവാൻ സാദ്ധ്യമല്ല. ശാസ്ത്രത്തിന്റെ അധികമായ കെട്ടുപാടുകളിൽനിന്നും ജീവിതത്തെ വിമോചിപ്പിച്ചു് ആത്മീയസംസ്കാരത്തിന്റെ പ്രകാശകിരണങ്ങൾ അതിനുള്ളിൽ പ്രവേശിപ്പിക്കുകയാണ് ഇന്നത്തെ അടിയന്തിരാവശ്യം.

ലക്ഷ്യപ്രാപ്തിക്കവേണ്ടി കാലാനുസൃതമായ മാർഗ്ഗങ്ങളെ അംഗീകരിക്കുക പരിഷ്കാരത്തിന്റെ മുഖ്യസ്വഭാവമാണ്. തദാരം ആരംഭംമുതൽക്കേ, അതിന്റെതന്നെ വിനാശത്തിനുള്ള വിത്തുകൾ അതു ഉൾക്കൊള്ളുന്നുമുണ്ടു്. പരിപരിപൂർണ്ണമായ സംസ്കാരത്തിനുമാത്രമേ മനുഷ്യരാശിയെ സംരക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. ഒരു സ്വപ്നലോകത്തിൽനിന്നും നാം ഉണർന്നെഴുന്നേററു കണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരിഷ്കാരം, സുസ്ഥിരമായ ആത്മസംയമനത്തിനു് അധീനമായെങ്കിലേ സംസ്കാരം നിലനിൽക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം നല്ലവണ്ണം മനസ്സിലാക്കണം;—തദനുസരണമായി ജീവിക്കയും ചെയ്യണം. നിസ്വാർത്ഥസുന്ദരമായ— ത്യാഗമോഹനമായ— ഒരു ജീവിതം നയിക്കുവാൻ സംസ്കാരമാണു് നമുക്കു ഏകാവലംബം.

"സംസ്കാരം, സത്യത്തിൽനിന്നും സത്യത്തെ അറിയുവാനുള്ള വൈജ്ഞാനിക തൃഷ്ണയാണ്. അതിന്റെ നിലനിൽപിനുവേണ്ടി സാമൂഹ്യവുമായ ഒരു ജീവിതവ്യഗ്രതകൂടി അതു വഹിക്കുന്നു. പരിപൂർണ്ണതയിലേക്കുള്ള പുരോഗമനോന്മുഖമായ പ്രയാണമാണ് സംസ്കാരം. അതിൽ സർഗ്ഗീയാനന്ദവും, സത്യസൌന്ദര്യവും, ആത്മപ്രകാശവും സമ്മോഹനമായി സമ്മേളിക്കുന്നതു് നാം ദർശിക്കുന്നു." ഏതാണ്ടിപ്രകാരം മാത്യൂ ആർണോൾഡ് ഒരു ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. മറെറാരു ചിന്തകനും കലാകാരനുമായ Nicholas Roriech (നിക്കോലസ് റോറിച്ച്) അഭിപ്രായപ്പെട്ടിരിക്കുന്നതു്, "അഗാധമായ വിജ്ഞാനം, ഉത്ബുദ്ധപരിശ്രമം, നിതാന്തസ്വാച്ഛന്ദ്യം, ഉന്നതനേട്ടം ഇവയത്രേ സംസ്കാരമാകുന്ന മഹാവൃക്ഷത്തെ സംപുഷ്ടമാക്കിത്തീർക്കുന്നതു്," എന്നാണ്.

സംക്ഷിപ്തമായി പറഞ്ഞാൽ സംസ്കാരം തന്നെയാണ് സത്യമായ മനുഷ്യഹൃദയം.

സ്വാതന്ത്ര്യനേകരണം.

—o—

ചെറുകഥ

# പോസ്റ്റാഫീസിൽ

ആന്റൺ ചെക്കോവ്

ഞങ്ങളുടെ വൃദ്ധനായ പോസ്റ്റുമാസ്റ്ററുടെ ഭാര്യ ഇന്നലെ മരിച്ചു. ശവസംസ്കാരത്തിനു് ഞങ്ങളെല്ലാവരും ചെന്നിരുന്നു. മുത്തപ്പന്മാരുടെ കാലംമുതൽക്കേ ഉള്ള ചടങ്ങുകൾ അനുസരിച്ചു് ശവം മറവുചെയ്തു. അതിനുശേഷം അനുശോചനം പ്രകടിപ്പിക്കാൻ, ഞങ്ങളെല്ലാവരും പോസ്റ്റാഫീസിൽ കൂടി.

തീൻമേശപ്പുറത്തു് പാൻകേക്കുകൾ വിളമ്പി. വൃദ്ധൻ പൊട്ടിക്കരഞ്ഞു. "ഈ പാൻകേക്കുകൾ എന്റെ ഭാര്യയെപ്പോലെ ചുവന്നിരിക്കുന്നു. അത്രയും സുന്ദരവുമാണ്."

"അതു ശരിയാണ്" ഞങ്ങൾ സമ്മതിച്ചു- "അവൾ സുന്ദരിയായിരുന്നു ഒരു ഒന്നാംകിട സുന്ദരി"

"ശ...രിതന്നെ. അവളെ കണ്ടപ്പോൾ എല്ലാവരും അത്ഭുതപ്പെട്ടുപോയി. എങ്കിലും, മനുഷ്യരെ, ഞാൻ അവളുടെ സൌന്ദര്യംകൊണ്ടോ, സൌശീല്യംകൊണ്ടോ അല്ല അവളെ സ്നേഹിച്ചിരുന്നതു്. ആ ഗുണങ്ങൾ സ്ത്രീക്കു് പ്രകൃതിയിൽ തന്നെ ഉള്ളതാണ്. അതു സാധാരണമാണ്. അവളുടെ ആത്മാവിന്റെ മറെറാരു ഗുണംകൊണ്ടാണ് ഞാൻ അവളെ സ്നേഹിച്ചിരുന്നതു്. (അവളുടെ ആത്മാവിനു് ഈശ്വരൻ ശാന്തി നൽകട്ടെ). അവളുടെ പ്രകൃതം ഉന്മേഷപൂർണ്ണവും ചപലവുമായിരുന്നു. എങ്കിലും ഭർത്താവിനോടു് വിശ്വസ്തയായിരുന്നു അവൾ. അവൾക്കിരുപതുവയസ്സേ ആയിരുന്നുള്ളു എങ്കിലും, എനിക്കു് അറുപതുകഴിയാൻ അധികദിവസങ്ങൾ ഇല്ലായിരുന്നു, എന്നിട്ടും അവൾ എന്നോടു വിശ്വസ്തയായിരുന്നു, ഒരു വൃദ്ധനോടു്!"

ഞങ്ങളോടൊന്നിച്ചു് ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന 'കപ്യാർ' അർത്ഥഗർഭമായി ചുമച്ചു.

'നിങ്ങൾ അതു വിശ്വസിക്കുന്നില്ലെന്നു തോന്നുന്നു' ഭാര്യമരിച്ച വയസ്സൻ അയാളുടെ നേരെ തിരിഞ്ഞു.

'ഞാൻ വിശ്വസിക്കാഞ്ഞല്ല' കപ്യാർ പരിഭ്രമത്തോടെ പറഞ്ഞു. "പക്ഷേ......നോക്കൂ......ഇക്കാലത്തു് ചെറുപ്പക്കാരികളായ ഭാര്യമാർ. സാധാരണ നിങ്ങൾ പറയുന്നതുപോലെ.................

"നിങ്ങൾ അതു വിശ്വസിക്കുന്നില്ല പക്ഷേ ഞാൻ അതു തെളിയിച്ചുതരാം. ഞാൻ ഒട്ടേറെ തന്ത്രങ്ങൾകൊണ്ടു ; അവളുടെ വിശ്വസ്തതയെ പരിരക്ഷിച്ചിരുന്നു. ഒരു കോട്ടനിരകൊണ്ടെന്നതന്നെ നിങ്ങൾക്കു പറയാം. ആ സൂത്രങ്ങൾകൊണ്ടു്, അവൾക്കെന്നോടു് വിശ്വസ്തയാകാതിരിക്കാൻ സാദ്ധ്യമല്ലാതെ വന്നു. ഈ തന്ത്രങ്ങളെ ഞാൻ എന്റെ വിവാഹമെത്തയ്ക്കു കാവൽനിറുത്തി. ഒരു സമാധാനപൂർണ്ണമായ നിദ്രക്കു് കുറച്ചു വാക്കുകളേ എനിക്കു ചെലവുണ്ടായിരുന്നുള്ളു. എന്തായിരുന്നു അവ? തീരെ ബുദ്ധിമുട്ടില്ലാത്തതു്. പട്ടണത്തിലൊട്ടുക്കു് ഒരു പിറുപിറുക്കൽ ഞാൻ സൃഷ്ടിച്ചു. അതു നിങ്ങൾക്കറിയാം. ഞാൻ ഓരോരുത്തരോടും പറയും, എന്റെ ഭാര്യ അലിയോവ്ന, പോലീസ് അധികാരി, ഇവാൻ അലക്സെയിച്ചു് സിലക്‌വാറെസ്കി-യുമായി ലോഹ്യമാണെന്നു്. ഈ അഞ്ചെട്ടുവാക്കുകൾ മതി, ഏതൊരു മനുഷ്യനും ആ പോലീസ്‌മേധാവിയെ ഭയപ്പെട്ടു് അലിയോവ്‌നയുമായി പ്രേമബന്ധം സ്ഥാപിക്കാൻ ധൈര്യപ്പെട്ടില്ല. ആരെങ്കിലും അവളെ ഒന്നുകണ്ടുപോയാൽ, ഇവാൻ അതറിഞ്ഞെങ്കിലോ എന്നു കരുതി പ്രിയപ്പെട്ട ജീവനെ ഓർത്തുപാഞ്ഞുകളയുമായിരുന്നു."

"ആ പ്രേമംകൊണ്ടു നിങ്ങൾക്കു് ഒരു തമാശും ലഭിക്കുകയില്ല. നിങ്ങളുടെ ശുചിയില്ലായ്മയെക്കുറിച്ചു് ആ പോലീസ്‌മേധാവി അഞ്ചാറു് ഔദ്യോഗികറിപ്പോർട്ടുകൾ അയച്ചുകളയും. നിങ്ങളുടെ പൂച്ച എങ്ങാൻ തെരുവിൽ കടന്നാൽ ഉടൻ അതൊരു ഉടമസ്ഥനില്ലാത്ത ജീവിയാണെന്നു് അയാൾ റിപ്പോർട്ടു ചെയ്യും."

"അപ്പോൾ, നിങ്ങളുടെ ഭാര്യ ഇവാൻ അലക്സെയിച്ചുമായി ലോഹ്യമായിരുന്നില്ലേ"? അത്ഭുതംനിറഞ്ഞ ഒരു താഴ്ന്നശബ്ദത്തിൽ ഞങ്ങൾ ചോദിച്ചു.

'ഇല്ല അതെന്റെ സൂത്രമായിരുന്നു. ഞാൻ നിങ്ങളെ—ചെറുപ്പക്കാരെ കണക്കിനു പറ്റിച്ചു എന്നാണിപ്പോൾ വന്നിരിക്കുന്നതു്. ഹ! ഹ! ഹ!"

രണ്ടുമൂന്നു നിമിഷങ്ങൾ നിശ്ശബ്ദതയിൽ കഴിഞ്ഞു. ഞങ്ങളെല്ലാവരും അവിടെത്തന്നെ ഇരുന്നു. ചുമന്ന മൂക്കുള്ള ആ തടിച്ചമനുഷ്യൻ ഞങ്ങളെ ഇത്രയ്ക്കു് ബുദ്ധിപൂർവ്വം വഞ്ചിച്ചല്ലോ എന്നോർത്തു ഞങ്ങൾ ലജ്ജിതരും അപമാനിതരുമായി.

'ഈശ്വരൻ സഹായിച്ചു്, നിങ്ങൾ ഇനിയും വിവാഹം കഴിക്കട്ടെ'—കപ്യാർ പിറുപിറുത്തു.

വിവർത്തകൻ:— ഐസക്ക് തോമസ്.

## ബോംബെ മെഡിക്കൽഹാൾ

താമരക്കുളംറോഡ്—കൊല്ലം

ആയുർവേദവിധിപ്രകാരം തയാറാക്കിയിട്ടുള്ള എല്ലാ ഔഷധങ്ങളും മിതമായ വിലയ്ക്കു് ഇവിടെ എപ്പോഴും കിട്ടുന്നതാണ്. ദൂരസ്ഥന്മാർ രോഗവിവരമറിയിച്ചാൽ ഔഷധം വി. പി. ആയും അയയ്ക്കുന്നതാണ്. ക്യാററ്ലോഗിനു് എഴുതുവിൻ. മാനേജർ

# പല്ലവരാജവംശവും ദക്ഷിണേന്ത്യൻ ശില്പകലയും

മിസ്സിസ് ചെല്ലം പി. നായർ

പല്ലവരാജാക്കന്മാരുടെ ഉല്പത്തി എന്ന വിഷയംതന്നെ ചരിത്രകാരന്മാരിൽ ഫലപ്രദമാകാത്ത വളരെയധികം വാദങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുണ്ടു്. ക്രിസ്ത്വബ്ദം ആറാംശതകത്തിനും ഒൻപതാംശതകത്തിനും മദ്ധ്യേയുള്ള ബുദ്ധ-ഹിന്ദുമതങ്ങളുടെ പ്രാബല്യത്തിന്റേയും ദക്ഷിണേന്ത്യൻ ശില്പകലയുടെ വളർച്ചയുടേയും ചരിത്രമാണു് ഈ രാജവംശത്തിന്റെ ചരിത്രമെന്നു് നിർവ്വാദം പറയാം.

'പല്ലവ' എന്ന വാക്കു് പുരാണങ്ങളിലെ 'പാണ്ഡവ' എന്ന സംസ്കൃതപ്രയോഗത്തിൽനിന്നും 'പഹ്ലവ' എന്നു പരിവർത്തനപ്പെട്ടതാണെന്നും സിന്ധുവിനും പേർഷ്യയ്ക്കും മദ്ധ്യേ സ്ഥിതിചെയ്യുന്ന ഒരു ഭൂവിഭാഗവാസികളായിരുന്ന 'പാർത്ഥ്യാ' വർഗ്ഗക്കാരായിരുന്നു പല്ലവന്മാർ എന്നും മററുമായിരുന്നു ഇവരെപ്പററിയുണ്ടായിരുന്ന പഴയ സിദ്ധാന്തം. പരേതനായ ഡാ: വിൻസൻറ് സ്മിത്തു് അദ്ദേഹത്തിന്റെ Early History of India എന്ന ഗ്രന്ഥത്തിൽ കൃഷ്ണാ, ഗോദാവരി എന്നീ നദികളുടെ മദ്ധ്യഭാഗത്തു് 'വേംഗി' എന്ന പേരാൽ അറിയപ്പെടുന്ന ദേശപരിധിയിലാണു് പല്ലവന്മാർ കുടികൊണ്ടിരുന്നതെന്നു സൂചിപ്പിക്കുന്നു. ഈ നിഗമനത്തെ കുറേക്കൂടി പിൻതുടരുന്നപക്ഷം ആന്ധ്രദേശമായി പിൽക്കാലത്തു അറിയപ്പെടുന്ന ഈ സ്ഥലത്തുണ്ടായിരുന്ന പല്ലവന്മാർ ആന്ധ്രവംശത്തിനു മുൻപുതന്നെ (A D 236) പ്രബലതയിൽ എത്തിയ ഒരു വർഗ്ഗമായിരുന്നുവെന്നു കാണാൻ കഴിയും. കൃഷ്ണാനദിയുടെ ദക്ഷിണപാർശ്വത്തിലുള്ള അമരാവതിയിലെ സുപ്രസിദ്ധ മാർബിൾസ്തംഭത്തിന്റെ സ്ഥാപകൻ 'പുലുമാവി' രണ്ടാമൻ എന്ന ആന്ധ്രരാജാവിന്റെ രാഷ്ട്രീയപിൻഗാമികൾ പല്ലവന്മാരായിരുന്നു എന്നും ചരിത്രം തെളിയിക്കുന്നുണ്ടു്. എന്നാൽ ആന്ധ്രവംശത്തിനു് മുൻപുണ്ടായിരുന്ന ആദിമപല്ലവവർഗ്ഗത്തിന്റെ യഥാർത്ഥ രാഷ്ട്രീയസ്ഥാനം എന്തായിരുന്നുവെന്നാണു് നിഷ്കൃഷ്ടമായി അറിയാൻ കഴിയാതയിരിക്കുന്നതു്. ചരിത്രകാരന്മാർ ഇതേപ്പററിയുള്ള ഗവേഷണം തുടർന്നു കൂടുതൽ സമർത്ഥമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുമെന്നു് നമുക്കു പ്രതീക്ഷിക്കാം.

ഇന്നത്തെ ചെങ്കൽപെട്ടു്, തെക്കേആർക്കാട്ടു് വടക്കേആർക്കാട്ടു് മുതലായ ഡിസ്ട്രിക്ടുകളും അതിനു വടക്കോട്ടു ആന്ധ്രദേശംവരെയും നീണ്ടുകിടന്ന 'തൊണ്ടമണ്ഡലം' എന്ന ദേശത്തെയാണു് പല്ലവരാജാക്കന്മാർ ഭരിച്ചുവന്നിരുന്നതു്. ഒൻപതാംശതാബ്ദത്തിന്റെ അവസാനകാലഘട്ടത്തിൽ ചോളവംശം ഇതിനെ ആക്രമിച്ചു കീഴടക്കിയതോടുകൂടി ഈ രാജവംശവും അസ്തമിച്ചു.

സിംഹവിഷ്ണു മുതലുള്ള പല്ലവരാജാക്കന്മാർ ദക്ഷിണേന്ത്യൻ ശിലാശില്പങ്ങളുടെ നിർമ്മാതാക്കൾ എന്ന നിലയിൽ ഏററവും പ്രശസ്തി ആർജ്ജിച്ചിട്ടുള്ള ഒരു രാജവംശത്തെയാണു് പ്രതിനിധാനം ചെയ്യുന്നതു്. മഹേന്ദ്രവർമ്മൻ ഒന്നാമന്റെ പുത്രൻ നരസിംഹവർമ്മൻ ഒന്നാമന്റെ സഹകാലീനനായിരുന്നുവെന്നുള്ളതും ഈ സന്ദർഭത്തിൽ ശൈവമതംസക്തി വർദ്ധിച്ചതോടുകൂടി മഹേന്ദ്രവർമ്മൻ, അന്നത്തെ കാഞ്ചീപുരം ഡിസ്ട്രിക്ടിലും അതിനടുത്തും അനേകം ശിവക്ഷേത്രങ്ങൾ പണികഴിപ്പിച്ചു. ഇവയെല്ലാം അനശ്വരങ്ങളായിരിക്കണമെന്നു് നിർബ്ബന്ധമുണ്ടായിരുന്നതിനാൽ ക്ഷേത്രരൂപങ്ങൾ വലിയ പാറകളിൽനിന്നും കടഞ്ഞുണ്ടാക്കുന്നതിനാണു് മഹേന്ദ്രവർമ്മൻ നിശ്ചയിച്ചതു്. ഇദ്ദേഹത്തെ സ്വപുത്രനായ നരസിംഹവർമ്മൻ ഒന്നാമനാണു് പിൻതുടർന്നതു്. പിൽക്കാലങ്ങളിൽ 'മഹാമല്ലൻ' അഥവാ 'മാമല്ലൻ എന്ന അപരനാമധേയത്താൽ അറിയപ്പെട്ട ഈ രാജാവാണു് ചെങ്കൽപ്പെട്ട ഡിസ്ട്രിക്ടിലുള്ള സുപ്രസിദ്ധ മഹാബലിപുരം (മാമല്ലപുരം) ഗ്രാമത്തിന്റെ ജനയിതാവു്.

നരസിംഹവർമ്മൻ ഒന്നാമന്റെ പുത്രനായ മഹേന്ദ്രവർമ്മൻ രണ്ടാമന്റെ പൌത്രനും 'രാജസിംഹൻ എന്ന അപരനാമധാരിയുമായ നരസിംഹവർമ്മൻ രണ്ടാമനാണു് ദക്ഷിണേന്ത്യൻ ശില്പകലയ്ക്കു് അടുത്തതായി ഒരു നവോത്ഥാനം നൽകിയതു്. ഇദ്ദേഹം തന്റെ മുൻഗാമികളിൽനിന്നു് തികച്ചും വ്യത്യസ്തവും പരിഷ്കൃതവുമായ രീതിയിൽ ശില്പകലയെ നവീകരിക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ടു്. ക്ഷേത്രരൂപങ്ങളും മററും ഒററക്കല്ലുകളിൽനിന്നും കടയപ്പെട്ടിരുന്ന രീതിവിട്ടു, ഇഷ്ടിക, കല്ലു മുതലായവ ഉപയോഗിച്ച് വ്യത്യസ്തവും സ്വാതന്ത്ര്യങ്ങൾ അലങ്കരിച്ചിരുന്നതു്. ദക്ഷിണേന്ത്യയിലെ പ്രാധാന്യമർഹിക്കുന്ന പുരാതനശിലാസ്മാരകങ്ങൾ എല്ലാംതന്നെ പ്രാചീനപല്ലവകാലത്തെ പണിത്തരങ്ങളാണു്. ഹൈന്ദവശില്പകലാചരിത്രം മഹേന്ദ്രവർമ്മൻ ഒന്നാമൻ (ഏ. ഡി. 610—640) എന്ന പല്ലവരാജാവിന്റെ വാഴ്ചയുടെ പശ്ചാത്തലത്തിൽനിന്നാണു് രൂപമെടുത്തിട്ടുള്ളതെന്നുവേണം പറയുവാൻ.

മഹേന്ദ്രവർമ്മൻ ഒന്നാമനും മഹാനായ അശോകചക്രവർത്തിയെപ്പോലെ ഒരു മതപരിവർത്തനത്തിനു് വിധേയനാകുകയാണു് ചെയ്തതു്. ജൈനമതവിശ്വാസിയായിരുന്ന ഇദ്ദേഹത്തെ ശൈവമതത്തിലേക്കു പരിവർത്തനം ചെയ്യിച്ചതു് 63 നായനാന്മാരിൽ സുപ്രസിദ്ധനായ 'തിരുനാവുക്കരശ്' എന്ന മഹാനാണു്. ഇദ്ദേഹത്തെ ഒരു കാലത്തു് കഠിനമായി വെറുത്തിരുന്ന മഹേന്ദ്രവർമ്മൻ കാലക്രമത്തിൽ അദ്ദേഹത്തിന്റെ രക്ഷാകർത്തൃത്വം ഏറെറടുത്തു. സുപ്രസിദ്ധ ശൈവസിദ്ധാന്തിയായിരുന്ന 'തിരുജ്ഞാനസംബന്ധർ മഹേന്ദ്രവർമ്മന്റെ പു

മായ ഘടകങ്ങളോടുകൂടി കെട്ടിടങ്ങൾ കെട്ടുക എന്ന അടുത്ത പടിയിലേക്കു് രാജസിംഹമാതൃക എത്തിച്ചേർന്നു. കാഞ്ചീപുരത്തുള്ള കൈലാസനാഥസ്വാമിക്ഷേത്രത്തിലെ ശ്രീകോവിലിന്റെ പണി ആരംഭിച്ചതു ഈ കാലഘട്ടത്തിലാണു്. രാജസിംഹന്റെ പുത്രൻ മഹേന്ദ്രവർമ്മൻ മൂന്നാമനാണു് അതു പൂർത്തിയാക്കിയതു്. രാജസിംഹന്റെ മറെറാരു പുത്രനായ പരമേശ്വരവർമ്മൻ രണ്ടാമനാണു് കാഞ്ചീപുരത്തുള്ള വൈകുണ്ഠപെരുമാൾ ക്ഷേത്രത്തിന്റെ നിർമ്മാതാവു്.

പല്ലവവംശജനായ നന്ദിവർമ്മനും സ്വപൂർവ്വീകന്മാരെപ്പോലെതന്നെ ശില്പകലയിൽ മനോധർമ്മവും ഔൽസുക്യവും പ്രകടിപ്പിച്ചു കീർത്തിയാർജ്ജിച്ച ഒരു രാജാവായിരുന്നു. ഏതാണ്ടു ഈ കാലഘട്ടത്തോടുകൂടി പല്ലവശില്പകല അതിന്റെ പരിണാമദശയിലും എത്തിച്ചേർന്നു.

ഇങ്ങനെ, പല്ലവരാജവാഴ്ചയ്ക്കിടയിലുള്ള ദക്ഷിണേന്ത്യൻ ശില്പകലാസൃഷ്ടികളെ സാമാ ക്ഷേത്രം, പല്ലാവരംക്ഷേത്രം, മഹേന്ദ്രവാടിവിഷ്ണുക്ഷേത്രം, ചെങ്കൽപ്പെട്ടിനടുത്തുള്ള വല്ലംക്ഷേത്രം, ജിഞ്ചിക്കടുത്തുള്ള മേലാച്ചേരിക്ഷേത്രം, സിംഗാവരത്തുള്ള രംഗനാഥക്ഷേത്രം, പക്ഷിതീർത്ഥമെന്നറിയപ്പെടുന്ന തിരുക്കഴുക്കുണ്ഡറംക്ഷേത്രം, തിണ്ടിവനത്തിനടുത്തുള്ള കീഴ്മാവിളങ്കൈക്ഷേത്രം മുതലായവ മഹേന്ദ്രമാതൃകയിൽ പെടുന്ന പല്ലവസൃഷ്ടികളാണു്.

മാമല്ലമാതൃക: —

ഈ മാതൃകയിൽപെട്ട ശില്പകലാസ്മാരകങ്ങളെ സാമാന്യേന മൂന്നായി തിരിക്കാം. ഗുഹാമണ്ഡപക്ഷേത്രങ്ങൾ, രഥങ്ങൾ എന്നു് സാധാരണ അറിയപ്പെടുന്നവയും ഒററക്കല്ലിൽനിന്നും പൂർണ്ണരൂപങ്ങൾ കടഞ്ഞെടുത്തിട്ടുള്ളവയുമായ ക്ഷേത്രരൂപങ്ങൾ, ശിലാപ്രതിമകൾ എന്നിങ്ങനെ: ഗുഹാമണ്ഡപങ്ങൾ മഹേന്ദ്രമാതൃകകളെപ്പോലെതന്നെ കടഞ്ഞെടുക്കപ്പെട്ടവയാണെങ്കിലും അവയുടെ ദർശനഭാഗത്തുള്ള പണിത്തരങ്ങൾ കൂടുതൽ വിചിത്രങ്ങളും സ്തംഭങ്ങൾ വിഭിന്നമായ രീതിയിലുമാണു്. രഥങ്ങൾ എന്നറിയപ്പെടുന്നവ, മരംകൊണ്ടു് പണിയപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങളുടെ സങ്കല്പരൂപങ്ങൾ കൌതുകതരമായ രീതിയിൽ പാറയിൽനിന്നും കടഞ്ഞെടുത്തിരിക്കുന്ന ക്ഷേത്രങ്ങളാണു്. ശിലാപ്രതിമകൾ മിക്കവയും തുറന്ന സ്ഥലത്തുള്ള പാറകളിൽ കൊത്തപ്പെട്ടിരിക്കയാണു്. മൂന്നുനാലു വി



പഞ്ചരഥങ്ങൾ

ന്യമായി നാലുതരമായി തരംതിരിക്കാം.

അതായതു്:—

| | | |
|---|---|---|
| മഹേന്ദ്രമാതൃക | (ഏ. ഡി. | 610-640) |
| മാമല്ലമാതൃക | ( " | 640-674) |
| രാജസിംഹ " | ( " | 674-800) |
| നന്ദിവർമ്മ " | ( " | 800-900) |

—എന്നിങ്ങനെ.

മഹേന്ദ്രമാതൃക.—

മഹേന്ദ്രമാതൃകയിൽപെട്ട മിക്ക ക്ഷേത്രങ്ങളും ഒററക്കല്ലിൽനിന്നും കടഞ്ഞെടുത്തിട്ടുള്ള ഗുഹാക്ഷേത്രങ്ങളാണെന്നുതന്നെ പറയാം. സാധാരണമായി ഈ ക്ഷേത്രങ്ങൾ പാറകളുടെമുൻവശത്തുനിന്നും ഉള്ളിലേക്കു കടയപ്പെട്ടിട്ടുള്ളവയായിട്ടാണു കാണുന്നതു്. അപൂർവ്വം ചില ക്ഷേത്രങ്ങളൊഴിച്ചാൽ എല്ലാംതന്നെ പശ്ചിമഭാഗത്തേക്കു് ദർശനമായിട്ടുമാണു കാണുന്നതു്. മഹേന്ദ്രവാടി, ആർക്കോണംതാലൂക്കിലുള്ള വിഷ്ണുക്ഷേത്രമൊഴിച്ചു് മററുള്ള എല്ലാം മഹേന്ദ്രമാതൃകകളും ശിവക്ഷേത്രങ്ങളുമാണു്. രണ്ടടി സമചതുരവും ഏകാദശം ഏഴടി ഉയരവും വരുന്ന ഒരു പ്രത്യേകതരത്തിലുള്ള സ്തംഭങ്ങളും, ഉയർന്ന സോപാനങ്ങളും മഹേന്ദ്രമാതൃകയുടെ പ്രത്യേകതയെ കുറിക്കുന്നു. 'അമരാവതിസ്തംഭത്തിലെ കൊത്തുപണികളോടു സാദൃശ്യമുള്ള പണിത്തരങ്ങൾ ഇവയിൽ ചിലതിലെല്ലാം കാണുന്നുമുണ്ടു്. ശത്രുമല്ലേശ്വരം എന്നറിയപ്പെടുന്ന ദളവാനൂർ ശിവക്ഷേത്രം, സുപ്രസിദ്ധമായ തൃശ്ശിനാപ്പള്ളി ശിലാമുഖത്തുകാണാവുന്ന ലളിതാങ്കുരപല്ലവേശ്വരം, വിഴുപ്പുരത്തിനടുത്തുള്ള മണ്ഡകപ്പട്ടു ധത്തിൽ കാണപ്പെടുന്ന ഈ രൂപങ്ങൾ മഹാബലിപുരത്തു മാത്രമെ ഇപ്പോൾ കാണാനുള്ളു.

മഹാബലിപുരത്തെപ്പററിയുള്ള ഒരു ചെറിയ അനുസ്മരണ കൂടാതെ ഈ ലേഖനം അവസാനിപ്പിക്കുന്നപക്ഷം അതു് പല്ലവശില്പകലാവൈശിഷ്ട്യത്തോടുതന്നെ ചെയ്യുന്ന ഒരു മഹാപരാധമായിരിക്കും. സപ്തഗോപുരനഗരമെന്നുകൂടിപേരുള്ള ഈ സ്ഥലത്തിന്റെ യഥാർത്ഥനാമം മാമല്ലപുരമെന്നാണെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. 'എപ്പിഗ്രാഫി' ഗവേഷണങ്ങൾമൂലം അടുത്തകാലത്തു ഈസംഗതി സമർത്ഥിക്കുവാനിടയാകുന്നതുവരെ, മാമല്ലപുരത്തുള്ള ഒരു ചുവർശില്പത്തിൽകാണുന്ന മഹാബലിയുടേയും വാമനാവതാരത്തിന്റെയും രൂപങ്ങളുടെ പശ്ചാത്തലത്തിൽനിന്നും കെട്ടിപ്പടുക്കപ്പെട്ട ഒരു സങ്കല്പനാമമാണു മഹാബലിപുരമെന്നതു്. സുപ്രസിദ്ധ വെനീഷ്യൻ സഞ്ചാരി 'മാർക്കോ' പോലും ഈസ്ഥലപുരാണകഥകൾ മുഖേനയാണു് കലാലോകദൃഷ്ടിയ മാമല്ലപുരത്തേയ്ക്കാകർഷിച്ചിരുന്നതു്. മാമല്ല പുരത്തിന്റെ ചേരിനും പെരുമയ്ക്കും ഒരുപോലെ ഉത്തരവാദിത്വം വഹിക്കുന്ന മാമല്ലരാജന്റെ (നരസിംഹവർമ്മൻ ഒന്നാമൻ) കാലത്തുള്ള ശില്പകലാസാമർത്ഥ്യത്തിന്റെ നിദർശനമാണു് ഈ ഗ്രാമസങ്കേതം.

(ശേഷം പന്ത്രണ്ടാംപേജിൽ)

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.